# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 1 | ജൂൺ 1–30 | പേജ് 8


## മേൽപ്പട്ടക്കാരന് ഉണ്ടായിരിക്കേണ്ട അഞ്ചു യോഗ്യതകൾ

**ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ**

മേൽപ്പട്ടക്കാർക്ക് ഉണ്ടായിരിക്കേണ്ട അഞ്ച് യോഗ്യതകളെപ്പറ്റി വളരെ ചുരുക്കമായി പറയുവാനാണ് ഞാൻ കർത്താവിൽ പ്രത്യാശിക്കുന്നത്. ഈ എല്ലാ യോഗ്യതകളും എനിക്കില്ല എന്ന് നല്ലവണ്ണം അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഒരു മേൽപ്പട്ടക്കാരന് അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട അഞ്ച് യോഗ്യതകൾ ഇവയാണ്: ഉപദേശം; ഭരണം; ബലി; പ്രാർത്ഥന; പ്രതീകം.

**ഉപദേശം:** ഒരു മേൽപ്പട്ടക്കാരൻ തന്റെ ജനങ്ങളെ ഉപദേശിക്കുവാൻ പ്രാപ്തനായിരിക്കണം. ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്. ദൈവവചനത്തെ വിശ്വാസികളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുകയാണ് അദ്ദേഹത്തിന്റെ പ്രധാന ചുമതല. അതായത് ജനങ്ങളെ അദ്ദേഹം വി. വേദപുസ്തകം പഠിപ്പിച്ചു കൊടുക്കണം. അതിനായി ഒരു മേൽപ്പട്ടക്കാരൻ വേദപുസ്തകം പ്രാർത്ഥനയിൽ, വായിച്ച് ധ്യാനിച്ച് ജനങ്ങൾക്ക് വ്യാഖ്യാനിച്ചു കൊടുക്കണം. സഭാപിതാക്കന്മാർ എല്ലാവരുംതന്നെ വി. വേദപുസ്തകം വായിച്ച് ധ്യാനിക്കുമായിരുന്നു. എനിക്കറിയാവുന്ന മേൽപട്ടക്കാരായ സഭാപിതാക്കന്മാർ എല്ലാവരും തന്നെ വേദപുസ്തകം നല്ലവണ്ണം അരച്ചുകലക്കി കുടിച്ചിട്ടുള്ളവരായിരുന്നു. അവർ വേദപുസ്തകം വായിച്ച് ധ്യാനിച്ച് ആത്മീയ പോഷണം പ്രാപിക്കുകയും ജനങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നവരായിരുന്നു.

**ഭരണം:** ഇടയൻ തന്റെ ആടുകൾക്കുവേണ്ടി നടത്തുന്ന ഭരണത്തിന്റെ ഉദ്ദേശ്യം, ഐക്യത്തിലും, രമ്യതയിലും അവർ വസിക്കണം എന്നുള്ളതാണ്. എവിടെ എങ്കിലും അഭിപ്രായ വ്യത്യാസമോ ഭിന്നിപ്പോ ഉണ്ടായാൽ അതൊക്കെ പരിഹരിച്ച് സഭയിൽ സമാധാനവും യോജിപ്പും ഉണ്ടാകുവാനായി മേൽപ്പട്ടക്കാരൻ ശ്രമിക്കണം. സമൂഹത്തിലും കുടുംബത്തിലും കലഹങ്ങൾ മാറി, നിലനിൽക്കാനായി അദ്ദേഹം യത്നിക്കണം. ആരോടും സ്പർദ്ധയില്ലാതെ താഴ്മയോടുകൂടി ജനങ്ങളെ സേവിക്കണം. രാജാക്കന്മാരെപ്പോലെ അധികാരം ചെലുത്തുകയല്ല, സ്നേഹത്തിൽ തന്റെ ജനങ്ങളുടെ ക്ഷേമത്തിനായി പ്രയത്നിക്കുകയാണ് ഭരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

**ബലി:** സഭയുടെ പ്രധാന ചുമതലയാണ് ബലിയർപ്പിക്കുന്നത്. ഭദ്രാസനത്തിൽ എല്ലാ സ്ഥലങ്ങളിലും ബലി-വി. കുർബ്ബാന -നടക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടത് മേൽപട്ടക്കാരന്റെ കടമയാണ്. അതിന് ആവശ്യമായ പട്ടക്കാരെ അദ്ദേഹം ഏർപ്പെടുത്തുകയും, അനുയോജ്യമായ സ്ഥലങ്ങൾ ക്രമീകരിക്കുകയും ചെയ്യണം. വി. കുർബ്ബാന മാത്രമല്ല ബലി. ബലിയുടെ ഉദ്ദേശ്യം മനുഷ്യരെ ദൈവവുമായി രമ്യതപ്പെടുത്തുകയാണ്. വി. കുർബ്ബാന-ക്രിസ്തീയ ബലി, കർത്താവിന്റെ തിരുശരീരരക്തങ്ങൾ വഴി അനുഷ്ഠിക്കുന്ന അനുരഞ്ജന ശുശ്രൂഷയാണ്. ലോകത്തിന്റെ കാവലും രക്ഷയുമാണ് വി. ബലി. ആ വിശുദ്ധ ബലിയുടെ ക്രമമായ അർപ്പണത്തിന് മേൽനോട്ടം വഹിക്കുക ഒരു എപ്പിസ്കോപ്പായുടെ കർത്തവ്യമാണ്.

**പ്രാർത്ഥന:** ഒരു മേൽപ്പട്ടക്കാരൻ എപ്പോഴും തന്റെ ആടുകൾക്കുവേണ്ടി പ്രാർത്ഥിക്കണം. പഴയനിയമ കാലത്തെ മഹാപുരോഹിതനായിരുന്നു അഹറോൻ. അദ്ദേഹം ദൈവമുമ്പാകെ നിൽക്കുമ്പോൾ തന്റെ മാർവ്വിടത്തിൽ ഒരു പതക്കം അണിയുമായിരുന്നു. പന്ത്രണ്ട് വിലയേറിയ കല്ലുകൾ പതിച്ചതായിരുന്നു ആ പതക്കം. ഓരോ കല്ലിലും ഇസ്രായേലിലെ ഗോത്രങ്ങളുടെ പേരുകൾ കൊത്തിയിരുന്നു. അതായത് 12

*(ശേഷം 8-ാം പേജിൽ)*

## മാർ മക്കാറിയോസ് തുറന്ന യുദ്ധത്തിന്

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: കാതോലിക്കാ സ്ഥാനത്തേയ്ക്ക് സ്വയം സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച മാർ മക്കാറിയോസ് മത്സരരംഗത്ത് ഉറച്ചു നിൽക്കുന്നു. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നാമനിർദ്ദേശം ചെയ്യാത്തപക്ഷം അസോസിയേഷനിൽ നേരിട്ടു മത്സരിക്കുമെന്ന ഭീഷണിയുമായിയാണ് മാർ മക്കാറിയോസ് അനുകൂലികൾ രംഗത്തെത്തിയിരിക്കുന്നത്.

മുൻപതിവനുസരിച്ച് എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയെ അസോസിയേഷൻ അംഗീകരിക്കുകയാണ്. എന്നാൽ എപ്പിസ്കോപ്പൽ സുന്നഹദോസിൽ, തന്നെ അനുകൂലിക്കാൻ ആരുമില്ലെന്ന തിരിച്ചറിവാണ് നേരിട്ടു മത്സരരംഗത്തിറങ്ങാൻ മാർ മക്കാറിയോസിനെ പ്രേരിപ്പിച്ചതെന്നു പറയപ്പെടുന്നു. സ്വതസിദ്ധമായ വാഗ്‌വിലാസവും ഡോളർ അധിഷ്ഠിത പ്രചരണ തന്ത്രവും കൊണ്ട് അസോസിയേഷനിൽ വിജയിക്കാമെന്നാണ് മാർ മക്കാറിയോസിന്റെ ക്യാംമ്പൈൻ മാനേജർമാരുടെ കണക്കുകൂട്ടൽ.

ഇതിനുള്ള ശ്രമങ്ങൾ ഏതാനും മാസങ്ങൾക്കു മുമ്പേ ആരംഭിച്ചതായി അറിയുന്നു. അസോസിയേഷൻ അംഗങ്ങൾക്ക് സൗജന്യമായി മാർ മക്കാറിയോസിന്റെ ജീവചരിത്രം അയച്ചു കൊടുത്തുകൊണ്ടായിരുന്നു തുടക്കം. സഭാവക പ്രസിദ്ധീകരണങ്ങളിൽ മുഴുപേജ് ബഹുവർണ്ണ പരസ്യങ്ങളും അഡ്വറ്റോറിയലുകളും നൽകി രണ്ടാംഘട്ട പ്രചരണവും ആരംഭിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിനായി പുതിയ ജീവചരിത്രവും ഭരണനേട്ടങ്ങളും തയ്യാറായതായും അറിയുന്നു.

ഇതിനിടെ ഭദ്രാസനതലത്തിൽ അസോസിയേഷൻ അംഗങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി വോട്ട് ഉറപ്പാക്കാനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. ആദ്യയോഗം തുമ്പമണ്ണിൽ ചേർന്നു. സ്വസഹോദരനായ ഫാ. കെ. സി. മാത്യുവാണ് യോഗം വിളിച്ചുകൂട്ടിയത്. രണ്ടു മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ വൈദികരാരും പങ്കെടുത്തില്ല. അൽമായരുടെ എണ്ണവും പരിമിതമായിരുന്നു. മറ്റു ഭദ്രാസനങ്ങളിലും യോഗം ചേരാനുള്ള *ഏർപ്പാടുകൾ* ചെയ്തിട്ടുള്ളതായി അറിയുന്നു. എന്നാൽ തണുത്ത പ്രതികരണമാണ് തെക്കൻ ഭദ്രാസനങ്ങളിൽ നിന്നും ലഭിച്ചതെന്നും അറിയുന്നു. നിരണത്ത് യോഗം ചേരാൻ തന്നെ സാദ്ധ്യതയില്ലെന്നും റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ചെങ്ങന്നൂർ ഭദ്രാസനത്തിൽ ഇത്തരമൊരു യോഗം ചേരാനുള്ള ശ്രമം ഇടവക മെത്രാപ്പോലീത്തായും സുന്നഹദോസ് സെക്രട്ടറിയുമായ മാർ അത്താനാസ്യോസ് കർശനമായി തടഞ്ഞതിനെ തുടർന്ന് നടത്താനായില്ല. മറ്റ് പല ഭദ്രാസന മെത്രാപ്പോലീത്തന്മാരും ഇത്തരം യോഗങ്ങൾക്കെതിരെ കർശന നിലപാടെടുക്കുന്നത് മാർ മക്കാറിയോസ് ഗ്രൂപ്പിനെ വിഷമസന്ധിയിലാക്കിയിരിക്കുകയാണ്.

ജൂൺ അവസാനവാരത്തിൽ മാർ മക്കാറിയോസ് നാട്ടിലെത്തുമെന്നും അതോടെ പ്രചരണരംഗം സജീവമാകുമെന്നും മാർ മക്കാറിയോസിനോടടുത്ത കേന്ദ്രങ്ങൾ പറഞ്ഞു.

ഇതിനിടെ മാർ മക്കാറിയോസ് പ. സുന്നഹദോസിന്റെ മേൽ സമ്മർദ്ദതന്ത്രം പ്രയോഗിക്കുകയാണെന്നും റിപ്പോർട്ടു ചെയ്യപ്പെടുന്നു. മുൻപതിവില്ലാത്ത ഒരു തുറന്ന മത്സരം നടക്കുമെന്നു ഭീഷണിപ്പെടുത്തി പ. സുന്നഹദോസിനെക്കൊണ്ട് തന്നെ നാമനിർദ്ദേശം ചെയ്യിക്കാനുള്ള തന്ത്രമാണ് തിരഞ്ഞെടുപ്പു ഭീഷണിയെന്ന് ഒരു സുന്നഹദോസംഗം പറഞ്ഞു.

പക്ഷേ സുന്നഹദോസ് ഈ തന്ത്രത്തിൽ വീഴില്ലെന്നും അദ്ദേഹം വെളിപ്പെടുത്തി.

## നിയുക്ത കാതോലിക്കായ്ക്ക് പ്രായം 60 നടുത്താവണം: മാർ യൗസേബിയോസ്

പത്തനംതിട്ട: അടുത്ത നിയുക്ത കാതോലിക്കാ 60 വയസ്സിനടുത്ത് പ്രായമുള്ള ആളാവുന്നതാകും അഭികാമ്യമെന്ന് തുമ്പമൺ ഭദ്രാസനാധിപൻ പീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ. തന്റെ എഴുപത്തഞ്ചാം ജന്മദിനത്തോടനുബന്ധിച്ച് മലങ്കരസഭാ മാസികയ്ക്കു നൽകിയ അഭിമുഖത്തിലാണ് സ്വന്തം അഭിപ്രായം അദ്ദേഹം അറിയിച്ചത്. ഇതോടെ 65 വയസിൽ താഴെയുള്ള നിയുക്ത കാതോലിക്കായെ തെരഞ്ഞെടുക്കണമെന്ന അൽമായവേദിയുടെ ആവശ്യത്തിന് എപ്പിസ്കോപ്പൽ സുന്നഹദോസിലും പിന്തുണയുണ്ടെന്ന് വ്യക്തമായി.

സഭയുടെ വളർച്ചയ്ക്ക്, വിവാദങ്ങൾക്ക് അതീതരും വാർദ്ധക്യത്തിലെത്താത്തവരും മഹാപുരോഹിത സ്ഥാനത്തു വരണമെന്ന അൽമായവേദിയുടെ ആവശ്യത്തിന് സമ്മിശ്ര പ്രതികരണമാണ് ലഭിച്ചത്. ഭൂരിപക്ഷവും ഈ അഭിപ്രായത്തെ ആവേശത്തോടെ സ്വീകരിച്ചപ്പോൾ ചിലർ ശക്തിയുക്തം എതിർക്കുകയാണ്.

ഭരണ പരിഷ്ക്കരണത്തെ എതിർക്കുന്നവരും സ്ഥാനമോഹികളുമാണ് എതിർക്കുന്നവരിൽ ഭൂരിപക്ഷവും. അഴിമതിക്കാരനോ കഴിവുകെട്ടവനോ അനാരോഗ്യവാനോ ആയ ഒരാൾ കാതോലിക്കാ സ്ഥാനത്തു വരണമെന്നാണ് ഇവരുടെ ആഗ്രഹം. ഇക്കൂട്ടർ പരസ്യമായി രംഗത്തിറങ്ങി ഒരു സ്ഥാനാർത്ഥിക്കായി പ്രവർത്തനമാരംഭിച്ചതായി സൂചനകളുണ്ട്.

## പൗലോസ് മാർ മിലിത്തിയോസ് പ. ബാവായുടെ അസിസ്റ്റന്റ്

പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അസിസ്റ്റന്റായി ഓർത്തഡോക്സ് സഭയുടെ ഒരു സീനിയർ മെത്രാപ്പോലീത്തായും കുന്നംകുളം ഭദ്രാസനാധിപനുമായ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ ചുമതലയേറ്റു. ദേവലോകം അരമനയിൽ കൂടിയ വർക്കിംഗ് കമ്മറ്റിയോഗത്തിനു ശേഷമാണ് തീരുമാനമുണ്ടായത്.

അർഹതയ്ക്ക് അംഗീകാരം ലഭിച്ചിരിക്കുന്നു. അഭിവന്ദ്യ മിലിത്തിയോസ് മെത്രാച്ചൻ യഥാർത്ഥ സഭാ സ്നേഹിയും പ്രാർത്ഥനാ മനുഷ്യനുമാണ്. പരീശത്വം തൊട്ടു തീണ്ടിയിട്ടില്ലാത്ത യഥാർത്ഥ ഭക്തനും ആത്മീയ നേതാവുമാണ്. വടക്കും തെക്കും എന്ന വ്യത്യാസമോ കക്ഷിഭേദമോ കൂടാതെ ഓർത്തഡോക്സ് സഭയെ ഒന്നായി കാണുന്ന ചുരുക്കം ചില ആത്മീയ പിതാക്കന്മാരിൽ അഗ്രഗണ്യൻ. നിയുക്ത കാതോലിക്കാ എന്ന പദവി ഇന്നില്ലാതിരിക്കെ അതിന് ഏറ്റവും യോഗ്യൻ. എൺപത് കഴിഞ്ഞവരെയും ആരോപണവിധേയരായവരെയും മാറ്റി നിർത്തിയാൽ ഈ വരുന്ന ആഗസ്റ്റിൽ 60 ന്റെ നിറവിൽ എത്തുന്ന മിലിത്തിയോസ് മെത്രാച്ചൻ മാത്രമാണ് അടുത്ത കാതോലിക്കാ എന്ന പദവിക്ക് അർഹൻ. ദൈവം ആഗ്രഹിച്ച് അനുഗ്രഹിച്ചാൽ കുറഞ്ഞത് ഇരുപതു വർഷക്കാലം ഓർത്തഡോക്സ് സഭയുടെ തേരാളിയായി സഭയെ നയിക്കുവാൻ പ്രാപ്തൻ. മെത്രാപ്പോലീത്താ എന്ന പദവിയിൽ ഇരുപത്തിരണ്ടു വർഷക്കാലം ലഭിച്ചിരിക്കുന്ന അനുഭവസമ്പത്തും ആത്മീയ ശക്തിയും അദ്ദേഹത്തെ ഈ സ്ഥാനത്തിന് അർഹനാക്കുന്നു.

(തദ്ദേവൂസ്, ജൂൺ 2006)

## ടൊറാന്റോ പ്രശ്നം തീരുന്നു?

കോട്ടയം: ഏറെനാളായി സഭാകേന്ദ്രത്തെ അലട്ടിയിരുന്ന കാനഡയിലെ ടൊറാന്റോ സെന്റ് ഗ്രീഗോറിയോസ് പള്ളി പ്രശ്നം പ. കാതോലിക്കാ ബാവാ അടിയന്തിരമായി നേരിട്ട് ഇടപെട്ട് പരിഹരിക്കണമെന്ന് വർക്കിംഗ് കമ്മറ്റി ഐകകണ്ഠ്യേന അഭ്യർത്ഥിച്ചു. ഇതിനെ തുടർന്ന് പ. ബാവാ പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയുന്നു. പ. ബാവായുടെ ഇപ്പോൾ നടക്കുന്ന അമേരിക്കൻ പര്യടനവേളയിൽ പ്രശ്നം പരിഹൃതമാകുമെന്നാണ് പ്രതീക്ഷ.

കാനഡായിലെ ഏറ്റവും വലിയ ഇടവകയും സ്വന്തമായി ദേവാലയമുള്ള ഏക ഇടവകയുമായ ടൊറാന്റോ പള്ളിയിൽ പ്രശ്നം ആരംഭിച്ചിട്ട് ഏതാനും വർഷങ്ങളായി. ഇടവക മെത്രാപ്പോലീത്താ മാർ മക്കാറിയോസ് സ്വകുടുംബത്തിൽപ്പെട്ട ഫാ. പിലിപ്പോസ് ഫിലിപ്പിനെ വികാരിയായി നിയമിച്ചതിനെ തുടർന്നാണ് ടൊറാന്റോയിൽ പ്രശ്നം ആരംഭിച്ചത്. തുടർന്ന് അവിടെ വൈദികരില്ലാത്ത അവസ്ഥ സംജാതമാവുകയും മറ്റു വൈദികർ അവിടെ പ്രവേശിക്കുന്നതു മാർ മക്കാറിയോസ് തടയുകയും ചെയ്തു.

ഈ ദുരവസ്ഥയിലാണ് മുൻ പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട ഔസേഫ് പാത്തിക്കൽ കോർഎപ്പിസ്കോപ്പാ വി. കുർബ്ബാന അർപ്പിക്കാൻ താല്ക്കാലികമായി തയാറായത്. ഫാ. പീലിപ്പോസ് ഫിലിപ്പിനു പകരം മറ്റൊരു വൈദികനെ നിയമിച്ചു പ്രശ്നം പരിഹരിക്കാൻ മാർ മക്കാറിയോസ് തയാറാകാതിരുന്നതു മൂലം ഇടവക സ്തംഭനത്തിലെത്തുകയും പാത്തിക്കൽ കോർ എപ്പിസ്കോപ്പാ തുടരുകയും ചെയ്തു. ഇതിനിടയിൽ ഇടവകയിൽ വിഭാഗീയ ചിന്താഗതി വളരുകയും ഒരു വിഭാഗം സ്വതന്ത്ര ഇടവക സ്ഥാപിക്കുകയും മറ്റൊരു വിഭാഗം പാത്രിയർക്കീസ് ഭാഗത്തു ചേരുകയും ചെയ്തു. ധാരാളം സിവിൽ കേസുകളും ഇതിനിടയിൽ ഉണ്ടായി.

ഭദ്രാസന മെത്രാപ്പോലീത്തായുടെ ദുർവാശിയും കേന്ദ്ര നേതൃത്വത്തിന്റെ അനങ്ങാപ്പാറ നയവും മൂലം ഇടവക മൊത്തമായി പാത്രിയർക്കീസു വിഭാഗത്തിലാവും എന്ന സ്ഥിതി സംജാതമായതായി പറയപ്പെടുന്നു. ഇതേ തുടർന്നാണ് വർക്കിംഗ് കമ്മറ്റി പ. ബാവയുടെ അടിയന്തിരമായ ഇടപെടൽ ആവശ്യപ്പെട്ടത്.

ഇതിനിടയിൽ ടൊറാന്റോ പള്ളി വികാരിയായി സ്വസഹോദരനായ റമ്പാൻ ലാസറസ് കോർഎപ്പിസ്കോപ്പായെ മാർ മക്കാറിയോസ് നിയമിച്ചിട്ടുണ്ടെങ്കിലും ഇടവകക്കാർ അദ്ദേഹത്തിനു പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. രണ്ടു മാസത്തിലേറെയായി വി. കുർബാനയും മുടങ്ങിയിരിക്കുകയാണ്.

ബഥനി ആശ്രമത്തിലെ മുൻ അംഗം സഹോദരൻ ഫാ. ലാസറസിന് സമ്പന്നമായ ടൊറാന്റോ ഇടവക നൽകുവാനാണ് മാർ മക്കാറിയോസ് ഈ നാടകം കളിച്ചതെന്ന് ശക്തമായ ആരോപണം നിലവിലുണ്ട്. ബഥനിയിൽ നിന്നും കാനഡയിലെത്തിയ ഫാ. ലാസറസിന് ഒരേ ദിവസം തന്നെയാണ് മാർ മക്കാറിയോസ്, റമ്പാൻ സ്ഥാനവും കോർ എപ്പിസ്കോപ്പാ സ്ഥാനവും നൽകിയത്.

കർമ്മം മുടങ്ങിയാലും റമ്പാൻ ലാസറസ് കോർഎപ്പിസ്കോപ്പയെ പ്രവേശിപ്പിക്കില്ലന്നും സഭാകേന്ദ്രം നിയമിക്കുന്ന മറ്റേതൊരു പട്ടക്കാരനും സ്വീകാര്യനാണെന്നുമുള്ള നിലപാടിലാണ് ടൊറാന്റോ പള്ളിക്കാർ.

### ജൂലൈ 10 മുതൽ 19 വരെയുള്ള ദിനങ്ങൾ മലങ്കരസഭയ്ക്ക് നിർണ്ണായകം

ജൂലൈ 10 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ മലങ്കരസഭയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ പല കേസുകളും പല കോടതികളിലും വിചാരണക്കായി അവധിക്ക് വച്ചിട്ടുണ്ട്. ഈ കേസുകളിൽ നീതിയുടെ ഭാഗത്തു നിൽക്കുന്ന സഭയുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുവാൻ ഉപവാസത്തോടു കൂടി പ്രാർത്ഥനാനിരതരായിരിക്കുവാൻ സഭാംഗങ്ങളെ പ്രത്യേകിച്ച് അൽമായക്കാരെ അൽമായവേദി ആഹ്വാനം ചെയ്യുന്നു. മറ്റ് അസൗകര്യങ്ങളുള്ളവർ ചുരുങ്ങിയത് സന്ധ്യാനമസ്കാരത്തിലും പ്രഭാത നമസ്കാരത്തിലുമെങ്കിലും സഭയ്ക്കായി പ്രത്യേക പ്രാർത്ഥന നടത്തുവാൻ അൽമായവേദി സഭാമക്കളെ പ്രബോധിപ്പിക്കുന്നു.

## അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി തിരഞ്ഞെടുപ്പ് വിജ്ഞാപനം

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ 2006-08 കാലഘട്ടത്തിലേയ്ക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള പൊതുയോഗം 2006 ജൂലൈ 2-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് രജിസ്റ്റേർഡ് ഓഫീസിൽ ചേരുന്നതാണ്.

**അജണ്ട**

1. 2006 – 08 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്.

2. പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം.

**(a) തിരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനങ്ങൾ**

1. പ്രസിഡന്റ് (2) രണ്ട് വൈസ് പ്രസിഡന്റുമാർ 3. ജനറൽ സെക്രട്ടറി 4. മൂന്ന് സെക്രട്ടറിമാർ 5. ട്രഷറർ.

**(b) വോട്ടർ പട്ടിക:** തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും വോട്ടു ചെയ്യുന്നതിനും അർഹരായ അംഗങ്ങളുടെ വോട്ടർ പട്ടിക തിരഞ്ഞെടുപ്പു കമ്മീഷണറുടെ ഓഫീസിൽ 2006 ജൂൺ 19 നു പ്രസിദ്ധീകരിക്കുന്നതാണ്. വോട്ടർ പട്ടികയെപ്പറ്റിയുള്ള പരാതികൾ 20-6-2006 നു മുമ്പ് തിരഞ്ഞെടുപ്പ് കമ്മീഷണർ വഴി ട്രിബ്യൂണലിനു സമർപ്പിക്കാവുന്നതും ആയതിന് 23-6-2006 നു മുമ്പായി ട്രിബ്യൂണൽ വിധി കൽപ്പിക്കുന്നതും ആയത് അന്തിമവുമായിരിക്കും.

**(c) നോമിനേഷൻ പേപ്പർ** തിരഞ്ഞെടുപ്പ് കമ്മീഷണറുടെ ഓഫീസിൽ നിന്നും 20-6-2006 രാവിലെ 10 മണി മുതൽ 25-6-2006 ഉച്ചയ്ക്ക് ഒരു മണി വരെ ലഭിക്കുന്നതാണ്. പൂരിപ്പിച്ച നോമിനേഷനുകൾ 25-6-2006 വൈകിട്ട് അഞ്ചു മണി വരെ ടി. ഓഫീസിൽ സ്വീകരിക്കുന്നതും 27-6-2006 വരെ സ്ഥാനാർത്ഥികൾക്ക് രേഖാമൂലം നോമിനേഷൻ പിൻവലിക്കാവുന്നതുമാണ്. സാധുവായ നോമിനേഷനുകൾ 28-6-2006 ഉച്ചയ്ക്ക് 1 മണിയ്ക്ക് തിരഞ്ഞെടുപ്പ് കമ്മീഷണർ പ്രസിദ്ധീകരിക്കുന്നതാണ്.

(d) വോട്ടെടുപ്പ് ആവശ്യമെങ്കിൽ 2006 ജൂലൈ രണ്ടാം തീയതിയിലെ പൊതുയോഗത്തിൽ നടത്തുന്നതാണ്. ഫലം അന്നു തന്നെ പ്രസിദ്ധീകരിക്കുന്നതും സ്ഥാനാരോഹണം ഉടൻ നടത്തുന്നതാണ്.

(e) തിരഞ്ഞെടുപ്പ് നടപടി സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷണറുടെ തീരുമാനം അന്തിമമായിരിക്കും. എന്ന്,

**എം. കുര്യൻ തോമസ്**
(തിരഞ്ഞെടുപ്പ് കമ്മീഷണർ)

To,

എല്ലാ അൽമായവേദി മെമ്പർമാർക്കും

പ്രിയ സുഹൃത്തേ,

അൽമായവേദിയുടെ ജൂൺ 11-ാം തീയതി നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1. സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയായതിനാൽ, സംഘടനയുടെ ബൈലോ അനുസരിച്ച് 2006-2008 കാലഘട്ടത്തിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടയാവശ്യമുള്ളതിനാൽ ആ തിരഞ്ഞെടുപ്പ് **ജൂലൈ 2 ഞായറാഴ്ച 4. 00 മണിക്ക്** രജിസ്റ്റേർഡ് ഓഫീസിൽ വച്ച് നടത്തുന്നതാണ്.

2. തിരഞ്ഞെടുപ്പ് കമ്മീഷണറായി ശ്രീ. എം. കുര്യൻ തോമസിനെ ചുമതലപ്പെടുത്തി. തിരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ അറിയിക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ വിജ്ഞാപനം ഇതോടൊപ്പം ചേർക്കുന്നു.

3. തിരഞ്ഞെടുപ്പ് സംബന്ധമായി ഏതെങ്കിലും വിധത്തിലുള്ള തർക്കങ്ങളോ പരാതികളോ ഉണ്ടായാൽ അവ പരിഗണിക്കുവാനും തീർപ്പ് കല്പിക്കുവാനും ശ്രീ. എം. എം. സഖറിയ, പ്രൊഫ. എം. വി. വർക്കി, ശ്രീ. ജേക്കബ് കുര്യൻ മൈലാങ്കൽ എന്നിവരടങ്ങുന്ന ട്രിബ്യൂണലിനെ ചുമതലപ്പെടുത്തി.

4. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ടുമാർ, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ട്രഷറർ എന്നിവരെ നേരിട്ട് തിരഞ്ഞെടുക്കുകയും അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങളെ കോ-ഓപ്റ്റ് ചെയ്യുവാനും തീരുമാനിച്ചു.

5. തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ അന്നു തന്നെ ചുമതലയേൽക്കേണ്ടതാണ്.

തിരഞ്ഞെടുപ്പ് യോഗത്തിനുള്ള ജനറൽബോഡിയുടെ അറിയിപ്പായും ഈ അറിയിപ്പ് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അൽമായവേദിക്ക് വേണ്ടി

**തോമസ് ചാണ്ടി** (സെക്രട്ടറി)

കോട്ടയം
12-6-2006

# ഈ വിലാപം ആർക്കുവേണ്ടി

**കെ. വി. ഏബ്രഹാം** (പ്രസിഡണ്ട്, അത്മായവേദി)

ജൂൺ ലക്കം 'സഭാപത്രിക'യിൽ ശ്രീ. വി. പി. ജോർജ്ജ് വാഴപ്പിള്ളിയുടെ *സംഘടനാ പ്രവർത്തനം ഏതറ്റം വരെ* എന്ന കത്തു വായിച്ചു. കാര്യങ്ങൾ യഥോചിതം മനസ്സിലാക്കാതെ കുഞ്ഞവറായെയും കുമ്പളങ്ങയേയും താരതമ്യപ്പെടുത്തി കത്ത് പൂർത്തീകരിച്ചു.

1995 നു ശേഷം മാനേജിങ്ങ് കമ്മറ്റി കൂലംകഷമായി ചിന്തിച്ച് എടുത്ത എത്ര തീരുമാനങ്ങൾ അപ്പടി നടന്നിട്ടുണ്ട്. ഒറ്റ ഉദാ: മെത്രാന്മാരുടെ സ്ഥലമാറ്റവും റിട്ടയർമെന്റും. മാനേജിംഗ്കമ്മറ്റിയുടെ കൂട്ടായ ചിന്താരാഹിത്യം മൂലം ഇന്ന് സഭ വളരെ യാതന അനുഭവിക്കുന്നു. താങ്കളും ഒരു അത്മായനാണല്ലോ. അത്മായനില്ലെങ്കിൽ സഭയും ഇല്ല.

95 ലെ വിധി നടപ്പാക്കാതെയും, മണർകാടു മാർച്ച് പോലത്തെ നിന്ദിത പ്രോഗ്രാം ചെയ്തും, വടക്കൻ മേഖലയിലെ പ്രശ്നങ്ങളുടെ നേരെ കണ്ണടച്ചും. സഭയെ ഏതാനും പേരുടെ സ്വകാര്യ സമ്പാദ്യമാക്കി വിശ്വാസികളെ മറ്റു നവീന സഭാവിഭാഗങ്ങൾക്ക് വീതിക്കാനും പ. കാതോലിക്കാ സിംഹാസനം പലർക്കും പങ്കു വയ്ക്കാനും ഇടയായതിൽ മനംനൊന്ത് രൂപംകൊണ്ട സംഘടനയാണ് അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി. ഇത് ചുമ്മാതങ്ങ് പൊട്ടിമുളച്ചതല്ല, സാധാരണക്കാരായ വിശ്വാസികളുടെ കൂലംകഷമായ ചിന്തയുടെ ഫലമാണ്. ഇത് സൊസൈറ്റീസ് ആക്ട് പ്രകാരം കോട്ടയം കേന്ദ്രമായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. ഇതിന് സ്വന്തമായ ഒരു മുഖപ്പത്രമുണ്ട്. ആയതിന്റെ പേര് 'അൽമായവേദി' എന്നുമാണ്.

ഞങ്ങളിലാരും സഭാസ്ഥാനികളോ, സ്ഥാനമാനം ആഗ്രഹിക്കുന്നവരോ, സഭാ സ്ഥാപനങ്ങളിലെയോ ഉന്നതന്മാരുടെ സ്ഥാപനങ്ങളിലെയോ ജീവനക്കാരോ, പ്രത്യേക രാഷ്ട്രീയ പാർട്ടിക്കാരോ അല്ല. മിക്കവാറും എല്ലാവരും മേച്ചേരിയും അല്ല, കീച്ചേരിയുമല്ല, ഇടച്ചേരിക്കാരാണ്. സഭയും, രാഷ്ട്രീയവും, സംഘടനയും കളിച്ച് പണം ഉണ്ടാക്കാനും അറിയില്ല. തെറ്റിനെതിരെ പ്രതികരിക്കാൻ ആരുടെ അംഗീകാരവും ആവശ്യമില്ല. തെറ്റു ചൂണ്ടിക്കാട്ടിയാൽ തിരുത്താനും ക്ഷമാപണം നടത്തി നേർവഴിക്കാകാനും അഭിമാനം നോക്കാറില്ല.

ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ (അല്ല, മൂന്നു ബാവാമാരുടെയും സംയുക്ത പെരുന്നാൾ) ദിനം കിട്ടിയ സൗജന്യ പ്രസിദ്ധീകരണത്തിലെ നിഷിദ്ധമായിട്ടുള്ള പരാമർശം എന്തെന്ന് വ്യക്തമാക്കാതെ *മെത്രാന്മാരെ ഇടതുപക്ഷക്കാരും തീവ്രവാദികളും ആയി ചിത്രീകരിച്ച അൽമായവേദിയുടെ പത്ര പ്രസ്താവന* എന്നു പറയുന്നത് 'രാമായണം മുഴുവൻ വായിച്ചിട്ട് സീത ആരെന്ന്' ചോദിക്കുന്നതു പോലെ മാത്രം.

സാർ, മെത്രാന്മാരെ തീവ്രവാദികളാക്കി മനോരമയുടെ പ്രധാന പേജിൽ വാർത്താ പ്രാധാന്യം നല്കിയത് താങ്കൾ സൂചിപ്പിച്ച മാനേജിംഗ് കമ്മിറ്റിയിലേയും വർക്കിംഗ് കമ്മിറ്റിയിലേയും പ്രമുഖർ അൽമായവേദിക്കെതിരെ രൂപപ്പെടുത്തിയ രാഷ്ട്രീയ സംഘടനയാണ്: ഓ. സി. എ. ഈ യോഗത്തിൽ പങ്കെടുത്തവർ ഒരു പത്രസ്ഥാപനത്തിലെ ജീവനക്കാരും ഒരു പ്രത്യേക രാഷ്ട്രീയ വിഭാഗത്തിലെ പ്രവർത്തകരുമാണ്.

താങ്കളുടെ കത്ത് പ്രസിദ്ധീകരിച്ച ഡോ. കാരയ്ക്കൽ സാറിനും അൽമായവേദിയെയും പ്രവർത്തകരെയും അറിയാം. പ. ദിദിമോസ് ബാവായുടെ സ്ഥാനാരോഹണത്തിന് എതിരു നിന്നതും വർക്കിംഗ് കമ്മിറ്റിയിലെയും മാനേജിംഗ് കമ്മറ്റിയിലെയും പ്രമുഖരാണ്. അവരുടെ ബിനാമികളാണ് കേസ്സ് ഫയൽ ചെയ്തത്. സഭയ്ക്കും, മെത്രാന്മാർക്കുമെതിരെ അൽമായവേദിയുടെ പേരിൽ വ്യാജപ്രസ്താവന ഇറക്കുന്നത് മണർകാട് പള്ളി ഇടവകക്കാരൻ കോട്ടയം ഭദ്രാസന ആസ്ഥാനവാസിയായ ഒരാളും, മെത്രാൻ സ്ഥാനാർത്ഥിയായി മത്സരിച്ചു തോറ്റ ഒരു വൈദികനുമാണ്. അല്ലാതെ അൽമായവേദിക്കാരല്ല. ഇളംകുളം പള്ളി പ്രശ്നത്തിലും സഭയ്ക്കും മെത്രാനും എതിരു നില്ക്കുന്നതും ഉന്നതാധികാര സമിതിയിലെ പ്രബലന്മാരുടെ ഉറ്റവർ തന്നെ. ഇളംകുളം പള്ളിക്കാർക്ക് പിന്തുണയുള്ള ഏക പ്രസ്ഥാനം ഏതെന്ന് ശ്രീ. ജോർജ്ജ് ഒന്നന്വേഷിക്കുക.

തൃക്കുന്നത്ത് സെമിനാരിയിലെ പ്രശ്നത്തി ന് ബാവായ്ക്ക് പിന്തുണയുമായി പലതവണ അവിടെയെത്തിയത് അൽമായവേദി പ്രവർത്തകർ മാത്രമാണ്.

അവിടെയെത്തിയ മെത്രാന്മാരുടെയും, മാനേജിംഗ് കമ്മറ്റിക്കാരുടെയും, വർക്കിംഗ് കമ്മറ്റിക്കാരുടെയും വിവരം മാനേജർ ബോബിവർഗ്ഗീസ് അച്ചനുമായി ഒന്ന് സംസാരിക്കൂ. താങ്കളേപ്പോലുള്ള ഒരു സഭാസ്നേഹി സഭാനേതൃത്വത്തിലെ ഉപജാപകസംഘത്തിന്റെ വക്താവായതിൽ ദുഃഖിക്കുന്നു.

## യാക്കോബായ വിഭാഗം ജൂലൈ 10 ന് മെത്രാന്മാരെ വാഴിക്കുന്നു

**അൽമായവേദി ന്യൂസ് സർവ്വീസ്**

കൊച്ചി: വിഘടിത പുത്തൻകുരിശു സൊസൈറ്റിയുടെ പുതിയ മെത്രാന്മാരെ ജൂലൈ പത്തിന് വടക്കൻപറവൂർ പള്ളിയിൽ വെച്ച് വാഴിക്കും. നേരത്തെ നവംബർ മാസത്തിൽ വാഴ്ച നടത്താനാണ് തീരുമാനിച്ചിരുന്നത്.

തോമസ് പ്രഥമൻ കാതോലിക്കാ, മെത്രാന്മാരെ വാഴിക്കരുതെന്ന പാത്രിയർക്കീസിന്റെ നിർദേശത്തെ തുടർന്നാണ് പല പ്രഖ്യാപനങ്ങൾക്കു ശേഷവും വാഴിക്കൽ നടക്കാഞ്ഞത്. ഇപ്പോൾ പാത്രിയർക്കീസിനും *തൃപ്തികരമായ* വ്യവസ്ഥകൾ പൂർത്തിയാക്കിക്കഴിഞ്ഞതായും രണ്ടു സ്ഥാനാർത്ഥികൾ *വ്യവസ്ഥകൾ* നടപ്പാക്കിയെന്നും പിന്നാമ്പുറം വാർത്തകളുണ്ട്.

ജൂലൈ 12 ന് സുപ്രീംകോടതിയിലെ കേസ് ആരംഭിക്കുന്നതിനാലാണ് തിരക്കിട്ടു വാഴ്ച നടത്തുന്നതെന്നു പറയപ്പെടുന്നു. ഇതിനിടയിൽ *അടിസ്ഥാന യോഗ്യതകൾ* പൂർത്തിയാക്കാൻ സാധിക്കാത്തവരും വിസമ്മതിച്ചവരുമായ ഏതാനും പേർ മുമ്പു പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും പുറത്താകുമെന്നും പകരം ടി. *അടിസ്ഥാന യോഗ്യതകൾക്ക്* സമ്മതമുള്ള മറ്റു ചിലർ കടന്നു കൂടുമെന്നും അറിയുന്നു.

## ഉറവിടം അന്വേഷിക്കണം

കോട്ടയം: ആലുവാ തൃക്കുന്നത്തു സെമിനാരി വസ്തുക്കൾ കൈപ്പറ്റിക്കൊണ്ട് പ. ദിദിമോസ് ബാവായും മാനേജർ ഫാ. ബോബി വർഗീസും ഒപ്പിട്ടു നൽകിയ രസീതിന്റെ പകർപ്പ് പുത്തൻകുരിശു സൊസൈറ്റിയുടെ വെബ്സൈറ്റിൽ വരാനിടയായ സംഭവം അന്വേഷിക്കണമെന്ന് അൽമായവേദി ആവശ്യപ്പെട്ടു.

ആലുവാ സെമിനാരിയുമായും അങ്കമാലി ഭദ്രാസനവുമായും ബന്ധപ്പെട്ട രേഖകൾ ചോരുന്നതായും കേസുകളിൽ ഒത്തുകളി നടക്കുന്നതായും നേരത്തെ തന്നെ ആരോപണം ഉണ്ടായിരുന്നു. ഈ രസീത് ചോർച്ചക്ക് പിന്നിൽ അതേ വ്യക്തികൾ തന്നെയാണോ എന്ന് അന്വേഷിക്കണമെന്നും അൽമായവേദി ആവശ്യപ്പെട്ടു.

## ഹിമ പർവ്വതത്തിന്റെ മേലറ്റം മാത്രമോ?

**അൽമായവേദി ന്യൂസ് സർവ്വീസ്**

തുമ്പമൺ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വൈദികസദനത്തിന്റെ ഉടമയായ ഫാ. പി. സി. ഗീവർഗീസിനെതിരായി പ. ബാവാ തിരുമേനി പുറപ്പെടുവിച്ച കല്പന സഭയിലെ ജനങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. മേല്പറഞ്ഞ വൈദികന്റെ സഭാവിരുദ്ധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടിയും ഉചിത നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ഒരു നിവേദനം പ. എപ്പിസ്കോപ്പൽ സുന്നഹദോസിന് നല്കുകയുണ്ടായി. പ. ബാവാ തിരുമനസ്സിന്റെ കല്പന പ്രസ്തുത നിവേദനത്തിന്റെ മേൽനടപടിയായിരിക്കും എന്ന് അൽമായവേദി വിശ്വസിക്കുന്നു.

മേല്പറഞ്ഞ പി. സി. ഗീവർഗ്ഗീസ് കത്തനാരുമായി സഭയിലെ അംഗങ്ങളാരും സഹകരിച്ച് പ്രവർത്തിക്കരുത് എന്ന പ. ബാവാ തിരുമനസ്സിലെ കല്പനയ്ക്കു ശേഷവും കോട്ടയം ഭദ്രാസനത്തിലെ ചില വൈദികർ പ്രസ്തുത വൈദിക സദനത്തിന്റെ ഭാരവാഹികളായി തുടരുന്നുണ്ട്. പ്രമാണിമാരായ പല വൈദികരും അൽമായനേതാക്കളും വൈദിക സദനം സ്ഥിരമായി സന്ദർശിക്കുകയും അവിടുത്തെ ഉദാരമായ *ആതിഥ്യം* സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു.

ഇത്തരക്കാരുടെ മേലും നടപടികൾ ഉണ്ടാകുമെന്ന് വിശ്വാസികൾ പ്രത്യാശിക്കുന്നു.


**അൽമായവേദി**

അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദിയുടെ മുഖപത്രം

**വാർഷിക വരിസംഖ്യ:**
100 രൂപ

**വിലാസം:**
ALMAYA VEDI, Post Box No. 652,
Kottayam - 686 001



## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി

**കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 0481 –2432507**
**സാബു വടകര (വൈസ് പ്രസിഡന്റ്) മൊബൈൽ: 94474 56969**
**ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡന്റ്) മൊബൈൽ: 93876 10283**
**തോമസ് ചാണ്ടി (സെക്രട്ടറി) ഫോൺ: 0481 – 2517406, 3957546, 9847563188**
**തോമസ് കോച്ചേരി (ട്രഷറർ) ഫോൺ: 0481 – 2462553**
**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ (എഡിറ്റർ, അൽമായ വേദി)**
**ഫോൺ: 0481 – 2463138**
**ജയിംസ് പാമ്പാടി (ഓർഗസൈനിംഗ് സെക്രട്ടറി) ഫോൺ: 9447706865**
**ബാബൂ വെട്ടുവേലിൽ (ഓർഗസൈനിംഗ് സെക്രട്ടറി) ഫോൺ: 0481 2457776**

**അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായ വേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:**

**AKHILA MALANKARA ORTHODOX ALMAYA VEDI**
**(Reg. No. K - 713/2005)**
**Post Box No. 652, Kottayam 686 001**
**E-mail: almayavedi@yahoo.co.in**
**Web: www.malankaranazrani.info/Almaya Vedi/almaya.htm**

**To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to: http://in.groups.yahoo.com/group/MORM/**

# അഭി. മക്കാറിയോസ്സ് തിരുമേനിയുടെ ഭരണം കൊണ്ട് സഭയും അമേരിക്കൻ ഭദ്രാസനവും എന്തു നേടി?

അഭി. മക്കാറിയോസ് തിരുമേനി അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തായായി ഭരിച്ച 1975 മുതൽ രാജി സമർപ്പിച്ച 1991 വരെയുള്ള 16 വർഷക്കാലം ഈ ഭദ്രാസനത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചുവെന്ന് സഭാമക്കൾ അറിഞ്ഞിരിക്കേണ്ടതാണ്. തിരുമേനിയുടെ ഭരണകാലത്ത് തല്പരകക്ഷികൾക്ക് വേണ്ടി നിലവിലുള്ള പള്ളികൾ വെട്ടിമുറിച്ച് ഒരേ സ്ഥലത്തു തന്നെ രണ്ടും മൂന്നും ഇടവകകൾ അനുവദിച്ച് ഇടവകകളുടെ ക്ഷണം സ്വീകരിച്ച് സൗകര്യാർത്ഥം എഴുന്നള്ളി, പഞ്ചനക്ഷത്ര ഹോട്ടലുകളിൽ താമസിച്ച് തല്പരകക്ഷികൾക്ക് കേൾക്കാൻ ഇഷ്ടമുള്ളത് പറഞ്ഞു രസിപ്പിച്ച്, സ്ഥാനമാനങ്ങളും കൈമുത്തും സ്വീകരിച്ച് മടങ്ങുകയായിരുന്നു പതിവ്. ചുവന്ന കുപ്പായവും, ഇടയന്റെ വടിയും തന്നനുഗ്രഹിച്ച മലങ്കര സഭയോടൊ, ഭരിച്ച ഭദ്രാസനത്തോടോ, സ്നേഹിച്ച് ബഹുമാനിച്ച ജനങ്ങളോടോ നീതി പുലർത്തിയെന്ന് മക്കാറിയോസ്സ് തീരുമേനിക്ക് ദൈവമുമ്പാകെ അവകാശപ്പെടാൻ സാധിക്കുമോ?

സ്വന്ത നിരുത്തരവാദിത്വത്തെ മറയ്ക്കാനായി മറ്റുള്ളവരുടെ മേൽ ഓരോന്നും പഴിചാരി മക്കാറിയോസ്സ് തിരുമേനി രക്ഷപെടുകയായിരുന്നു. തിരുമേനി ജോലി ചെയ്യാതെ (കോളജിൽ പഠിപ്പിക്കാതെ) യിരുന്നാൽ തിരുമേനിയെ പോറ്റാൻ ഭദ്രാസനത്തിന് കഴിവുണ്ടോ? ഭദ്രാസന സെന്റർ എങ്ങനെ വാങ്ങിയ്ക്കും? സെന്റർ വാങ്ങിച്ചാൽ അവിടെ ജോലിക്കാർ, സെക്യൂരിറ്റി ആൾക്കാർ, കാറ്, ആഹാരം ഉണ്ടാക്കുന്നതിനുള്ള ആൾ തുടങ്ങിയവയൊക്കെ വേണം. കൂടാതെ ഭദ്രാസന ആസ്ഥാനം ശരിയായി കഴിഞ്ഞാൽ നാട്ടിൽ നിന്നും സന്ദർശനാർത്ഥം എത്തുന്ന തിരുമേനിമാരുടെയും, അച്ചന്മാരുടെയും എണ്ണം വർദ്ധിക്കും. അവരെയെല്ലാം താമസ്സിപ്പിക്കണം. ഇതൊക്കെ താങ്ങാനുള്ള സാമ്പത്തികശേഷി ഭദ്രാസനത്തിലെ പാവപ്പെട്ട സഭാമക്കൾക്കുണ്ടോ? ആരു കേട്ടാലും രണ്ടാമതൊന്നു ചിന്തിക്കാതെ, സത്യമെന്ന് തോന്നുകയില്ലേ! സ്വന്തം ആളുകളുടെ ബുദ്ധിമുട്ടും പ്രയാസവും മനസ്സിലാക്കുന്ന കാരുണ്യവാനായ ഇടയനെന്ന് ചിന്തിക്കാത്തവർ കാണുമോ? നമ്മുടെ സഭയിലെ എല്ലാ ഭദ്രാസനാധിപന്മാരും കിട്ടിയ താലന്തുകൾ ഇതുപോലെ കുഴിച്ചിട്ടിരുന്നുവെങ്കിൽ ഭദ്രാസനങ്ങളുടേയും സഭയുടെയും ഭാവി എന്താകുമായിരുന്നു?

അഭി. ബർന്നബാസ് തിരുമേനി അമേരിക്കയിൽ എത്തി രണ്ടു വർഷത്തിനകം ഭദ്രാസനത്തിലെ ഒട്ടുമുക്കാലും പള്ളികൾ സന്ദർശിച്ച് ഈ ഭദ്രാസനത്തിലെ ഭിന്നതകളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കുവാൻ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ആത്മാർത്ഥമായി പരിശ്രമിച്ച് ആത്മീയതയും, ഓജസ്സും, തേജസ്സും ഉള്ള ഒരു ഭദ്രാസനത്തിന്റെ ആരംഭം കുറിച്ച് കൊണ്ട് മൂന്നര ലക്ഷം ഡോളർ (ഒരു കോടിയിൽപരം രൂപാ) മുടക്കി ഒരു ഭദ്രാസന കേന്ദ്രം സ്ഥാപിക്കുവാൻ സാധിച്ചു. ഇതേ കാലയളവിൽ തന്നെ പരിശുദ്ധ ബാവാ തിരുമേനിയുടെ ഹൃദയ ശസ്ത്രക്രിയയ്ക്ക് അറുപതിനായിരം ഡോളർ ശേഖരിക്കുവാനും സാധിച്ചു. നിയുക്ത കാതോലിക്കാ അഭി. തിമോത്തിയോസ് തിരുമേനി മറ്റു മെത്രാപ്പോലീത്താന്മാരായ അത്താനാസിയോസ് തിരുമേനി, എപ്പിപ്പാനിയോസ് തിരുമേനി, ഐറേനിയോസ് തിരുമേനി, ക്ലിമ്മീസ് തിരുമേനി തുടങ്ങിയ തിരുമേനിമാരും ബഹു. പല വൈദികരും അമേരിക്കൻ ഭദ്രാസനം സന്ദർശിച്ചു. കാനഡ, യു. കെ. യൂറോപ്പ് ഭദ്രാസന മെത്രാപ്പോലീത്താ അഭി. മക്കാറിയോസ് തിരുമേനിയുടെ അമേരിക്കൻ ഭദ്രാസനത്തിലെ അനധികൃതമായ ഇടപെടൽ നിലനില്ക്കെ തന്നെ ഭദ്രാസനത്തിന്റെ അഭിവൃദ്ധിയുടെ തുടക്കം കുറിക്കുവാൻ ബർന്നബാസ് തിരുമേനിക്ക് എങ്ങനെ സാധിച്ചു? ഓരോ വർഷവും രണ്ടും മൂന്നും ലക്ഷം ഡോളറിന്റെ വരവ് ചിലവുകൾ അടങ്ങിയ വാർഷിക കണക്ക് കാണിക്കാൻ എങ്ങനെ സാധിച്ചു? ഇതിനെല്ലാം ഉപരിയായി ഭദ്രാസനത്തിലെ സഭാമക്കൾക്കെന്നല്ല, ജാതിമതഭേദമെന്യേ ആളുകൾക്ക് എന്താവശ്യം വന്നാലും അഭി. ബർന്നബാസ് തിരുമേനിയുടെ പ്രാർത്ഥനയും സഹായവും എപ്പോഴും ലഭ്യമാണ്.

അഭി. മക്കാറിയോസ്സ് തിരുമേനിയുടെ 16 വർഷത്തെ ഭരണകാലത്ത് ഈ ഭദ്രാസനത്തിന് വരുമാനമൊന്നും ഉണ്ടായിരുന്നില്ലേ? വ്യക്തമായ കണക്കുകൾ എപ്പോഴെങ്കിലും അവതരിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ തന്നെ ഇരുപതിനായിരം ഡോളറിൽ താഴെയുള്ള നാമമാത്രമായുള്ള കണക്കുകൾ പേരിനുമാത്രം ജനങ്ങളെ ബോധിപ്പിച്ചു മുമ്പോട്ടു പോവുക ആയിരുന്നില്ലേ? മലങ്കരസഭയുടെ മെത്രാൻപട്ടം സ്വീകരിച്ച അഭി. മക്കാറിയോസ് തിരുമേനി മലങ്കരസഭാ മക്കൾ ആരും തന്നെ താമസമില്ലാത്ത “ബഫല്ലോ” എന്ന സ്ഥലത്ത് സ്ഥിര താമസമാക്കണമെന്ന് നിർബന്ധം പിടിക്കുന്നതിന്റെ കാരണം എന്താണ്? അമേരിക്ക സന്ദർശിക്കുന്ന മേൽപട്ടക്കാരോ, ബഹു: വൈദീകരോ, ആരെങ്കിലും തിരുമേനിയുടെ “ബഫല്ലോ” അരമനയിൽ താമസിച്ചിട്ടുണ്ടോ? 1993 ജനുവരി 1 ന് (രാജി സമർപ്പിച്ചതിനുശേഷം) സെന്റ് ഗ്രീഗോറിയോസ് ക്യൂൻസ് പള്ളിയിൽ ദിവ്യബലി അർപ്പിച്ചതിനുശേഷം അംശവസ്ത്രങ്ങൾ ധരിച്ചു കൊണ്ട് വി. മദ്ബഹായിൽ നിന്നുകൊണ്ട് അഭി. മക്കാറിയോസ് തിരുമേനി ചെയ്ത പ്രസ്താവന ഇപ്രകാരമായിരുന്നു. “പുതുവർഷത്തിന്റെ രാത്രിയിൽ ഞാൻ ഒരു തീരുമാനമെടുത്തു. ന്യൂയോർക്കിൽ യൂത്തിനുവേണ്ടി ഒരു സെന്ററും ഭദ്രാസന സെന്ററും ശരിയാക്കി ബഫല്ലോയിൽ നിന്ന് ന്യൂയോർക്കിലേക്ക് താമസം മാറ്റുകയാണ്. അതിനുവേണ്ട നടപടികൾ ഉടനെ തന്നെ എടുക്കും. അതിനായി ഒരു സ്ഥലം നോക്കുവാൻ ഇപ്പോൾ തന്നെ പോവുകയാണ്.” പ്രസ്താവനയ്ക്കു ശേഷം വർഷങ്ങൾ പലതു കഴിഞ്ഞു. എന്നാൽ ഇതുവരെ ഒന്നും നടന്നിട്ടില്ല എന്നതാണ് വാസ്തവം. വർഷങ്ങളായി ഇത്തരം പല പ്രസ്താവനകളും കേട്ടിട്ടുള്ള സഭാമക്കൾക്ക് അതിൽ വലിയ അതിശയം തോന്നിയിട്ടില്ല. പലപ്പോഴും ഈ വകയിലേക്ക് തുക പിരിച്ചിട്ടുണ്ട്. പാര 18, 19 അനുബന്ധമായി ചേർത്തിട്ടുള്ള പ്രസ്താവനകളിൽ അഭി. മക്കാറിയോസ് തിരുമേനി തന്നെ പിരിവിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. 1996 ജൂൺ, ജൂലൈ മാസത്തിൽ സ്ഥലത്തിന്റെ കോൺട്രാക്ട് ശരിയാക്കി എന്നു പറഞ്ഞ് പിരിവു നടത്തിയിട്ടുണ്ട്. സംഭാവനകൾ എവിടെപ്പോകുന്നുവെന്നന്വേഷിക്കുവാൻ കൊടുക്കുന്നവർക്ക് ഉത്തരവാദിത്വമില്ലേ?

പരി. സഭയുടെ ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ, സഭാമക്കൾ കഷ്ടപ്പെട്ടുണ്ടാക്കി നൽകിയ കൈമുത്തും, സംഭാവനകളും കൊണ്ടു വാങ്ങിക്കൂട്ടിയ കെട്ടിടങ്ങൾ ആർക്കുവേണ്ടിയാണ്. മക്കാറിയോസ് തിരുമേനിയുടെ കാലശേഷം ഈ വസ്തുവകകളുടെ അവകാശം ആർക്കു ചെന്നു ചേരുമെന്നുള്ളതിന്, പ. ബാവാ തിരുമേനിയ്ക്കോ, പരി. സിന്നഡിനോ, സഭാമക്കൾക്കോ എന്തെങ്കിലും നി ശ്ചയമുണ്ടോ? മലങ്കര സഭയിലും ഭദ്രാസനത്തിലും ഉത്തരവാദപ്പെട്ടവർ ആരും തന്നെ ഇല്ലാ എന്നുള്ള ചിന്തയിലാണോ വാങ്ങിയ കെട്ടിടത്തിന്റെ ആധാരം സഭയുടെ പുറത്തു നിന്നുമുള്ള മദ്ധ്യവയസ്ക്കയായ ഒരു സ്ത്രീ ഉടമ്പടി ആധാരത്തിൽ ഒപ്പു വച്ചിരിക്കുന്നത്?

**(എൽമോണ്ട് സെന്റ് ഗ്രീഗോറിയോസ് പള്ളി ഇടവകാംഗങ്ങളായ 22 കുടുംബങ്ങൾ ചേർന്നു തയാറാക്കിയ ‘അമേരിക്കൻ ഭദ്രാസന പ്രശ്നങ്ങൾ ഒരു സമഗ്ര വിശകലനം’ എന്ന ഗ്രന്ഥത്തിൽ നിന്നും. പേജ് 179 – 180).**

## സമാജം ഫുഡ്സ് - അനുകരണീയമായ മാതൃക

താഴത്തങ്ങാടി മാർ ബസ്സേലിയോസ്, മാർ ഗ്രീഗോറിയോസ് ഇടവകയുടെ മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ ചുരുട്ട്, അവിലോസു പൊടി, ബോളി മുതലായ ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മർത്തമറിയം സമാജാംഗങ്ങൾക്ക് ക്രിയാത്മകമായി പ്രവർത്തിക്കുവാനുള്ള ഒരു വേദിയായിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. മറ്റ് ഇടവകകൾക്ക് അനുകരിക്കാവുന്ന ഈ മാതൃകാ സംരംഭം വിഭാവനം ചെയ്ത എല്ലാവരും അഭിനന്ദനം അർഹിക്കുന്നു. ഈ സംരംഭ പ്രവർത്തനങ്ങൾക്ക് മാർ ബഹനാൻ സഹദാ ചാരിറ്റബിൾ സൊസൈറ്റി സഹായ സഹകരണങ്ങൾ നൽകുന്നുണ്ട്.

പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജൂൺ 10-ാം തീയതി ഇടവകയുടെ മാർ ദീവന്നാസ്യോസ് ഹാളിൽ വച്ച് പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് ബാവാ ഉദ്ഘാടനം ചെയ്തു. ഇത് സംബന്ധമായ അന്വേഷണങ്ങൾക്ക് ഇടവക വികാരിയേയോ ബഹനാൻ സഹദാ ചാരിറ്റബിൾ സൊസൈറ്റിയെയോ സമീപിക്കാവുന്നതാണ്.

# അച്ചനും കൊച്ചനും (ഭാഗം 6)

**മാത്തുക്കുട്ടിച്ചായൻ**

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും ‘കേഫ’യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: അച്ചോ, നമ്മുടെ ബാവാ ഇലക്ഷനുശേഷം സഭാപ്രശ്നത്തിന് കമ്മീ ഷനെ വയ്ക്കണമെന്ന്. വിധിയുടെ അന്തഃ സത്ത നിലനിർത്തണമെന്നു കല്ലാപ്പാറാ അച്ചനും പറയുന്നു. ദിദിമോസ് ബാവായും കാരയ്ക്കനും രണ്ടു വിധത്തിൽ പറയുന്നു എന്നും കേട്ടല്ലോ?

അച്ചൻ: കല്ലാപ്പാറ പണ്ടേ നുണ പറയും. പിന്നെ ഓർത്തഡോക്സുകാരായ സാധാരണക്കാർക്ക് പിടികിട്ടി അവരുടെ ചില പ്രമുഖരും നമ്മളും തമ്മിൽ ചില ചുറ്റിക്കളി ഉണ്ടെന്ന്. കാരയ്ക്കൽ സാർ സ്ഥാനത്തുള്ളതു മാത്രമാണ് കഴിഞ്ഞ കാലമത്രയും സ്ഥിരം സ്ഥാനികളായവരുടെ ഒരു ആശ്വാസവും. അടുത്ത അസ്സോസിയേഷൻ തന്ത്രപൂർവ്വം ഒരുക്കി മക്കാറിയോസ്സ് ബാവായെ ഉടൻ വാഴിക്കാൻ ശ്രമവും ഉണ്ട്. അതിനാ അമേരിക്കക്കാരൻ അച്ചനെക്കൊണ്ട് ദിദിമോസ് ബാവാക്കെതിരെ കേസ്സ് കൊടുപ്പിച്ചിരിക്കുന്നതും, സെമിനാരി പഠനം ഇല്ലാത്തവരെ കാതോലിക്കാ ആക്കരുത് എന്നും പറഞ്ഞ് കേസ്സ് കൊടുത്തിരിക്കുന്നതും.

കൊച്ചൻ: വിധിയുടെ അന്തഃസത്ത എന്നു പറഞ്ഞാൽ എന്താണ് അച്ചാ?

അച്ചൻ: പാത്രിയർക്കീസും, കാതോലിക്കായും, മെത്രാന്മാരും, വൈദീകരും, അയ്മേനികളും 1934 സഭാ ഭരണഘടനയോട് കൂറും വിധേയത്വവും ഉണ്ടെങ്കിലെ മലങ്കര സഭയിലേ അല്ലെങ്കിൽ യാക്കോബായ സഭയിലെ അംഗമാകുകയുള്ളു.

കൊച്ചൻ: എന്നാ പിന്നെ എന്തിനാ നമ്മൾ ഈ പൊല്ലാപ്പിനെല്ലാം പോയത്?

അച്ചൻ: 95 ൽ നമ്മൾ എല്ലാം സമ്മതിച്ചു. പക്ഷെ നമ്മുക്ക് ഇന്നു കാണുന്ന അലകും പിടിയും മേൽക്കൈയും ഒരുക്കി തന്നു. പ്രമുഖരായ മാധ്യമ, രാഷ്ട്രീയ, വ്യവസായ പ്രമുഖരായ പ്രമാണിമാരുടെ ഒരു സന്തോഷകരമായ സഹായമാ.

കൊച്ചൻ: ഈ പ്രമാണിമാർ എന്തു ചെയ്തു എന്നാ അച്ചൻ പറയുന്നത്?

അച്ചൻ: ഒരു കാലത്ത് നമ്മെ വർജ്ജിച്ച് തരംതാഴ്ത്തിയ മാധ്യമറാണിയെ നമ്മളും വർജ്ജിച്ച് പുറംതള്ളി. എന്നാൽ ഇന്നവർ നമ്മുടെ മാർഗ്ഗദർശിയായി നമ്മെ നടത്തുന്നു. പണ്ടേ നമ്മെ എന്നല്ല എല്ലാ വൈദേശിക അധിനിവേശത്തെയും എതിർത്ത മഹാത്മജിയുടെ പാർട്ടിയിലെ ഇന്നത്തെ നേതാക്കളും നമുക്ക് ഒപ്പമാ. “ചോറങ്ങും കൂറിങ്ങും” പങ്കുവയ്ക്കലും വീതിക്കലും, സംയുക്ത സമിതിയും, ഉപസമിതിയും, തൽസ്ഥിതിയും, ഭൂരിപക്ഷവും ഇവരുടെ ദാനമാണ്.

കൊച്ചൻ: ഈ അതിരുകവിഞ്ഞ സഹായം മൂലം നമ്മൾ ഓനാംകുഞ്ഞിനെ എറിഞ്ഞും, കുറിയാക്കോസിനെ തല്ലിയും, വറുഗീസിനെ വെട്ടിയും കൊന്നു. അങ്കമാലി മെത്രാന്റെ കാറു കത്തിച്ചു. അഡ്വക്കേറ്റ് ജനറലിന്റെ ഭാര്യയെ ഇറക്കിവിട്ടശേഷം ആ കാറും കത്തിച്ചു ശക്തി തെളിച്ചു. പക്ഷേ നമ്മുടെ ഗോൾ പോസ്റ്റിൽ ഏതു പാർട്ടിക്കാരുമാകട്ടെ ഓർത്തഡോക്സുകാർ ഗോളടിച്ചു.

അച്ചൻ: പറ്റിയ അമളി നമ്മളായിട്ട് പ്രചരിപ്പിക്കേണ്ട. മാത്യൂസ് ദ്വിതീയൻ ബാവായെ പ്രയാസപ്പെടുത്തിയപ്പോൾ അദ്ദേഹം കല്പിച്ചു, നീതി നടത്തി തന്നില്ലെങ്കിൽ മുപ്പത് എം. എൽ. എ. മാരെ എങ്കിലും ഓർത്തഡോക്സുകാർ തോല്പിക്കും എന്ന്. നമ്മളും, രാഷ്ട്രീയക്കാരും, പത്രക്കാരും അവരിലെ ചില മെത്രാന്മാരും റമ്പാന്മാരും അദ്ദേഹത്തെ കളിയാക്കി. നോക്കണേ അങ്ങേര് വാങ്ങിപ്പോയി മൂന്നു മാസം തികഞ്ഞില്ല. മുപ്പതല്ല നൂറിലും ആ കല്പന നിറവേറി.

കൊച്ചൻ: പള്ളി വീതിക്കണം, ആരാധനയ്ക്ക് തുറന്നു കൊടുക്കണം എന്നൊക്കെ പറയുന്നുണ്ട്. കഴിഞ്ഞ ആഴ്ച പൊതുയോഗത്തിന് കന്യമറിയത്തോട് മദ്ധ്യസ്ഥത വേണ്ടെന്നു പറഞ്ഞ് ഇറങ്ങിപ്പോയ 50 പേർക്ക് നമ്മുടെ പള്ളി വീതിക്കുമോ? അവരുടെ ശാപമോചന പ്രാർത്ഥന മദ്ബഹായിൽ വച്ച് നടത്താൻ അനുവദിക്കുമോ?

അച്ചൻ: എടാ നമ്മൾ എല്ലാം ഓർത്തഡോക്സ്കാരാ. യാക്കോബായ എന്നൊക്കെ പറയുന്നത് സ്ഥാനമാന മഹിമയിലിരിക്കാനാ. നമ്മെ ഇതിനു സഹായിക്കുന്നതും കോട്ടയത്തെ അച്ചായന്മാരുടെ കളിയാണെന്ന് പണ്ടേ നിന്നോട് പറഞ്ഞതല്ലേ. ഇതുകൊണ്ട് പാത്രിയർക്കീസു ബാവായ്ക്കും നഷ്ടമില്ല.

കൊച്ചൻ: ഇരുകൂട്ടരും സമൂഹത്തിൽ നാണം കെട്ടില്ലേ? അച്ചാ.

അച്ചൻ: ചിലരൊക്കെ മിടുക്കരായി. കാതോലിക്കാ മൂന്ന്, മെത്രാന്മാർ ചവറുപോലെ. എന്നെ പോലെ എന്തിനും പോരുന്ന വൈദീക വ്യൂഹം. “നസ്രാണിക്കെന്തിനാ നാണം.” നാണം പറഞ്ഞോണ്ടിരുന്നാൽ വക്കീലന്മാർക്ക് കേസ്സ് കിട്ടുമോ? പത്രക്കച്ചവടം നടക്കുമോ? മന്ത്രിമാരാകാൻ പറ്റുമോ? കൊലപാതകം, ശവം തടയൽ, കാറു കത്തിക്കൽ ബാവാ പെരുവഴിയിൽ ചെളിക്കുണ്ടിൽ ഉപവാസം, മരണവെപ്രാളം, വിൽപത്രം ചമക്കൽ, രാഷ്ട്രീയക്കാർക്ക് വോട്ടു പിടിക്കാനും തമ്മിൽ തല്ലിക്കാനും അവസരം, മന്ത്രിമാർക്ക് ഉപസമിതി ചർച്ചകൾ, കീജയ് വിളി, പത്രക്കാർക്ക് വരിക്കാർ കൂടുന്നു. പുതിയ പുതിയ സഭകൾ ഉണ്ടാകുന്നു. എല്ലാ മേഖലയിലും യേശുവിന്റെ നാമത്തിലുള്ള ഉണർവിന് നമ്മൾ പങ്കാളികളാകുന്നു.

കൊച്ചൻ: ഇതു കൊണ്ട് പാത്രിയർക്കീസ് ബാവായ്ക്ക് വല്ല ഗുണവുമുണ്ടോ?

അച്ചൻ: 16 ലക്ഷം അനുയായി ഉള്ള ദാവൂദ് ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ വന്നു പോയിട്ട് ആരും അറിഞ്ഞില്ല. ഗവൺമെന്റു പോലും. ഒന്നര ലക്ഷം അനുയായി ഉള്ള നമ്മുടെ ബാവാ മരുന്നു വാങ്ങാൻ കുമരകത്ത് വന്നത് സ്റ്റേയിറ്റ് ഗസ്റ്റായിട്ടാ. ഗംഭീര സ്വീകരണം, വാരിക്കോരി പണവും സമ്മാനവും. കൊണ്ടു വന്ന കമാണ്ടർ, ഷവലിയർ തുടങ്ങി എല്ലാ അവാർഡുകളും നല്ല വിലയ്ക്കു വിറ്റു കാശാക്കി. സഭയെ കശക്കി മറിച്ചു. സുപ്രീം കോടതി വിധിയെ പോലും തൃണവൽക്കരിച്ച് മന്ത്രിമാരും, പ്രമുഖരും സമ്മേളനം കൊഴിപ്പി ച്ച് അനുഗ്രഹം വാങ്ങി ഇന്ന് വിശ്രമിക്കുന്നത് നിനക്കറിയില്ലേ?

കൊച്ചൻ: ആകമാന സഭയിൽ നമ്മുക്കും കണ്ടമാനം മെത്രാന്മാരില്ലേ? അടുത്ത പാത്രിയർക്കീസ് നമ്മുടെ ഒരു തിരുമേനി മതി.

അച്ചൻ: പറ്റില്ല! വെളുത്തു ചുമന്നിരിക്കണം. അവിടെ ഉള്ളവർക്കുള്ള സ്ഥാനമാണത്. മലയാളത്തിലെ പച്ചില, പാണ്ടിക്ക് പറ്റില്ല എന്നതു പോലെ, സിംഹാസനം കണ്ട് മലയാളി മെത്രാന്മാർ പനിക്കേണ്ട.

കൊച്ചൻ: അതെന്താ അച്ചാ അങ്ങിനെ?

അച്ചൻ: നമ്മൾ പറയും, അന്ത്യോഖ്യാ സുറിയാനി, സിറിയാ എന്നൊക്കെ. പക്ഷേ നമ്മൾ ജന്മം കൊണ്ടും കർമ്മം കൊണ്ടും ഭാരത നസ്രാണിയാ. അഥവാ മാർത്തോമ്മാ ക്രിസ്ത്യാനി. നമ്മുടെ സിംഹാസനം തോമ്മയുടേതു തന്നെ. പക്ഷേ അതും നമ്മൾ അംഗീകരിക്കില്ല. കാരണം സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കും. നമ്മിലൊരുവൻ സിംഹാസനത്തിലിരിക്കാൻ നമ്മൾ സമ്മതിക്കില്ല. ഡോ. പി. സി. അലക്സാണ്ടർ ഇന്ത്യ ൻ പ്രസിഡണ്ടാകാൻ തയ്യാറായപ്പോൾ ഒന്നാമതായി എതിർപ്പ് പ്രകടിപ്പിച്ചത് തോമസ്സ് ഒന്നാമൻ ബാവായും കോൺഗ്രസിലെ മതിലേ കിളിർത്ത നസ്രാണി നേതാക്കളുമാണ്. നമുക്കും നമ്മുടെ വർഗ്ഗത്തിനും – കീഴ്സ്ഥാനി പട്ടമാണിഷ്ടം.

കൊച്ചൻ: നമ്മുടെ ബാവാ കീഴ്സ്ഥാനി ആയത് കോട്ടയം ഭരണം ഒഴിവാക്കാനായിരുന്നല്ലോ?

അച്ചൻ: അവരുടെ അടുത്ത കാതോലിക്കാ മക്കാറിയോസ്സ് ഒരിക്കൽ പറഞ്ഞു, കോട്ടയത്തു നിന്ന് ഒരു മെത്രാനോ, കല്പനയോ ഇനി മുതൽ അമേരിക്കയിലെ ഓർത്തഡോക്സ്കാർക്ക് വേണ്ട എന്ന്.

കൊച്ചൻ: കൊള്ളാമല്ലോ, മക്കാറിയോസ്സ് നമ്മുടെ ബാവായുടെ നിലവാരമുള്ള ആളാണല്ലോ?

അച്ചൻ: ചക്കിക്കൊത്ത ചങ്കരൻ! നമ്മുടെ ബാവാ കോലഞ്ചേരിയിൽ പയറ്റി. അദ്ദേഹം അമേരിക്കയിൽ പയറ്റി. പക്ഷേ സ്ഥാനം കിട്ടണമെങ്കിൽ പെരുമ്പള്ളി തിരുമേനിയുടെ കാലം കഴിച്ച പോലെ ദിദിമോസ്സ് ബാവായുടെ കാലവും കഴിക്കേണ്ടേ?

കൊച്ചൻ: മാത്യൂസ് പ്രഥമന്റേയും, ദ്വിതീയന്റെയും ഉപദേഷ്ടാക്കളും സ്ഥിരം സ്ഥാനികളും എല്ലാം മക്കാറിയോസ്സിന്റെ ഒപ്പമുള്ളതു കൊണ്ട് ദിദിമോസ്സ് ബാവാ പ്രശ്നമാവില്ല. ഏതെങ്കിലും തരത്തിൽ സ്ഥാനം കിട്ടാതായാലോ?

അച്ചൻ: നമ്മുടെ പൗലൂസ്സ് II ബാവായെ ദീവന്നാസിയോസ്സ് തിരുമേനി അനുസരിച്ചാദരിച്ച് വശം കെടുത്തിയതല്ലേ. അതുപോലെ ദിദിമോസ് ബാവായെ മക്കാറിയോസ്സും അനുസരിച്ചാദരിക്കും. അമേരിക്കൻ ഭദ്രാസനം നഷ്ടപ്പെട്ടപ്പോൾ, മാത്യൂസ്സ് II നേയും സുന്നഹദോസിനേയും വിറപ്പിച്ച് വേണ്ടി വന്നാൽ പാത്രിയർക്കീസ്സു ബാവായെ കാണാൻ വരെ തയാറായ ആളാ.

കൊച്ചൻ: നമ്മുടെ ബാവായേക്കാൾ കേമനാണല്ലോ?

അച്ചൻ: സ്ഥാനം കിട്ടിയില്ലെങ്കിൽ നമ്മുടെ കൂടെ കൂടി അവരെ ഒതുക്കി തരും എന്നു പ്രതീക്ഷിക്കാം. ഒരു അമേരിക്കൻ ഓർത്തഡോക്സ് സഭ ഉണ്ടായി എന്നും വരാം.

കൊച്ചൻ: എന്നാ പിന്നെ ഇനി കുറച്ചു കാലം നമ്മുടെ ബാവായ്ക്ക് സ്വസ്തമായിട്ടിരിക്കാമല്ലോ?

❑

മുഖലേഖനം

# നിയുക്ത കാതോലിക്കാ: ജനങ്ങളുടെ സങ്കല്പങ്ങൾ

മലങ്കര ഓർത്തഡോക്സ് സഭയുടെ അത്യുന്നത ഭരണാധികാരിയായ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയെ തിരഞ്ഞെടുക്കുവാൻ സെപ്റ്റംബർ 21–ാം തീയതി നടക്കാതിരിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം സഭയുടെ ഭാവിപ്രയാണത്തെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഒന്നായിരിക്കുമെന്നതിൽ സംശയമില്ല. സഭയുടെ ആത്മീയ – ഭൗതീക ഭരണത്തലവനും പല നിർണ്ണായക തീരുമാനങ്ങളുടെയും വിധാതാവും സഭാസംബന്ധമായ എല്ലാ അധികാരങ്ങളും കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥാനവും ആയതിനാൽ കാതോലിക്കോസ് – മലങ്കര മെത്രാപ്പോലീത്തയുടെ വ്യക്തിത്വം സഭയുടെ തന്നെ വ്യക്തിത്വമാണ്.

സാധാരണഗതിയിൽ ഈ തിരഞ്ഞെടുപ്പ് പ്രക്രിയ വളരെ ലളിതമായി നടക്കേണ്ടുന്ന ഒന്നാണ്. പ. എപ്പിസ്കോപ്പൽ സുന്നഹദോസിൽ ഒരു ഏകാഭിപ്രായം രൂപപ്പെടുകയും സഭയുടെ വിവിധ തലങ്ങളിൽ ആരോഗ്യകരമായ ആശയവിനിമയം നടക്കുകയും സർവ്വസമ്മതമായി ഒരു മെത്രാപ്പോലീത്താ ആ സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയുമാണ് ചെയ്യാറുള്ളത്. പ. ഔഗേൻ ബാവാ മുതൽ പ. ദിദിമോസ് ബാവാ വരെ നാലു സ്ഥാനികളെ തിരഞ്ഞെടുത്തപ്പോഴും ഇതായിരുന്നു സ്ഥിതി. ഏറ്റവും പ്രായം കൂടിയ മെത്രാപ്പോലീത്തായെ ഓട്ടോമാറ്റിക് ആയി ഒരു സ്ഥാനത്തേക്ക് ഉയർത്തുക എന്നതായിരുന്നില്ല ചെയ്തിരുന്നത്. മാത്യൂസ് പ്രഥമൻ ബാവായെ നിയുക്ത കാതോലിക്കായായി തിരഞ്ഞെടുക്കുമ്പോൾ അദ്ദേഹത്തേക്കാൾ പ്രായക്കൂടുതലുള്ള രണ്ടു പേരെങ്കിലും ആ സുന്നഹദോസിലുണ്ടായിരുന്നു. ദിദിമോസ് ബാവാ തിരഞ്ഞെടുക്കപ്പെടുമ്പോഴും അദ്ദേഹത്തേക്കാൾ പ്രായമുള്ള തെയോഫിലോസ് മെത്രാപ്പോലീത്താ ആയുരാരോഗ്യവാനായി ഉണ്ടായിരുന്നു. അതിനാൽ സീനിയോറിറ്റി മാത്രമായിരുന്നില്ല മാനദണ്ഡം.

എന്നാൽ ഇപ്രാവശ്യം സുന്നഹദോസിന് ഈ വിഷയത്തെപ്പറ്റി ചിന്തിക്കുവാനോ അഭിപ്രായം രൂപീകരിക്കുവാനോ സാധിക്കുന്നതിന് മുമ്പ് തന്നെ സ്വയം സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചുകൊണ്ട് അഭി. മക്കാറിയോസ് മെത്രാപ്പോലീത്താ രംഗത്തു വന്നത് സഭാംഗങ്ങളെ അക്ഷരാർത്ഥത്തിൽ തന്നെ ഞെട്ടിച്ചു. സംഘടിതമായ രീതിയിൽ പല സ്ഥലത്തും യോഗങ്ങൾ കൂടുകയും വോട്ടുപിടുത്തം നടത്തുകയും ചെയ്യുന്നത് തികച്ചും ജുഗുപ്സാവഹമാണ്. മാനേജിംഗ് കമ്മിറ്റിയംഗങ്ങളെ സ്വാധീനിച്ച്, ട്രിബ്യൂണലിലേക്ക് അനവധി ആരോപണങ്ങൾക്ക് വിധേയനായ ഒരു പുരോഹിതനെ തിരുകി കയറ്റിയതിലും എല്ലാം ഒരു പിടിച്ചടക്കൽ ശ്രമം വ്യക്തമാണ്.

അത്യുന്നത പൗരോഹിത്യ പദവികൾ ഇപ്രകാരം പിടിച്ചടക്കപ്പെടേണ്ടവയല്ല. പരിശുദ്ധാത്മ പ്രവർത്തനത്തിലൂടെ സ്വാഭാവികമായി ഉരുത്തിരിയേണ്ട ഒന്നാണ്. “ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥാനത്തു വരുന്നത്” സാത്താന്യ പ്രവർത്തനമാണ്. അത് തിരിച്ചറിഞ്ഞ് അതിനെതിരെ പ്രതികരിക്കേണ്ടത് സഭാമക്കളുടെ ധർമ്മമാണ്. തങ്ങളുടെ പ്രവർത്തിദോഷം മൂലം സ്ഥാനഭ്രഷ്ടരാക്കപ്പെട്ടവരും സമീപഭാവിയിൽ സ്ഥാനഭ്രഷ്ടരാക്കപ്പെടുമെന്ന് ഭയപ്പെടുന്നവരുമായ ഒരു വിഭാഗം ആളുകൾ മക്കാറിയോസ് തിരുമേനിയുടെ പതാകവാഹകരായി രംഗത്തെത്തിയിട്ടുണ്ട്. തങ്ങളുടെ സ്വാർത്ഥ ലക്ഷ്യങ്ങൾക്കായി സഭയെ ദുരുപയോഗപ്പെടുത്തി, സഭാഗാത്രത്തിൽ നിന്നും ഓജസ്സും തേജസ്സും ചോർത്തിയെടുത്ത് സ്വാർത്ഥലക്ഷ്യങ്ങൾ നേടിയ ഇക്കൂട്ടർക്ക് ഒരു തിരിച്ചു വരവിനുള്ള അവസരമുണ്ടാകുമെന്ന പ്രതീക്ഷയിലാണ് ഈ വണ്ടിയിൽ കയറിക്കൂടിയിരിക്കുന്നത്. ഈ സത്യം ജനങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ജനം ഈ സ്ഥാനത്തേക്ക് പ്രതീക്ഷിക്കുന്നത് ഉന്നത ആദ്ധ്യാത്മിക നിലവാരം പുലർത്തുന്ന ഒരു താപസ ശ്രേഷ്ഠനെയാണ്. യോഗ്യമായും നീതിപൂർവ്വവും ഭദ്രാസനത്തെ ഭരിച്ച് കഴിവു തെളിയിച്ച ഒരു ഭരണ കർത്താവിനെയാണ്. സുന്നഹദോസ് തീരുമാനങ്ങളെയും തന്റെ മേലധികാരിയായ കാതോലിക്കായുടെ കല്പനകളെയും ശിരസ്സാ വഹിച്ച് അച്ചടക്കം പാലിച്ചിട്ടുള്ള അജപാലകനെയാണ്. തന്റെ അജഗണത്തിലെ ഏവരെയും – വലിപ്പ ചെറുപ്പമെന്യേ – സ്നേഹിച്ചും ശാസിച്ചും ഉപദേശിച്ചും നേർവഴി നടത്തിയിട്ടുള്ള നേതാവിനെയാണ്. വിനയത്തിലും ലളിത ജീവിതത്തിലും കൂടി ഉത്തമമാതൃക കാണിച്ചിട്ടുള്ള ആദർശ പുരുഷനെയാണ്. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്ന സന്യാസവ്രതത്തെ അക്ഷരത്തിലും അർത്ഥത്തിലും പിന്തുടരുന്ന ദൈവമനുഷ്യനെയാണ്. പാശ്ചാത്യ ജീവിതത്തിന്റെ തിന്മകളിലേക്ക് പ്രയാണം ചെയ്യുന്ന തലമുറകളെ തന്റെ ജീവിതമെന്ന സാക്ഷ്യത്തിലൂടെ നേർവഴിയിലേക്ക് കൊണ്ടു വരുവാൻ സാധിക്കുന്ന മാതൃകാ വ്യക്തിത്വത്തെയാണ്. അനുസരിക്കാനറിയാത്തവർ ആജ്ഞാപിക്കുവാൻ അയോഗ്യരാണ് എന്ന തത്വമനുസരിച്ച് സിംഹാസനാരൂഢനാകുന്നയാൾ മുൻകാലങ്ങളിൽ അച്ചടക്കത്തോടെ പ്രവർത്തിച്ച പാരമ്പര്യമുള്ളയാളായിരിക്കണം.

ഇത്രയും യോഗ്യതകളെല്ലാമുള്ള ഒരു വ്യക്തിയെ ഇപ്പോൾ കണ്ടു കിട്ടുമോ എന്ന ചോദ്യം ഉദിക്കാം. ചുരുങ്ങിയപക്ഷം താഴെ പറയുന്ന നെഗറ്റീവ് ലിസ്റ്റിലുള്ള അയോഗ്യതകളില്ലാത്തയാളെങ്കിലുമാവണം എന്ന് ജനം ചിന്തിക്കുന്നതിൽ തെറ്റു പറയാനാവില്ല.

- ❑ മെത്രാപ്പോലീത്തന്മാർക്ക് യോഗ്യമായ വിധത്തിൽ മാന്യമായ താമസ സൗകര്യം ലഭ്യമായ സ്ഥലങ്ങളിൽ പോലും ബാർ അറ്റാച്ചഡ് നക്ഷത്ര ഹോട്ടലുകളിലേ താമസിക്കൂ എന്ന് ശഠിക്കുന്നവരാകരുത്.
- ❑ രാഷ്ട്രീയക്കാരെ നാണിപ്പിക്കുന്നവിധം കോർണർ യോഗങ്ങളും ഉപജാപങ്ങളും നടത്തി സ്ഥാനത്തിന്റെ പാവനത നശിപ്പിക്കുന്നവരാകരുത്.
- ❑ സുനഹദോസ് തീരുമാനങ്ങൾക്ക് പുല്ലുവില കൽപ്പിക്കയും അധികം മൂത്താൽ മറ്റൊരു പ്രാദേശിക സഭയുണ്ടാക്കിക്കളയും എന്ന് പരസ്യമായി വെല്ലുവിളി മുഴക്കിയവരുമാകരുത്.
- ❑ നോമ്പുകാലത്ത് പരസ്യമായി മത്സ്യ മാംസാദികൾ ഉപയോഗിച്ച് ജനത്തെ വഴി തെറ്റിക്കുന്നവരാകരുത്.

ഇത്തരം ചില അടിസ്ഥാന പോസിറ്റീവ്- നെഗറ്റീവ് ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ പ. സുന്നഹദോസ് മുതൽ പള്ളി പ്രതിപുരുഷന്മാർ വരെ ഒരു വസ്തുനിഷ്ഠമായ വിചിന്തനം നടത്തണം. ഹോളി സ്പിരിറ്റിനു പകരം ബോട്ടിൾഡ് സ്പിരിറ്റായിരിക്കരുത് തീരുമാനങ്ങളുടെ പ്രേരകശക്തി. ‘തങ്കക്കാശു കൊഴുക്കട്ട’ സത്യവിശ്വാസത്തിനു പകരമായി വാഗ്ദാനം ചെയ്യപ്പെട്ടപ്പോൾ ആ പ്രലോഭനത്തിന് വഴങ്ങാതിരുന്നവരുടെ പിൻതലമുറക്കാർ ഡോളർ നോട്ടുകളുടെ പ്രലോഭനത്തിന് വഴങ്ങിയെന്ന് ചരിത്രം രേഖപ്പെടുത്തുവാനിടയാകരുത്.

## അൽമായവേദിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പ്

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഇ മെയിൽ ഡിസ്ക്കഷൻ ഗ്രൂപ്പ് ആരംഭിച്ചു. മലങ്കര ഓർത്തഡോക്സ് നവോത്ഥാനപ്രസ്ഥാനം (**Malankara Orthodox Renaissance Movement**) എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ഈ ഗ്രൂപ്പിൽ മലങ്കര സഭാംഗങ്ങളായ ആർക്കും അംഗങ്ങളായി ചേരാം. തങ്ങളുടെ അഭിപ്രായങ്ങൾ തുറന്ന് എഴുതുവാനും സംശയങ്ങൾ പ്രകടിപ്പിക്കുവാനുമുള്ള അവസരമുണ്ട്.

അൽമായവേദിയുടെ ലക്ഷ്യങ്ങളെയും, ഈ പ്രസ്ഥാനം ഉയർത്തുന്ന ചോദ്യങ്ങളെയും പ്രശ്നങ്ങളെയും കൂടുതൽ ആളുകളുമായി പങ്കിടുവാനും മെത്രാപ്പോലീത്തന്മാർ, അച്ചന്മാർ തുടങ്ങി സമാനമനസ്ക്കരായ വ്യക്തികളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് ഈ പ്രസ്ഥാനത്തെ ചലനാത്മകവും പ്രസക്തവുമാക്കിത്തീർക്കുവാനാണ് ഈ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

**Group name: Malankara Orthodox Renaissance Movement**

**One may directly become a member of this group by going to http://in.groups.yahoo.com/group/MORM. Or one may write to us at MORM@yahoogroups.co.in or at almayavedi@yahoo.co.in.**

സെക്രട്ടറി എഴുതുന്നു

# സഭയിൽ സാമ്പത്തിക അച്ചടക്കമുണ്ടാകണം (ഭാഗം 3)

ഇതെഴുതുന്നത് സഭയുടെ 2006–2007 ലെ ബജറ്റ് മാനേജിംഗ് കമ്മറ്റി അംഗീകരിച്ചതിനു ശേഷമാണ്. പതിവു പോലെ ഈ വർഷവും കേവലം ഒരു അനുഷ്ഠാനമായി ഇത് പരിണമിച്ചു. ബജറ്റിനുള്ള അടിസ്ഥാനപരമായ ന്യൂനതകൾ ഇവയാണ്:

1. ബജറ്റിനെക്കുറിച്ചുള്ള അടിസ്ഥാന സങ്കല്പം തന്നെ ബജറ്റിന്റെ വരവ് ചിലവുകൾ അതിൽ വിഭാവനം ചെയ്തിരിക്കുന്ന തുകകൾക്കുള്ളിൽ നിന്നുമായിരിക്കണം എന്നതാണ്. ഉദാഹരണമായി ബജറ്റിൽ ഒരു പ്രത്യേക ചിലവിനത്തിന് പതിനായിരം രൂപാ വക കൊള്ളിച്ചിട്ടുണ്ടെങ്കിൽ ആ ഇനത്തിൽ പ്രസക്തമായ വർഷത്തിൽ പതിനായിരത്തിൽ കവിയാത്ത ഒരു തുക യായിരിക്കണം ചിലവാക്കേണ്ടത്. അടിയ ന്തിര സാഹചര്യത്തിൽ അതിലേറെ ചിലവാക്കേണ്ടതായി വന്നാൽ അതിന് തൃപ്തികരമായ വിശദീകരണം മാനേജിംഗ് കമ്മിറ്റിക്ക് സഭാ സെക്രട്ടറി നല്കുവാൻ ബാദ്ധ്യസ്ഥനാണ്. അപ്രകാരം യാതൊരു വിശദീകരണവും നല്കാതെ കഴിഞ്ഞ വർഷത്തെ ബജറ്റിൽ കൂടുതൽ ചിലവായിരിക്കുന്ന തുകകളുടെ ഒരു പടി മാത്രമാണ് നല്കിയിരിക്കുന്നത്. സാമ്പത്തിക അച്ചടക്കത്തിന്റെ പൂർണ്ണമായ അഭാവമാണ് ഇത് കാണിക്കുന്നത്. മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ആരും തന്നെ ഇതു ചോദ്യം ചെയ്യുന്നില്ല എന്നത് കമ്മറ്റിയംഗങ്ങൾ ബജറ്റ് സമ്മേളനത്തെ വെറുമൊരു ചടങ്ങായി മാത്രം വീക്ഷിക്കുന്നു എന്നതാണ് തെളിയിക്കുന്നത്.

2. സഭാ ബജറ്റിൽ താഴെ പറയുന്ന ഷെഡ്യൂളുകളാണുള്ളത്.

A ഷെഡ്യൂൾ – മാനേജിംഗ് കമ്മറ്റിയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ.

B ഷെഡ്യൂൾ – പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ.

C ഷെഡ്യൂൾ – സഭയുടെ വകയെങ്കിലും സ്വതന്ത്ര സൊസൈറ്റികളോ ട്രസ്റ്റുകളോ നടത്തുന്നവ.

D ഷെഡ്യൂൾ – ഭദ്രാസനങ്ങളുടെ വകയായിട്ടുള്ള സ്ഥാപനങ്ങൾ – കൽക്കട്ടാ ഭദ്രാസനം വകയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ.

എ ഷെഡ്യൂൾ സ്ഥാപനങ്ങൾ മാത്രമാണ് മാനേജിംഗ് കമ്മറ്റിയ്ക്ക് നിയന്ത്രണമുള്ളത് (കടലാസിലെങ്കിലും). മറ്റു ഷെഡ്യൂളിലുള്ള സ്ഥാപനങ്ങളുടെ ബജറ്റും കണക്കുകളും ‘അറിവിലേക്കു വേണ്ടി മാത്രം’ മാനേജിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കപ്പെടുന്നവയാണ്. ചില സമിതികളുടെ കഴിഞ്ഞ വർഷത്തെ യഥാർത്ഥ വരവ് – ചിലവ് സംഖ്യകൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ടവരിൽ നിന്നും കണക്കുകൾ ലഭിക്കാത്തതാണ് കാരണം എന്ന് മനസ്സിലാക്കുന്നു. ഈ കമ്പ്യൂട്ടർ യുഗത്തിൽ കണക്കുകൾ നല്കുവാൻ സാധിക്കാത്തത് ഒന്നുകിൽ കെടുകാര്യസ്ഥത കൊണ്ട്, അല്ലെങ്കിൽ കണക്കുകളിൽ മായം ചേർക്കുവാനുള്ള സമയം ലഭിക്കുവാൻ വേണ്ടിയെന്ന് മാത്രമേ അഭിമാനിക്കാനാവുകയുള്ളു – പ്രത്യേകിച്ച്, എന്തുകൊണ്ട് കഴിഞ്ഞ വർഷത്തെ കണക്കുകൾ സമർപ്പിക്കുവാൻ സാധിക്കയില്ല എന്നതിന് വിശദീകരണം നല്കാത്തതിനാൽ. ഇപ്രകാരമുള്ള സംഘടനകളിൽ പല തരത്തിലുള്ള ആരോപണങ്ങൾക്ക് വിധേയമായ എം. ഒ. സി. പബ്ലിക്കേഷൻസും ഉൾപ്പെടുന്നു എന്നത് സംശയത്തെ കൂടു തൽ ബലപ്പെടുത്തുന്നു. അനേകം സംഘടനകളുടെയും ഭദ്രാസനങ്ങളുടെയും ബജറ്റ് പോലും മാനേജിംഗ് കമ്മറ്റി യോഗത്തിൽ അവതരിപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നത് അച്ചടക്കരാഹിത്യത്തിന്റെ പാരമ്യതയെ യാണ് കാണിക്കുന്നത്.

3. ബജറ്റിന്റെ വലിപ്പത്തെക്കുറിച്ചുള്ള കണക്കുകളും ഊതിപെരുപ്പിച്ചതാണ്. സഭയുടെ ജനറൽ ഫണ്ട്, കാതോലിക്കാ ദിനപ്പിരിവ് മുതലായവയിൽ നിന്നും വിവിധ സംഘടനകൾക്കായി ഫണ്ട് നൽകുന്നുണ്ട്. ജനറൽ ഫണ്ടിലും കാതോലിക്കാ ദിനപ്പിരിവിന്റെ കണക്കിലും അത് ചിലവായും, ഫണ്ട് ലഭിക്കുന്ന സംഘടനയുടെ കണക്കിൽ അതു വരവായും വക കൊള്ളിക്കുന്നു. ഉദാഹരണത്തിനു കാതോലിക്കാ ദിനപ്പിരിവിൽ നിന്നും വൈദിക സെമിനാരിക്ക് രണ്ടു ലക്ഷം രൂപ ഗ്രാന്റായി നൽകുന്നു. ആ തുക കാതോലിക്കാ ദിനപ്പിരിവിന്റെ കണക്കിൽ ചിലവും വൈദിക സെമിനാരിയുടെ കണക്കിൽ വരവുമായി വകകൊള്ളിക്കുന്നു. മൊത്തം ബജറ്റിന്റെ തുക – എല്ലാ ഷെഡ്യൂളുകളുടെയും വരവിന്റെയും ചിലവിന്റെയും ആകെ തുക – കണക്കാക്കുമ്പോൾ ഈരണ്ടു ലക്ഷം രൂപ രണ്ടു പ്രാവശ്യം (കാതോലിക്കാ ദിനപ്പിരിവിന്റെ കണക്കിലും വൈദിക സെമിനാരിയുടെ കണക്കിലും) കണക്കാക്കപ്പെടുന്നു. കാതോലിക്കാദിനപ്പിരിവിൽ നിന്നും സഭയുടെ ജനറൽഫണ്ടിൽ നിന്നും സഹായം ലഭിക്കുന്ന അനേകം സംഘടനകളുടെ കണക്കിൽ ഈ ആവർത്തനം പല തവണ നടക്കുന്നു. മൊത്തം ബജറ്റിന്റെ വലിപ്പം നോക്കുമ്പോൾ ഇത് വളരെ ചെറിയ ഒരു ശതമാനം മാത്രമേ വരുന്നുള്ളു എങ്കിൽ പോലും ബജറ്റ് ഗൗരമായിട്ടെടുക്കുന്നെങ്കിൽ അനുവദിക്കാൻ പാടില്ലാത്ത ഒരു കൃത്യതാരാഹിത്യമാണ്. ഇവിടെയുള്ള പ്രധാന പ്രശ്നം ബജറ്റിൽ പാലിക്കപ്പെടേണ്ട കൃത്യതയും അവധാനതയും ഇല്ല എന്നുള്ളതാണ്.

ഇതെല്ലാം സാങ്കേതികമെന്നോ തലനാരിഴ കീറലായോ വ്യാഖ്യാനിക്കുന്നവരുണ്ടാവാം. അർഹിക്കുന്ന ഗൗരവത്തോടെ ബജറ്റ് പഠിക്കുകയോ വിശകലനം ചെയ്യപ്പെടുകയോ ചെയ്യുന്നില്ല എന്നതിന് ചില ചെറിയ ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാട്ടുകയാണ്. എല്ലാ ന്യൂനതകളും ചൂണ്ടിക്കാട്ടണമെങ്കിൽ ഒരു ബ്രഹത്തായ ഗ്രന്ഥം തന്നെ എഴുതേണ്ടതായി വരും.

എന്നാൽ സി. ഷെഡ്യൂൾ സ്ഥാപനങ്ങളുടെ കാര്യം സാങ്കേതികമല്ല. അതീവ ഗൗരവതരമാണ്. സഭയുടെ കീഴിലുള്ള കോളജുക ൾ, കോലഞ്ചേരി, കങ്ങഴ ഹോസ്പിറ്റലുകൾ, കുന്നംകുളം കാര്യമ്പാടി ആശുപത്രികൾ എന്നിവയാണ് സി. ഷെഡ്യൂൾ സ്ഥാപനങ്ങൾ. എം. ഒ. സി. കോർപറേറ്റ് മാനേജ്മെന്റ് എന്ന സമിതി കോളജുകളുടെ ഉന്നതാധികാരസമിതിയാണെന്നും എല്ലാ കോളജുകളുടെയും ഭരണപരമായ നിയന്ത്രണം ഈ സമിതിക്കുണ്ടെന്നുമാണ് സങ്കല്പം. യഥാർത്ഥത്തിൽ ഒരു കോളജിൽ നിന്ന് വേറൊരു കോളജിലേക്ക് ഫണ്ട് കടമായി കൊടുക്കുകയും അവിടെ നിന്ന് തിരികെ വാങ്ങി കടം കൊടു ത്ത കോളജിന് കൊടുക്കുകയും ചെയ്യുന്ന ജോലിയാണ് പ്രധാനമായും ഈ സമിതി നിർവ്വഹിക്കുന്നത്. പ്രിൻസിപ്പാൾമാരുടെ നിയമനം, ഇന്റർ കോളജ് ട്രാൻസ്ഫർ മുതലായ ചില കാര്യങ്ങളും നിർവ്വഹിക്കുന്നുണ്ടെന്നതും മറന്നുകൊണ്ടല്ല മുൻ പ്രസ്താവന. എം. ഒ. സി. കോർപറേറ്റ് മാനേജ്മെന്റ് എന്ന സമിതി എ. ഷെഡ്യൂൾ സ്ഥാപനമായും അതിന്റെ നിയന്ത്രണത്തിലുള്ള കോളജുകൾ സി. ഷെഡ്യൂൾ സ്ഥാപനങ്ങളുമാകുന്നത് എത്ര മാത്രം യുക്തിഭദ്രമെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു. സി. ഷെഡ്യൂൾ സ്ഥാപനങ്ങൾ സഭയുടേതെങ്കിലും പ്രാദേശികമായുള്ള സമിതികളുടെ ഭരണത്തിലുള്ളവയാണ്. അവയുടെ ബജറ്റ് മാനേജിംഗ് കമ്മിറ്റിയ്ക്ക് കേൾക്കാമെന്നല്ലാതെ അഭിപ്രായം പറയുവാനോ മാറ്റങ്ങൾ വരുത്തുവാനോ അധികാരമുള്ളവയല്ല. കോളജുകളുടെ കാര്യത്തിൽ അവയുടെ അപ്പക്സ് ബോഡിയെങ്കിലും മാനേജിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ ഉണ്ടെങ്കിൽ ആശുപത്രികൾ സർവ്വതന്ത്ര സ്വതന്ത്രങ്ങളാണ്. അവയുടെ ഭരണാധികാരികൾ ആരെയും കണക്ക് ബോധി പ്പിക്കേണ്ടതില്ല. അവയുടെ സ്ഥാപകർ ആദ്യ കാലങ്ങളിൽ മുതലിറക്കിയിട്ടുണ്ടെന്നും ആയതിനാൽ അവർക്ക് ആ സ്ഥാപനങ്ങളിൽ നിന്നും പ്രയോജനം വേണ്ടേ എന്നുമാണ് പലപ്പോഴും ഉയരാറുള്ള ചോദ്യം. ഈ ചോദ്യം അപഗ്രഥിച്ചാൽ:

1. സ്ഥാപനോദ്ദേശ്യം മുതലിറക്കുക, ലാഭം കൊയ്യുക എന്ന ബിസ്സിനസ്സ് ലക്ഷ്യങ്ങളാണ്.

2. സ്ഥാപന കാലത്ത് മുതലിറക്കിയവർ സഭയുടേതെന്ന് പ്രതീതിയുളവാക്കി സ്ഥാപനങ്ങൾ തുടങ്ങിയെങ്കിലും യഥാർത്ഥത്തിൽ

*(ശേഷം 7–ാം പേജിൽ)*

**“ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളതു വിശ്വാസ യോഗ്യം ആകുന്നു. എന്നാൽ അദ്ധ്യക്ഷൻ..... നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുതു: ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവനും ... ആയിരിക്കേണം. സ്വന്ത കുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും.” (1 തിമോത്തി 3:5)**

# തെങ്ങിനും കമുകിനും ഒരേ തളപ്പ് ചേരില്ല

**സവ്യസാചി**

കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിലവിലുള്ള ഒരു പഴഞ്ചൊല്ലാണിത്. തളപ്പ് എന്ന പദത്തിന്റെ അർത്ഥം ഒറ്റത്തടി മരങ്ങളിൽ കയറുമ്പോൾ കയറുന്നയാളിന്റെ കാലുകളെ ബന്ധിക്കുന്ന ഒരു ഉപകരണം എന്നാണ്. തെങ്ങും കമുകും ഒറ്റത്തടി വൃക്ഷങ്ങളാണെങ്കിലും വ്യത്യസ്തമായ തളപ്പ് ഉപയോഗിച്ചില്ലെങ്കിൽ കയറുന്നവൻ ഒന്നുകിൽ താഴെ വീഴും. അല്ലെങ്കിൽ തന്റെ ഉദ്യമത്തിൽ പരാജയപ്പെടും.

അൽമായവേദിയെക്കുറിച്ച് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളായ മലങ്കരസഭാ മാസികയിലും മലങ്കരസഭാ പത്രികയിലും വന്ന ചില പ്രതികരണങ്ങളാണ് മേൽപ്പറഞ്ഞ നാടൻ ചൊല്ല് ഓർക്കുവാൻ കാരണം. നിയമവിധേയമായി സംഘടിക്കുവാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും സ്വാതന്ത്ര്യമുള്ള ജനാധിപത്യ രാജ്യത്തു പല സംഘടനകൾ നിലവിൽ വരുന്നത് സ്വാഭാവികം തന്നെ. യോഗ്യമായത് ശേഷിക്കും എന്ന തത്വം അനുസരിച്ച് അവയിൽ ചിലത് ശേഷിക്കുകയും മറ്റുള്ളത് മണ്ണടിയുകയും ചെയ്യും. ഓർത്തഡോക്സ് ആക്ഷൻ ഫ്രണ്ട് തുടങ്ങിയ ചില സംഘടനകൾ കുറെക്കാലം പ്രവർത്തിച്ച് അന്തർദ്ധാനം ചെയ്തവയ്ക്ക് ഉദാഹരണമാണ്.

കഴിഞ്ഞ അറേഴു വർഷങ്ങളായി പ്രവർത്തിക്കയും സമീപകാലത്ത് വളരെയേറെ വളർച്ച പ്രാപിക്കുകയും ചെയ്ത ഒരു സംഘടനയാണ് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി. യോഗങ്ങൾ നടത്തുക, പത്ര പ്രസ്താവനകളിറക്കുക തുടങ്ങിയ പരിപാടികളിൽ മാത്രം ഒതുങ്ങി നിന്നിട്ടില്ല ഈ സംഘടന. സഭയുടെ അംഗീകാരമുള്ളതും ഔദ്യോഗികവുമായ സംഘടനകൾ അവഗണിച്ചുതള്ളിയിരുന്ന മലങ്കര വർഗ്ഗീസ് വധം, കൂനൻകുരിശു അനുസ്മരണം, വടക്കൻ ഭദ്രാസനങ്ങളിലെ പള്ളികളിലെ പ്രശ്നങ്ങൾ, സഭയുടെ വിവിധ തലങ്ങളിലുള്ള വ്യവസ്ഥാരാഹിത്യം, ക്രമക്കേടുകൾ എന്നിവയിലെല്ലാം ഇടപെടുകയും, തിരുത്തലിനുള്ള പ്രേരണ ശക്തിയായി സഭയോടും ഭരണഘടനയോടും വിധേയത്വം പുലർത്തി പ്രവർത്തിക്കുന്ന ഈ സംഘടന ഒരു രജിസ്റ്റേർഡ് സൊസൈറ്റിയും സ്വന്തം മുഖപത്രവും വെബ്സൈറ്റും ഇന്റർനെറ്റ് ഡിസ്ക്കഷൻ ഫോറവും ഒക്കെയുള്ള പ്രസിദ്ധീകരിക്കപ്പെട്ട ഉദ്ദേശലക്ഷ്യങ്ങളുള്ള വ്യവസ്ഥാപിത സംഘടനയാണ്.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന് കുറച്ചു മുൻപായി ചില പ്രത്യേക രാഷ്ട്രീയ ലക്ഷ്യങ്ങളോടെ സഭയിലെ ഒരു മാനേജിംഗ് കമ്മറ്റിയംഗം പ്രസിഡണ്ടായി ഒരു അത്മായ അസ്സോസിയേഷൻ രൂപംകൊണ്ടു. അതിന്റെ പിന്നിൽ പ്രവർത്തിച്ചവരാരന്നറിയുന്നവർ അതിനെ 'ഉചാ – മ – റ' സഖ്യം എന്നാണ് പേരു വിളിച്ചിരുന്നത്.

സഭയുടെ വകയായ എം. ഡി സെമിനാരി കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നു എന്ന് ലറ്റർഹെഡിൽ കാണുന്ന സിറിയൻ ഓർത്തഡോക്സ് അൽമായവേദി എന്നൊരു സംഘടനയുടെയും ചില പ്രസ്താവനകൾ പത്രങ്ങളിൽ കാണാറുണ്ട്. സഭാവക സ്ഥലത്ത് അപ്രകാരം ഒരു സംഘടന പ്രവർത്തിക്കുന്നുണ്ടോ എന്നും അതിന് വാടകചീട്ടോ മറ്റോ ഉണ്ടോ എന്നും വാടക കിട്ടുന്നുണ്ടോ എന്നുമൊക്കെ ബന്ധപ്പെട്ടവർ അന്വേഷിക്കട്ടെ. ചില പത്ര പ്രസ്താവനകൾക്കപ്പുറം ഒന്നും നടത്തുവാൻ ശേഷിയില്ലാത്ത ആ സംഘടനയെ അവഗണിക്കുകയാണ് ബുദ്ധി എന്നും പലരും ചിന്തിക്കുന്നുണ്ട്.

മേൽപറഞ്ഞ രണ്ട് സംഘടനകളിൽ ആദ്യത്തേത് കെട്ടു കെട്ടി. മനോരമ കനിഞ്ഞനുവദിച്ച മൂന്നു കോളം വെണ്ടക്കാ തലക്കെട്ടും ഫോട്ടോയുമൊന്നും അതിന് മൃതസഞ്ജീവനിയായില്ല. രണ്ടാമത്തേത് മലങ്കരസഭ വകസ്വത്തുക്കൾ ദേവസ്വം ബോർഡിനു കീഴിലാക്കണം എന്നും മറ്റുമുള്ള ചില വങ്കൻ പ്രസ്താവനകളിലൂടെ സായൂജ്യമടയുന്നു.

പക്ഷേ 'മലങ്കരസഭാ' മാസികയിലെ എഡിറ്റോറിയൽ എഴുതുന്ന പണിക്കരച്ചനും 'സഭാപത്രിക'യിലെ ഒരു ലേഖകനും മേൽപ്പറഞ്ഞ രണ്ടു സഭാ സംഘടനകൾ പടച്ചു വിട്ടിരിക്കുന്ന വിശ്വാമിത്ര സൃഷ്ടികളുടെ പിതൃത്വം അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ ആരോപിക്കുന്നു. മലങ്കരസഭാ മാസികയിലെ എഡിറ്റോറിയലിലെ വസ്തുതാപരമായ തെറ്റുകൾ ചൂണ്ടിക്കാണിച്ച് മറുപടി കൊടുത്തതിനെ തമസ്ക്കരിക്കുന്നു. അരിയെത്ര എന്നു ചോദിക്കുമ്പോൾ പയറഞ്ഞാഴി എന്നു പറയുന്നതുപോലെ അപ്രസക്തമായ ചിലത് എഴുതി പണിക്കരച്ചൻ കൃതാർത്ഥനാകുന്നു.

സുന്നഹദോസിന് അംഗീകാരത്തിന് അപേക്ഷ കൊടുക്കുവാൻ സാരോപദേശം നൽകുമ്പോൾ, മെത്രാപ്പോലീത്തന്മാരും വൈദീകരും നേതൃത്വം നൽകുന്നതും വ്യാപകമായി പണപ്പിരിവു നടത്തുന്നതും പല വർഷങ്ങൾക്കു ശേഷം ഇപ്പോഴും അംഗീകാരത്തിനപേക്ഷിച്ചില്ലാത്തതുമായ സംഘടനകൾക്കും അതു ബാധകമോ എന്നു കൂടി അരുളി ചെയ്താൽ വാഴ്‌വ്.

ബഹുമാന്യരേ! തെങ്ങിനും കവുങ്ങിനും ദയവായി ഒരേ തളപ്പുപയോഗിക്കരുത്. ഏവരെയും പ്രവർത്തി കൊണ്ട് അളക്കുക. പറയുകയും എഴുതുകയും ചെയ്യുന്നതിനു മുൻപായി കാര്യങ്ങൾ മനസ്സിലാക്കുക. കയ്യബദ്ധം ആർക്കും പറ്റാം. തെറ്റു ചൂണ്ടിക്കാണിച്ചാൽ തിരുത്തുവാനുള്ള മിനിമം മര്യാദ പ്രകടിപ്പിക്കുക. തെറ്റു തിരുത്താതിരിക്കുന്നത് അഭിമാനമല്ലെന്നും ദുരഭിമാനമാണെന്നുമുള്ള അടിസ്ഥാനതത്വം വല്ലപ്പോഴുമൊന്ന് ഓർക്കുക.

## പൗരസ്ത്യ സഭാ മേലദ്ധ്യക്ഷന്മാരും സ്ഥാനമേറ്റ വയസും*

എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമ്യോ I (51), റഷ്യൻ സഭയുടെ പാത്രിയർക്കീസ് അലക്സി II (61), അർമേനിയൻ കാതോലിക്കാ കരേക്കിൻ II നർസീസിയാൻ (48), കോപ്റ്റിക് സഭയുടെ പോപ്പ് ഷെനൂഡേ III (48), അന്ത്യോഖ്യൻ സഭയുടെ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സഖാ I (48), എത്യോപ്യൻ സഭയുടെ പാത്രിയർക്കീസ് ആബൂനാ പൗലൂസ് (57), ജോർജിയയുടെ കാതോലിക്കാ ഇലിയ II (44), പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ കാതോലിക്കാ മാർ ദിൻഹാ IV (41). സിലീഷ്യയിലെ കാതോലിക്കാ ആരാം I കശീശിയാൻ (48).

**ബ്രായ്ക്കറ്റിൽ മേലദ്ധ്യക്ഷ സ്ഥാനമേറ്റ പ്രായം.*

## മലങ്കരയിലെ യുവമെത്രാന്മാരും മേല്പട്ടമേറ്റ വയസ്സും

- പാലക്കുന്നത്ത് മാർ അത്താനാസ്യോസ് (24)
- പ. പരുമല തിരുമേനി (28)
- പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് V (32)
- പുത്തൻകാവിൽ കൊച്ചുതിരുമേനി (33)
- പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ (38)
- പ. മാത്യൂസ് ദ്വിതീയൻ ബാവാ (38)
- പ. മുറിമറ്റത്തിൽ ബാവാ (40)
- സഖറിയാ മാർ നിക്കോളവാസ് (34)
- യൂഹാനോൻ മാർ മിലിത്തോസ് (36)
- ഡോ. തോമസ് മാർ അത്താനാസ്യോസ് (38)
- പൗലൂസ് മാർ മിലിത്തിയോസ് (39)

## വായനക്കാരുടെ പ്രതികരണം

നാട്ടിൽ ചെന്നപ്പോൾ നിങ്ങളുടെ പ്രസിദ്ധീകരണം വായിച്ചു. വളരെ നന്നായിരിക്കുന്നു. എല്ലാവിധ ആശംസകളും. സഭയുടെ പല പോക്കുകളും വേദന ഉളവാക്കുന്നു. പ്രാർത്ഥനാവലയത്തോടൊപ്പം സമ്മർദ്ദ വലയത്തിനും പ്രസക്തിയുണ്ട്.

**ജി. തോമസ് വിജയവാഡ**

സഭയെ നയിക്കുന്നവരുടെ ഉത്തരവാദിത്വമില്ലായ്മ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. സഭാസ്നേഹികൾ ഉണർന്നു പ്രവർത്തിക്കണം.

**ജി. എൻ. തരകൻ**
**കൊട്ടാരക്കര**

വിമർശനങ്ങൾക്ക് എരിവല്പം കൂടുന്നു. അല്പം മയപ്പെടുത്തിയാൽ കൊള്ളാം.

**കുറിയാക്കോസ് പേഴമറ്റം**

## ഓഫ് സൈഡ്-ഓഫ് സൈഡ്

### കർക്കിടകം കഴിയും വരെ

മിഥുനമാസം പിറന്നതിൽപ്പിന്നെ ദേവലോകത്തെ ആപ്പീസ് കാലി. അന്വേഷിച്ചപ്പോൾ യജമാനൻ ദൂരദേശത്തു പോയപ്പോൾ തന്നിഷ്ടം കാട്ടിയ ദാസന്മാരെപ്പറ്റിയുള്ള കർത്താവിന്റെ ഉപമ അക്ഷരംപ്രതി പാലിച്ചതാണെന്ന് ഒരു കൂട്ടർ. അതല്ല അറുപതും കഴിഞ്ഞു പിറുപിറുക്കുന്ന ഓഫീസച്ചന്മാർ സുഖചികിത്സ, സ്നേഹപാനം പിഴിച്ചിൽ മുതലായ ആയുർവേദ ചികിത്സയിലാണെന്നും തണുപ്പു തുടങ്ങിയപ്പോൾ വാതം കോപിച്ചതാണെന്നും മറ്റൊരു കൂട്ടർ.

കാരണമെന്തായാലും ദേവലോകത്താകെ തിരഞ്ഞാൽ അത്രയൊന്നും പ്രായമാകാത്ത അസിസ്റ്റന്റ് മലങ്കര മെത്രാനെ മാത്രം കാണും. കർക്കിടകം കഴിയും വരെയും സ്ഥിതി ഇതായിരിക്കുമെന്നാണ് പിന്നാമ്പുറ സംസാരം.

# കാരാപ്പുഴയിലെ സഭവക 12 ഏക്കർ സ്ഥലം വിൽക്കുവാനുള്ള നീക്കം ഉപേക്ഷിക്കണം

ഈ കഴിഞ്ഞ 2006 മെയ് 19 ന് കൂടിയ മാനേജിങ്ങ് കമ്മറ്റിയുടെ ബജറ്റ് യോഗത്തിൽ 2006-2007 ലെ ബജറ്റിനു സ്തുതി അർപ്പിച്ചുകൊണ്ട് സംസാരിച്ച വേളയിൽ ദേവലോകം ബസേലിയോസ് സ്കൂളിന്റെ ഗവേണിങ്ങ് ബോർഡ് സെക്രട്ടറി അദ്ദേഹത്തിന്റെ ഒരു ആഗ്രഹം ഉണർത്തിച്ചു: കാരാപ്പുഴയിൽ സഭ വകയായുള്ള സ്ഥലം വിൽക്കണം. സഭാ സ്നേഹികളായ മാനേജിങ്ങ് കമ്മറ്റി അംഗങ്ങൾ ഇതിനെ ശക്തമായി എതിർത്തു സംസാരിച്ചപ്പോൾ ഗവേണിങ്ങ് ബോർഡിലെ ചില അംഗങ്ങൾ ഇതിനെ അനുകൂലിച്ചു സംസാരിച്ചു. പ്രശ്നം രൂക്ഷമായപ്പോൾ ഇത് അജണ്ടയിൽ ഉൾപ്പെടുത്തി സംസാരിക്കേണ്ട വിഷയമാണെന്ന് സുന്നഹദോസ് സെക്രട്ടറി അഭിപ്രായപ്പെട്ടു. അതേ തുടർന്ന് പ. ബാവാ തിരുമേനി റൂളിങ്ങ് നൽകി പ്രശ്നം അവിടെ അവസാനിപ്പിച്ചു. ഇപ്പോഴും സമ്മർദ്ദം തുടർന്നുകൊണ്ടിരിക്കുന്നു. ഈ ഗവേണിങ്ങ് ബോർഡ് അംഗങ്ങൾ സ്കൂളിന്റെ പ്രസിഡണ്ടായിരുന്ന മുൻ കാതോലിക്കാ ബാവാ പ: മാത്യൂസ് ദ്വിതീയൻ ബാവായെ പ്രലോഭിപ്പിച്ച ഒരു സംഭവമുണ്ട്. നഷ്ടത്തിലോടിയിരുന്ന സ്കൂളിന്റെ ദൈനംദിന ചിലവുകൾക്ക് പലിശ ലഭിക്കുമെന്ന് പറഞ്ഞ് ഒരു വൻതുക കോട്ടയത്തെ ഒരു സ്വകാര്യ ബ്ലേഡ് കമ്പനിയിൽ നിക്ഷേപിച്ചു. കോടികൾ കയ്യിലെത്തിയ ബാങ്കുടമ ഒരു സുപ്രഭാതത്തിൽ പരലോകം പ്രാപിച്ചു. പ്രായാധിക്യത്തിലായിരുന്ന പ. ബാവാ തിരുമേനി കടലാസിലെ തുക കണ്ട് അതീവ ദുഃഖത്തിലാണ്ടു. ഈ കടലാസു കൊണ്ട് നമുക്ക് രക്ഷയുണ്ടെന്ന് പ. തിരുമേനിയെ ആശ്വസിപ്പിച്ചു. പുത്തൻ കൂട്ടായ്മകൾക്ക് ഒത്താശ ചെയ്തു കൊടുക്കുന്ന ഇത്തരം വിരുതന്മാരുടെ ഉപദേശം കേട്ട് സഭാനേതൃത്വം കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്തുള്ള ഈ 12 ഏക്കർ സ്ഥലം വിൽക്കരുതെന്നുള്ള സഭാ സ്നേഹികളായ മാനേജിങ്ങ് കമ്മറ്റി അംഗങ്ങളുടെ അഭിപ്രായത്തോട് അത്മായവേദിയും യോജിക്കുന്നു. പ്രസ്തുത സ്ഥലം കോമ്പൗണ്ടുവോൾ കെട്ടി സുരക്ഷിതമാക്കി ഭാവിയിൽ മലങ്കര സഭയ്ക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയുക്തമാക്കണമെന്ന് അത്മായവേദി ശക്തമായി ആവശ്യപ്പെടുന്നു. പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ സ്മരണയ്ക്കായി പ്രസ്തുത സ്ഥലം നിലനിർത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ഇതിനെതിരായുള്ള നീക്കത്തെ മലങ്കരസഭാമക്കൾ ഒറ്റക്കെട്ടായി നേരിടുമെന്നു കൂടി ഈ അവസരത്തിൽ അൽമായവേദി ഓർമ്മിപ്പിക്കുന്നു.

# ഇല്ലാത്ത ട്രിബ്യൂണലിന് വല്ലാത്ത മെമ്പർ

മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷൻ വിളിച്ചു കൂട്ടുമ്പോൾ ഒരു ട്രിബ്യൂണലിനെ മലങ്കര മെത്രാപ്പോലീത്താ നിയോഗിക്കാറുണ്ട്. മലങ്കര സഭയിലെങ്ങുമുള്ള പള്ളികളിൽ നിന്നും പ്രതിപുരുഷന്മാരെ തിരഞ്ഞെടുക്കുമ്പോളുണ്ടാകാവുന്ന തർക്കങ്ങൾ പരിഗണിക്കുക എന്നതാണ് ഈ ട്രിബ്യൂണലിന്റെ ചുമതല. ഇപ്പോൾ നടക്കുന്ന അസോസ്സിയേഷൻ യോഗത്തിന് ഒരു ട്രിബ്യൂണലിന് പ്രസക്തിയില്ല. പള്ളി പ്രതിപുരുഷന്മാരെ 2002 ൽ തിരഞ്ഞെടുത്താണ്. പ്രതിപുരുഷന്മാരുടെ ലിസ്റ്റ് സുപ്രീംകോടതി അംഗീകരിച്ചതുമാണ്. അതിന്മേൽ ഇനിയും ആക്ഷേപങ്ങൾ ഉന്നയിക്കുവാനോ കേൾക്കുവാനോ ആർക്കും അധികാരമില്ല. ഇനിയുമൊരു ട്രിബ്യൂണൽ വേണമെങ്കിൽ തന്നെ അത് നിയമിക്കേണ്ടത് മലങ്കര മെത്രാപ്പോലീത്തായാണ്.

എന്നാലിതിനെയെല്ലാം അവഗണിച്ചു കൊണ്ട് കഴിഞ്ഞ മാനേജിംഗ് കമ്മറ്റി യോഗത്തിൽ ട്രിബ്യൂണലിനെ തിരഞ്ഞെടുക്കണമെന്ന് ചില അംഗങ്ങൾ സംഘടിതമായി ആവശ്യപ്പെട്ടു. ട്രിബ്യൂണൽ നിയോഗിക്കപ്പെടേണ്ടത് മലങ്കര മെത്രാപ്പോലീത്തായാലാണെന്നുള്ള നിയമം കാറ്റിൽ പറത്തിക്കൊണ്ട് ചെങ്ങന്നൂർ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള ഒരു സംഘം തങ്ങളുടെ അഭിമതനായ മണ്ണാറപ്രായിൽ കോറെപ്പിസ്കോപ്പായെ ട്രിബ്യൂണലിലേക്ക് തിരഞ്ഞെടുത്തു. സന്നിഹിതരായിരുന്ന മാനേജിങ്ങ് കമ്മറ്റിയംഗങ്ങൾക്ക് നടക്കുന്നതെന്തെന്ന് മനസ്സിലാക്കുവാനോ പ്രതികരിക്കുവാനോ കഴിയും മുമ്പേ തന്നെ തീരുമാനം കഴിഞ്ഞിരുന്നു. പലരും ധരിച്ചത് വൈദിക ക്ഷേമനിധിയിലേക്കുള്ള വൈദിക പ്രതിനിധിയെ തിരഞ്ഞെടുത്തു എന്നാണ്.

ട്രിബ്യൂണലിലേക്ക് ബഹുമാന്യരും ചോദ്യം ചെയ്യപ്പെടാത്ത വ്യക്തിത്വമുള്ളവരുമായ ആളുകളെയാണ് നിയോഗിക്കപ്പെടാറുള്ളതും നിയോഗിക്കേണ്ടതും. നിഷ്പക്ഷമായി പരാതികൾ കേൾക്കുവാനും നീതിയുക്തമായി തീരുമാനങ്ങളെടുക്കുവാനുമുള്ളതാണ് ട്രിബ്യൂണൽ. ഇതിലേക്ക് അഴിമതിയാരോപണങ്ങളുടെ പേരിൽ ഭദ്രാസന കൗൺസിൽ നിയോഗിച്ച കമ്മറ്റിയുടെ അന്വേഷണം നേരിടുന്നയാളും, മാത്യൂസ് ദ്വിതീയൻ ബാവായ്ക്കു അന്നത്തെ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കും വാർദ്ധക്യം മൂലം സ്വയം തീരുമാനമെടുക്കാൻ കഴിവില്ലെന്ന് ലോകം മുഴുവൻ കാണുന്ന ടെലിവിഷൻ ഇന്റർവ്യൂവിലൂടെ പ്രഖ്യാപിച്ച വ്യക്തിയുമായ ഒരു വൈദികനെ തന്നെ വേണമെന്ന് മാനേജിങ്ങ് കമ്മറ്റിക്ക് എന്തായിരുന്നു നിർബന്ധം? അതേ ടെലിവിഷൻ ഇന്റർവ്യൂവിൽ താനിന്ന് ഓർത്തഡോക്സ് സഭയിലാണെന്നും നാളെ എവിടെയായിരിക്കുമെന്ന് ഇപ്പോൾ പറയാനാവില്ലെന്നും ഈ വൈദികൻ പ്രഖ്യാപിക്കുകയുണ്ടായി. സഭയുടെ ഔദ്യോഗിക നിലപാടിന് വിരുദ്ധമായി സഭാ സ്വത്തുക്കൾ വിഭജിച്ച് പിരിയണമെന്ന് ഒരു പ്രസിദ്ധീകരണത്തിൽ ഈയിടെ ലേഖനമെഴുതിയ ആളുമാണ് ഈ വൈദികൻ എന്നതും മാനേജിംഗ് കമ്മറ്റിക്കാർ അറിയുന്നില്ലേ?

ആവശ്യമില്ലാത്തതും നിയമവിരുദ്ധമായി പടച്ചു കൂട്ടിയതുമായ ട്രിബ്യൂണലിൽ വിവാദ പുരുഷനായ ഒരു മെമ്പർ തന്നെ വേണമെന്നത് ഒരു പക്ഷേ ചരിത്രനിയോഗമായിരിക്കാം.

# മാധ്യമ സെല്ലിനെ ഇല്ലായ്മ ചെയ്‌വാൻ ശ്രമം

കോട്ടയം: പുതുതായി രൂപീകരിച്ച സഭാ മാധ്യമ സെല്ലിനെ ഇല്ലായ്മ ചെയ്യാൻ ശ്രമമാരംഭിച്ചു. ഏതാനും മാനേജിംഗ് കമ്മറ്റി അംഗങ്ങളാണ് ഈ നീക്കത്തിനു പിന്നിൽ.

ഏതാനും മാസങ്ങൾക്കുള്ളിൽ മികച്ചതും സമയോചിതവുമായ പ്രവർത്തനം കാഴ്ചവെച്ച മാധ്യമസെല്ലിന്റെയും പി. ആർ. ഒ. ഫാ. വർഗീസ് വർഗീസിന്റെയും പ്രവർത്തനം സഭാ നേതൃത്വത്തിലുള്ള ഏതാനും അൽമായ സ്ഥാനികളെ അസഹിഷ്ണരാക്കിയിരുന്നു. തങ്ങളുടെ മാധ്യമ പ്രാധാന്യം കുറഞ്ഞുപോകുന്നു എന്ന ഭയമാണ് ഈ നീക്കത്തിനു പിന്നിൽ. പ. ദിദിമോസ് ബാവാ നിയമിച്ച ഒരു കമ്മിറ്റിയെങ്കിലും ഇല്ലാതാക്കുന്നതു തങ്ങളുടെ വിജയമായി കാണുന്ന ചിലരും ഈ നീക്കത്തിനു പിമ്പിലുണ്ടെന്നു പറയപ്പെടുന്നു.

ഏതാനും വർഷങ്ങൾക്കു മുമ്പ് മാനേജിംഗ് കമ്മറ്റി നിയമിച്ചതും ഒരിക്കലും പ്രവർത്തിക്കാത്തതുമായ ഒരു പബ്ലിക് റിലേഷൻസ് കമ്മിറ്റിയുടെ മറവിലാണ് സംഹരണ നീക്കം നടത്തിയത്. പെട്ടെന്ന് പുനർജ്ജീവിച്ച ഈ കമ്മിറ്റിയിലെ അംഗങ്ങൾ ഫാ. വർഗീസ് വർഗീസിനെ വിളിച്ചു വരുത്തി മാനേജിംഗ് കമ്മിറ്റി നിയമിച്ച മൂന്നു പേരായ തങ്ങളാണ് മാധ്യമസെല്ലെന്നും മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായാണ് സഭാ വക്താവെന്നും അറിയിച്ചു. പക്ഷേ ഇവർക്ക് വർക്കിംഗ് കമ്മിറ്റി ശുപാർശപ്രകാരം ബാവാ നിയമിച്ച സെല്ലിനെതിരെ ഫലപ്രദമായി നീങ്ങാനായില്ലെന്ന് റിപ്പോർട്ടു ചെയ്യപ്പെടുന്നു. മൂന്ന് വർഷത്തെ നിർജ്ജീവാവസ്ഥയ്ക്ക് വിശദീകരണം നല്കാൻ കഴിയാതെ വന്നതോടെ വിചാരണക്കാർ പത്തി മടക്കി പിൻമാറേണ്ടി വന്നു.

മാനേജിംഗ് കമ്മിറ്റി നിയമിച്ച പബ്ലിക് റിലേഷൻസ് കമ്മിറ്റിയിലെ വൈദിക അംഗങ്ങളാരും ഈ നാടകത്തിൽ പങ്കെടുത്തില്ല.

"പ്രാർത്ഥനയില്ലാതെ യാതൊരാൾക്കും പക്വത പ്രാപിച്ച ക്രൈസ്തവനാകാനോ, തികഞ്ഞ മാനവനാകാനോ സാധ്യമല്ല. സ്വതന്ത്ര്യത്തിന്റെ ആഹ്ലാദമാണ് പ്രാർത്ഥന. അതാണ് ദൈവസുതന്മാരുടെ സവിശേഷ സ്വഭാവം."

**- പൗലോസ് മാർ ഗ്രിഗോറിയോസ്**

# സഭാസമാധാനശ്രമത്തിന്റെ പരാജയകാരണം വിഘടിതവിഭാഗത്തിന്റെ നിയമലംഘനം

സഭാസമാധാനശ്രമങ്ങൾ പരാജയപ്പെട്ടതിന്റെ പ്രധാന കാരണം വിഘടിത വിഭാഗത്തിന്റെ നിയമലംഘനവും സംഘടിത അക്രമങ്ങളും ആയിരുന്നുവെന്ന് കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന് പ്രസിദ്ധീകരിച്ച ഔദ്യോഗിക വാർത്താക്കുറിപ്പിൽ അറിയിച്ചു. വാർത്താക്കുറിപ്പിന്റെ പൂർണ്ണ രൂപം:

മലങ്കരസഭയിലെ ഇടവക പള്ളികളെപ്പറ്റി ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയുടെ മൂന്നംഗ ബഞ്ച് തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തെക്കുറിച്ച് രണ്ട് ജഡ്ജിമാരുടെ പ്രധാന വിധിയിൽ പറഞ്ഞിരിക്കുന്ന നിഗമനം ഡിക്രിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "മലങ്കരസഭ 1934ലെ ഭരണഘടനയിൽ പ്രഖ്യാപിച്ചിടത്തോളം എപ്പിസ്കോപ്പലാണ്. ഈ ഭരണഘടന ഇടവകപ്പള്ളികളുടെ ഭരണകാര്യങ്ങളെ നിയന്ത്രിക്കുന്നതാണ്. ഈ ഭരണഘടന നിലനിൽക്കേണ്ടതുമാണ്."

ഇന്ത്യൻ ഭരണഘടനയുടെ 19, 25, 26 എന്നീ വകുപ്പുകൾ പ്രകാരമുള്ള സ്വാതന്ത്ര്യം ആർക്കും ബാധകമാണ്. അതിൻപ്രകാരം സഭയിൽ നിന്നും മറ്റു വിശ്വാസം സ്വീകരിച്ച് പിരിഞ്ഞു പോകുവാൻ അംഗങ്ങൾക്ക് സ്വാ തന്ത്ര്യമുണ്ട്. എന്നാൽ ഇടവകപ്പള്ളികൾ കോൺഗ്രിഗേഷനോ, സ്വതന്ത്ര ഘടകങ്ങളോ അല്ല. അവ മലങ്കരസഭയുടെ ഘടക യൂണിറ്റുകളാണ്. അതുകൊണ്ട് സഭയിൽ നിന്നും പിരിയുന്നവർക്ക് സഭയുടെ പള്ളികളിൻമേലോ സ്വത്തുക്കളുടെ മേലോ അവകാശം ഇല്ല.

1990 ലെ ഹൈക്കോടതി വിധിയനുസരിച്ച് (ഡിക്രി നം. 6 ഉം 7 ഉം) മലങ്കരസഭയുടെ ഭരണഘടനാ വ്യവസ്ഥകൾക്കനുസരണമായി വാഴിക്കപ്പെട്ട് നിയമിക്കപ്പെടാത്ത മെത്രാന്മാർക്കോ, പട്ടക്കാർക്കോ, ശെമ്മാശന്മാർക്കോ സഭയിലോ, സഭയുടെ പള്ളികളിലോ സ്ഥാപനങ്ങളിലോ പ്രവർത്തിക്കുന്നതിന് അവകാശമില്ല. 1990 ജൂൺ 01–ാം തീയതി കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് അന്ന് കക്ഷികളായിരുന്ന പൗലോസ് മാർ അത്താനാസ്യോ സ്, തോമസ് മാർ ദീവന്നാസിയോസ്, ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് എന്നിവർക്കെതിരെ മലങ്കര സഭയിലെ പള്ളികളിൽ പ്രവേ ശിക്കുന്നതിനോ, കർമ്മാദികൾ ചെയ്യുന്നതിനോ, സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിനോ എതിരെ ഏർപ്പെടുത്തിയ ശാശ്വത നിരോധനം 1995 ലെ സുപ്രീംകോടതി സ്ഥിരീകരിക്കുകയാണ് ചെയ്തത്. മേൽപറഞ്ഞ കക്ഷികളിൽ പൗലോസ് മാർ അത്താനാസിയോസും ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസും കാലം ചെയ്തെങ്കിലും രണ്ടാം പ്രതിയായ തോമസ് മാർ ദീവന്നാസിയോസ് മലങ്കരസഭയിൽ വിഘടിത വിഭാഗമുണ്ടാക്കി സ്വയം ശ്രേഷ്ഠ കാതോലിക്കാ എന്ന നാമം സ്വീകരിച്ച് 1990 ലെ ഹൈക്കോടതി വിധിക്ക് എതിരായി മലങ്കര സഭയിലെ പള്ളികളിൽ പ്രവേശിക്കുകയും ഭിന്നത രൂക്ഷമാക്കുകയും ആണ് ചെയ്തത്. നഗ്നമായ കോടതിലംഘനം കഴിഞ്ഞ 16 വർഷമായി അദ്ദേഹം തുടരുന്നു. കൂടാതെ 2002 ലെ മലങ്കര അസോസിയേഷനു ശേഷം കേരള ഹൈക്കോടതി എറണാകുളം ജില്ലയിലെ 221 പള്ളികളുടെ ലിസ്റ്റ് ചേർത്ത് മേൽപ്പറഞ്ഞ പള്ളികളിൽ മാർ ദീവന്നാസിയോസ് പ്രവേശിക്കുന്നതിനെതിരെ ശാശ്വത നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത നിരോധനം ഇപ്പോഴും നിലനിൽക്കുന്നു.

ഭാരതത്തിലെ ഒരു കോടതിയും ഇന്നുവരെ തോമസ് മാർ ദീവന്നാസിയോസിന്റെ (തോമസ് പ്രഥമൻ ബാവ) മലങ്കര സഭയിലെ അധികാരത്തെ സാധൂകരിച്ച് ഒരു വിധിയും നൽകിയിട്ടില്ല. നിയമപരമായി ഒരു മെത്രാപ്പോലീത്തായ്ക്കടുത്ത അധികാരങ്ങൾ വിനിയോഗിക്കുവാൻ ഒരു അവകാശവും ഇല്ലാത്ത തോമസ് മാർ ദീവന്നാസിയോസ് ആണ് കഴിഞ്ഞ 16 വർഷമായി വൈദിക സ്ഥാനികൾക്ക് പട്ടം കൊടുത്തും പള്ളികളിൽ അനധികൃതമായി പ്രവേശിച്ച്, അധികാരം സ്ഥാപിച്ച് മലങ്കരസഭയിൽ ഭിന്നത ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. വിഭാഗീയതയുടെ പ്രസ്തുത പശ്ചാത്തലത്തിലാണ് "മലങ്കര സഭ വിഭജിക്കാം" എന്ന നിർദ്ദേശം മാർ ദീവന്നാസിയോസ് മുമ്പോട്ട് വെക്കുന്നത്. ചരിത്രപരമായ വസ്തുതകൾ മനസ്സിലാക്കാതെ മലങ്കരസഭ വിഭജിക്കുന്നതിനുവേണ്ടിയുള്ള മാർ ദീവന്നാസിയോസിന്റെ തന്ത്രപരമായ നിലപാടിൽ മദ്ധ്യസ്ഥത വഹിക്കുവാൻ കേരള സർക്കാരോ ഇതര ക്രൈസ്തവ മേലദ്ധ്യക്ഷന്മാരോ സാം സ്കാരിക നേതാക്കളോ ഇടപെടരുത് എന്ന താണ് മലങ്കരസഭ വിനയപൂർവ്വം വ്യക്തമാ ക്കുന്നത്.

"മലങ്കരസഭ വിഭജിക്കപ്പെടരുത്" എന്നുള്ള സഭയുടെ ഔദ്യോഗിക നിലപാടിന്റെ അടിസ്ഥാനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഭാരതത്തിലെ ദേശീയ ക്രൈസ്തവ സഭ എന്ന നിലയിൽ മലങ്കരസഭയുടെ ഉടമസ്ഥതാ അവകാശം ജാതിത്തലവന്മാരായിരുന്ന അർക്കദിയോക്കന്മാരിൽ തുടങ്ങി തലമുറകൾ കൈമാറി മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. വരും തലമുറകളിലേക്കും പാരമ്പര്യമായി നിലനിൽക്കുന്ന മലങ്കര സഭാ ഉടമസ്ഥതാ അവകാശം ഏതെങ്കിലും വൈദേശിക ബന്ധത്തിന്റെയോ വ്യക്തി താല് പര്യത്തിന്റെയോ പേരിൽ നശിപ്പിക്കുവാനോ വിഭജിക്കുവാനോ പാടില്ല. മലങ്കരസഭയുടെ ദേശീയ പാരമ്പര്യവും പൈതൃകവും മനസ്സിലാക്കുന്ന ഒരു വ്യക്തിക്കും മാർ ദീവന്നാസ്യോസിന്റെ മലങ്കര സഭാവിഭജനം എന്ന പൈശാചിക അജണ്ടയെ അനുകൂലിക്കുവാൻ സാധ്യമല്ല.

2. മലങ്കരസഭയിലെ ബഹുഭൂരിപക്ഷം സാധാരണ ജനങ്ങളും വിഭജനത്തെ അനുകൂലിക്കുന്നില്ല. മലങ്കരസഭയുടെ വിഭജനം സുപ്രീംകോടതി വിധിയുടെ ലംഘനമാണ്. രണ്ടു സഭകളായി പിരിയുകയെന്നത് കോടതിവിധിയിൽ ഉദ്ദേശിച്ചിട്ടില്ല. മലങ്കരസഭയുടെ അഖണ്ഡതയും സ്വയംശീർഷകത്വവുമാണ് സുപ്രീം കോടതി വിധിയുടെ അന്തസത്ത.

3. മലങ്കരസഭാ വിഭജനം വിഘടിത വിഭാഗത്തിലെ ഏതാനും നേതാക്കൾക്ക് സ്ഥാനം ലഭിക്കും എന്നതിലുപരി പ്രശ്നത്തിന് ശാശ്വത പരിഹാരമല്ല. വിഭജനം വീണ്ടും വിഭജനത്തിന് സാധ്യതകളുണ്ടാക്കുകയും ആത്യ ന്തികമായി അത് മലങ്കരസഭയുടെ നിലനിൽ പ്പിന് ഭീഷണി ആയിത്തീരുകയും ചെയ്യും.

4. "ഹിതപരിശോധന," "മദ്ധ്യസ്ഥത" എന്നീ രണ്ടു മാർഗ്ഗങ്ങളും മലങ്കരസഭാ പ്രശ്നത്തിൽ നടന്നു കഴിഞ്ഞതാണ്. 2002 മാർച്ച് 20ന് സുപ്രീം കോടതി നിയോഗിച്ച നിരീക്ഷകന്റെ സാന്നിധ്യത്തിൽ ഹിതപരിശോധന നടത്തുകയും നിരീക്ഷകനായ ചീഫ് ജസ്റ്റിസ് മളീമഠ് സമർപ്പിച്ച റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 12/07/2002ൽ സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്. പ്രസ്തുത അസോസിയേഷനിൽ പങ്കെടുക്കാതെ വീണ്ടും ഹിതപരിശോധന ആവശ്യപ്പെടുന്നതിന് സാംഗത്യം ഇല്ല. ജനാധിപത്യ വ്യവസ്ഥയിൽ സമ്മതിദാന അവകാശമുള്ളവർ അത് വിനിയോഗിക്കാതിരിക്കുന്നതു കൊണ്ട് 'തെരഞ്ഞെടുപ്പ്' വിട്ടുനിന്നവർക്ക് ബാധകമല്ല എന്നു വരുകയില്ലല്ലോ.

5. മലങ്കരസഭയുടെ പൊതുവായ അസോസിയേഷനിലല്ലാതെ ഇടവകകളിൽ ഹിതപരിശോധന നടത്തി രണ്ടു സഭകളായി പിരിയാം എന്ന നിർദ്ദേശം മലങ്കരസഭയുടെ യൂണിറ്ററി സ്വഭാവത്തിന് വിരുദ്ധമാണ്. വിവിധ രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മലങ്കരസഭയിൽ പ്രാദേശികമായി ചില സ്ഥലങ്ങളിൽ ഏതാനും ഇടവകകളിൽ ഭൂരിപക്ഷം ലഭിക്കും എന്ന ചിന്തയിലാണ് മലങ്കരസഭാ വിഭജനത്തിന്റെ വക്താവായ മോർ ദീവന്നാസിയോസ് പ്രസ്തുത നിർദ്ദേശം മുമ്പോട്ടു വെക്കുന്നത്. "ഇടവകകളിലെ ഹിത പരിശോധന" ജമ്മുകാശ്മീർ പ്രശ്നത്തിൽ പാക്കിസ്ഥാൻ നിർദ്ദേശിക്കുന്ന വിധത്തിലുള്ള മാർഗ്ഗമാണ്. ഹിതപരിശോധന നടത്തി ജമ്മു കാശ്മീരിൽ ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ പാക്കിസ്ഥാന് വിട്ടുകൊടുക്കുവാൻ ഭാരത ത്തിന്റെ അഖണ്ഡതയെക്കുറിച്ച് അവബോ ധമുള്ള ഒരു ഭരണാധികാരിയും സമ്മതി ക്കാത്തതു പോലെ മലങ്കരസഭയുടെ അഖണ്ഡതയെക്കുറിച്ച് അവബോധമുള്ളവർക്ക് ഇടവകകളിൽ ഹിതപരിശോധന നടത്തി മലങ്കരസഭയെ സാധിക്കുന്നിടത്തോളം വിഭജിക്കാമെന്ന മാർ ദീവന്നാസിയോസിന്റെ അഭിപ്രായത്തെ അനുകൂലിക്കുവാൻ സാധ്യമല്ല. ❑

## അറിയിപ്പ്

അൽമായവേദി വാർത്താപത്രികയുടെ പ്രചാരണ തീവ്രയത്നം ജൂൺ മാസം ആരംഭിക്കുകയാണ്. പരമാവധി വാർഷിക വരിക്കാരെ ചേർക്കുവാൻ അംഗങ്ങൾ ശ്രദ്ധിക്കുക. വാർഷിക വരിസംഖ്യ നൂറു രൂപ.
ബാങ്കുവഴി അടക്കുവാൻ താല്പര്യപ്പെടുന്നവർ **ALMAYA VEDI LORD KRISHNA BANK A/C No. 309.51.6593** ൽ അടയ്ക്കുക.

# അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി വാർഷിക സമ്മേളനം

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ വാർഷിക കോൺഫ്രൻസ് മേയ് 27 നു രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണി വരെ കോട്ടയത്ത് എം. ജി. ഒ. സി. എസ്. എം സ്റ്റുഡന്റ്സ് സെന്ററിലെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ഹാളിൽ വച്ചു നടന്നു. വിവിധ സമ്മേളനങ്ങളിൽ പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്ത്, സ്വാഗതസംഘം ചെയർമാൻ സാബു വടകര, സെക്രട്ടറി തോമസ് ചാണ്ടി എന്നിവർ അദ്ധ്യക്ഷത വഹിച്ചു. ഫിലിപ്പോസ് പോട്ടയ്ക്കാവയലിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടുകൾ ശ്രീ. ജെയിംസ് പാമ്പാടി, എം. കുര്യൻ തോമസ്, എ. എം. കോശി, ജോഷി, കെ. പി. കുര്യാക്കോസ്, ജേക്കബ് ജാതിക്കാടൻ മുതലായവർ അവതരിപ്പിച്ചു. ജനറൽ കൺവീനർ ബാബു വെട്ടുവേലിൽ സ്വാഗതവും, ജോയ്സ് തോട്ടയ്ക്കാട് കൃതജ്ഞതയും രേഖപ്പെടുത്തി. അൽമായവേദി പ്രവർത്തകർ, നിസ്വാർത്ഥമതികളായ സഭാസ്നേഹികൾ തുടങ്ങിയവർ പങ്കെടുത്തു. വനിതാ സമ്മേളനത്തിനു ഉഷാ ചെറിയാൻ നെടുംപറമ്പിൽ, മറിയാമ്മ ജേക്കബ് ചെമ്പള എന്നിവർ നേതൃത്വം നൽകി. പ്രധാന പ്രസംഗങ്ങളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു:

### അൽമായവേദി സഭാസ്നേഹികളുടെ കൂട്ടായ്മ: ഡോ. നൈനാൻ ഏബ്രഹാം

അൽമായവേദി സഭാ സ്നേഹികളുടെ ഒരു കൂട്ടായ്മയാണെന്ന് കാൺപൂർ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ്ചാൻസലർ ഡോ. നൈനാൻ ഏബ്രഹാം പ്രസ്താവിച്ചു. അൽമായവേദിയുടെ വാർഷിക കോൺഫ്രൻസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സഭ എന്നാൽ ക്രിസ്തുവിന്റെ ശരീരമാണെന്നും കാതോലികവും അപ്പോസ്തോലികവും ഏകവും വിശുദ്ധവുമാണത് എന്നുമുള്ള കാര്യങ്ങൾ എല്ലാവരും സ്മരിക്കണം. സഭ ലോകത്തിനുവേണ്ടി ക്രിസ്തുവിന്റെ മാനദണ്ഡങ്ങൾക്കനുസരണമായി പ്രവർത്തിക്കണം. സഭ വേണ്ട തരത്തിൽ പ്രവർത്തിക്കുവാൻ ഒരു പ്രേരകശക്തിയായി തുടരുവാൻ അൽമായവേദി പ്രവർത്തകരെ അദ്ദേഹം ആഹ്വാനം ചെയ്തു.

### തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവർ സമൂഹത്തിൽ ആവശ്യം

**സഖറിയ മാർ അന്തോനിയോസ് മെത്രാപ്പോലീത്താ**

സഭയും സമൂഹവും ശരിയായ ലക്ഷ്യത്തിലേക്കു നീങ്ങുവാൻ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവർ ആവശ്യമാണെന്നു കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ സഖറിയ മാർ അന്തോനിയോസ് പ്രസ്താവിച്ചു. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ വാർഷിക സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു തിരുമേനി. മനുഷ്യ സമൂഹത്തിന് നന്മയുളവാക്കുന്ന കാര്യങ്ങൾ ചെയ്യുന്നില്ലെങ്കിൽ തെറ്റുകളുണ്ടാകുവാനും ആ തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടേണ്ടതു തിരുത്തപ്പെടേണ്ടതുമാണ്. അൽമായവേദി ഉയർത്തുന്ന നല്ല അഭിപ്രായങ്ങൾ ലോകത്തിനും സഭയ്ക്കും പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു. അൽമായവേദിയെക്കുറിച്ച് പലർക്കുമുള്ള മുൻവിധി തനിക്കില്ലെന്ന് തിരുമേനി വ്യക്തമാക്കി.

### സഭാ സ്നേഹികളായ അൽമായക്കാരുടെ വേദി കാലഘട്ടത്തിന്റെ ആവശ്യം

**ഫാ. തോമസ് പോൾ മാറാച്ചേരി (അങ്കമാലി ഈസ്റ്റ് ഭദ്രാസന സെക്രട്ടറി)**

സഭയേയും വേദനിക്കുന്നയാളുകളെയും അറിയാൻ കഴിയുന്ന ഒരു സംഘടന ഇവിടെ ഉണ്ടെന്നുള്ളതിന്റെ തെളിവാണ് ഈ സമ്മേളനം. തൃക്കുന്നത്തു സെമിനാരിയിലും മറ്റും വടക്കൻ ഭദ്രാസനങ്ങളിൽ ജനങ്ങൾ പ്രതിസന്ധികളെ അഭിമുഖീകരിച്ചപ്പോൾ അൽമായവേദി പ്രവർത്തകർ അവിടെ ഓടിയെത്തി സഹായങ്ങൾ നൽകി. സഭാ സ്നേഹികളായ അൽമായക്കാരുടെ സംഘടന ഉണ്ടാകുന്നത് നല്ലത് തന്നെയാണ്. ഇന്ന് പിന്നാമ്പുറത്തു നില്ക്കുന്ന പലരും നിങ്ങളോടൊപ്പം വരും. സഭയ്ക്ക് ഗുണപരമായ ഉയർച്ചയുണ്ടാക്കുവാനും ഒരു പുതിയ മുഖം നല്കുവാനും അൽമായവേദിക്കു കഴിയും. വെല്ലുവിളികൾ നേരിടുവാൻ അൽമായവേദി തയ്യാറാകണം. ഈ സംഘടന സഭയിൽ ഒരു കൊടുങ്കാറ്റായി വളരണം. അൽമായവേദി ഒരു ശക്തിയാണെന്ന് നിങ്ങൾക്ക് തെളിയിക്കുവാൻ കഴിയും. സഭയെ സ്നേഹിക്കുന്ന ഒരു സമൂഹത്തെ കെട്ടിപ്പെടുക്കുവാൻ അൽമായവേദിയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

### സഭയുടെ ഭാവിയെ നയിക്കുവാൻ അൽമായവേദിക്ക് സാധിക്കും

**ശ്രീ. എം. എം. സഖറിയ (സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ)**

അൽമായവേദിയുടെ പ്രവർത്തനങ്ങളെ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നവരിൽ ഒരാളാണ് ഞാൻ. സഭയുടെ ഭാവിയെ നയിക്കുവാൻ ഈ പ്രസ്ഥാനത്തിനു സാധിക്കും. സഭയ്ക്ക് പ്രശ്നങ്ങൾ നേരിടേണ്ട ഘട്ടങ്ങളിൽ വേദിയുടെ പ്രവർത്തകർക്ക് ഓടിയെത്തുവാൻ സാധിച്ചിട്ടുണ്ട്. സെപ്റ്റംബർ 21–ാം തീയതിയിലെ അസ്സോസിയേഷൻ സഭയ്ക്ക് നിയമപരമായ പാളിച്ചകൾ ഉണ്ടാകാതിരിക്കുവാനാണ്. സമീപകാലത്ത് സഭയുടെ അഭിപ്രായ – നയ – രൂപീകരണങ്ങളിൽ അൽമായവേദി ശക്തമായ, സജീവമായ പങ്കു വഹിച്ചിട്ടുണ്ട്. സഭയ്ക്ക് ആവശ്യമായ പിന്തുണ അൽമായവേദിയിൽ നിന്നും സഭാ നേതൃത്വം പ്രതീക്ഷിക്കുന്നുണ്ട്. ഈ പ്രസ്ഥാനം വളർന്ന് പന്തലിക്കട്ടെ എന്ന് ആശംസിക്കുന്നു. സഭയുടെ ആഭ്യന്തര പ്രശ്നങ്ങളോടൊപ്പം ക്രിസ്തീയ സമൂഹത്തിന്റെ വിശാലമായ പ്രശ്നങ്ങളും കൈകാര്യം ചെയ്യുവാനുതകുന്ന വിധത്തിൽ പഠന ഗവേഷണങ്ങൾക്കും വേദി സമയം കണ്ടെത്തണം.

### ശക്തമായ അൽമായ നേതൃത്വം ഉണ്ടാകണം

**ഫാ. ഡോ. എം. ഒ. ജോൺ**

സഭയുടെ ചരിത്രത്തിൽ ശക്തരായ അൽമായ നേതൃത്വത്തിന്റെ പങ്ക് വളരെ വലുതായിരുന്നു. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ കാലത്തിനുശേഷം അൽമായ നേതാക്കളുടെ സംഭാവന കുറഞ്ഞു വന്നു. ഇന്ന് അത് വളരെ ശോചനീയമായ നിലയിലാണ്. മാനേജിംഗ് കമ്മിറ്റിയുടെ ക്രിയാത്മകമായ പങ്ക് ഇല്ലാതായി കൊണ്ടിരിക്കുന്നു. ഈ വർഷത്തെ സഭാ ബജറ്റ് ചർച്ചയിൽ പലരും പല നിർദ്ദേശങ്ങളും പറഞ്ഞെങ്കിലും ഒന്നും ചർച്ച ചെയ്യാതെ, അവതരിപ്പിച്ച ബജറ്റ് അതുപടി പാസ്സാക്കി.

അൽമായവേദിയുടെ പ്രവർത്തകർ യാതൊരു സ്വാർത്ഥലാഭവും പ്രതീക്ഷിക്കാതെ സഭക്കുവേണ്ടി അദ്ധ്വാനിക്കുന്നവരാണ്. സഭയുടെ പ്രധാന പരിപാടികൾക്കെല്ലാം സ്വന്തംകയ്യിലെ പണം മുടക്കി ജയിംസ് പാമ്പാടിയും മറ്റു പ്രവർത്തകരും പോകുകയും സംബന്ധിക്കുകയും ചെയ്യുന്നതിന് ഞാൻ സാക്ഷിയാണ്. ഈ കോൺഫ്രൻസിന് വന്നിരിക്കുന്നവരും വിവിധ സ്ഥലങ്ങളിൽ നിന്നും സ്വന്തം പണം മുടക്കിയാണ് എത്തിയിരിക്കുന്നത്. എന്നാൽ സഭ യിലെ പല നേതൃസ്ഥാനികളും ഭീമമായ തു ക സഭാ ഫണ്ടിൽ നിന്നും കൈപ്പറ്റിക്കൊണ്ടാണ് പരുമലയിലും മറ്റും പോകുന്നത്. സഭയിൽ സാമ്പത്തിക അച്ചടക്കം ഇല്ലാതായിരിക്കയാണ്. ഇതിനെല്ലാമെതിരെ പ്രതികരിക്കേണ്ട ഒരു സംഘടന വളരെ ആവശ്യമാണ്.

### സ്തുതി പാഠകർ സഭയെ നശിപ്പിക്കുന്നു

**പി. സി. ചെറിയാൻ മടുക്കാനി**

ഇന്ന് സഭയിലെങ്ങും സ്തുതിപാഠകരുടെ ബാഹുല്യമാണ് പ്രധാന പ്രശ്നം. നമ്മുടെ പിതാക്കന്മാർ പലരും അൽമായ നേതാക്കളെ ബഹുമാനിച്ചിരുന്നു. ഇന്ന് ആ സ്ഥിതിക്ക് മാറ്റം വന്നിരിക്കുകയാണ്. ഇന്ന് തിരുമേനിമാർ ഇടവക സന്ദർശനത്തിന് വന്നാൽ പാവപ്പെട്ടവരെയോ രോഗികളെയോ ഒന്നും സന്ദർശിക്കാറില്ല. സാധാരണക്കാരൻ സഭയിൽ അവഗണിക്കപ്പെടുന്നു. ഇതിന് മാറ്റം വരുവാൻ അൽമായവേദി ശക്തിപ്പെടേണ്ടത് ആവശ്യമാണ്.

### തെറ്റുകൾ തിരുത്തുക എന്നത് മാത്രമാണ് അൽമായവേദിയുടെ ലക്ഷ്യം

**സാബു വടകര (വൈസ് പ്രസിഡന്റ്, അൽമായവേദി)**

സഭയിൽ കയറിക്കൂടിയിരിക്കുന്ന തെറ്റുകൾ തിരുത്തുവാൻ വേണ്ടി പ്രവർത്തിക്കുന്ന അൽമായവേദി ആർക്കും എതിരല്ല. വിമർശനങ്ങളുയർത്തുന്നത് ക്രിയാത്മകമായ രീതിയിലാണ്. നിഷേധാത്മക വിമർശനം വേദിയുടെ ശൈലിയല്ല. ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാൻ ആഹ്വാനം ചെയ്യുന്നു.

## എം. ഡി. കോമ്പൗണ്ട് വികസിപ്പിക്കണം

കോട്ടയം: നിർദ്ദിഷ്ട കലക്ട്രേറ്റ് – മനോരമ നാലുവരിപ്പാതയുടെ സാദ്ധ്യത കൾ ഉപയോഗപ്പെടുത്തി എം. ഡി. കൊമേഴ്സ്യൽ സെന്റർ വികസിപ്പിക്കണമെന്ന ആവശ്യമുയർന്നു.

നിലവിൽ പഴയ എം. ഡി. കൊമേഴ്സ്യൽ സെന്ററിന് കിഴക്കുവശത്ത് ബസേലിയോസ് സെന്ററിനായി മണ്ണെടുത്തിട്ടിട്ട് ഒരു ദശാബ്ദത്തിലധികമായി. ഇന്നത് പ്രതിവർഷം ആവർത്തിക്കപ്പെടുന്ന ഒരു ബഡ്ജറ്റ് തമാശയാണ്. നാല്പതു വർഷം മുമ്പ് പണിത പഴയ എം. ഡി. സി. സെന്റർ കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്നു. ഇതിൽ നിന്നു കാര്യമായ വാടകയും ലഭിക്കുന്നില്ലെന്നാണ് അറിവ്.

ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട ബസേലിയോസ് സെന്റർ, പഴയ എം. ഡി. കൊമേഴ്സ്യൽ സെന്റർ, അതിനു പുറകിലുള്ള കെട്ടിടങ്ങൾ ഇവയ്ക്കു പകരം വിശാലവും പാശ്ചാത്യ ശൈലിയിലുള്ളതുമായ ഒരു ഷോപ്പിംങ്ങ് മാൾ പണിതുയർത്തണമെന്നാണ് പുതിയ നിർദ്ദേശം. പാർക്കിംഗ് സൗകര്യമില്ലാതെ വീർപ്പുമുട്ടുന്ന കോട്ടയത്തിന് വിശാലമായ പാർക്കിംഗ് സൗകര്യവും ഗതാഗത സൗകര്യവുമുള്ള ഒരു ഷോപ്പിംഗ് മാളിന്റെ വാണിജ്യസാദ്ധ്യത വളരെ ഉയർന്നതാണ്. സഭയ്ക്ക് സ്ഥിരമായ ഉയർന്ന വരുമാനം നൽകുവാൻ നിർദ്ദിഷ്ട സമുച്ചയത്തിനു കഴിയും.

ഇതോടൊപ്പം ഇരയിൽകടവിൽ എം. ഒ. സി. പബ്ലിക്കേഷൻസ് പണിതുയർത്തുന്നതും അഴിമതി വിവാദം പുകയുന്നതുമായ രമ്യഹർമ്യം സഭ നേരിട്ട് ഏറ്റെടുക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

## പ്രതിഫലം പറ്റുന്ന പദവി: വിവാദം ദേവലോകത്തും

കോട്ടയം: പ്രതിഫലം പറ്റുന്ന പദവികളെ പ്പറ്റിയുള്ള വിവാദം സഭാകേന്ദ്രമായ ദേവലോകത്തും പുകയുന്നു. ഒന്നിലധികം പദവികളിൽ നിന്നും പ്രതിഫലം പറ്റുന്ന വൈദികരുടെ എണ്ണം സഭയിൽ ഏറെയാണെന്നു റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായെ സ്ഥലം മാറ്റുന്നതുവരെ മൂന്ന് ശമ്പളങ്ങൾ കൈപ്പറ്റിയിരുന്നു. ഭദ്രാസന സെക്രട്ടറി, തൃക്കുന്നത്തു സെമിനാരി മാനേജർ, സെമിനാരിപ്പള്ളി വികാരി എന്നീ മൂന്നു സ്ഥാനങ്ങൾക്കാണ് ശമ്പളം പറ്റിയിരുന്നത്. ഇതു കൂടാതെ വാടക പിരിവിന് കമ്മീഷൻ, സ്പെഷ്യൽ അലവൻസ് മുതലായ മറ്റു വരുമാനങ്ങളും കൈപ്പറ്റിയിരുന്നു.

കോട്ടയത്ത് സെമിനാരി അദ്ധ്യാപകനല്ലാത്ത ഒരു വൈദികൻ സെമിനാരിയിൽ നിന്നും മൂന്ന്, ദേവലോകത്ത് നിന്ന് ഒന്ന്, കോട്ടയം ഭദ്രാസനത്തിൽ നിന്നും ഒന്ന് എന്നിങ്ങനെ അഞ്ചു പ്രതിഫലമാണത്രേ വാങ്ങുന്നത്. ഇത്തരം ഒന്നിലധികം പദവികളിൽ നിന്നും പ്രതിഫലം പറ്റുന്ന വൈദികരുടെ കണക്ക് ഞെട്ടിപ്പിക്കുന്നതാണ്.

## 'ബാവാപ്പട്ടത്തിന്' ഇനീം പഠിക്കണോ?

പത്തനംതിട്ട: സെമിനാരി വിദ്യാഭ്യാസം ലഭിക്കാത്തവരെ കാതോലിക്കായാക്കരുതെന്നു കാണിച്ച് ഏതാനും പേർ കോടതിയെ സമീപിച്ചിട്ടുണ്ട്. കാതോലിക്കാ സ്ഥാനത്തേയ്ക്കു സുനഹദോസ് സ്ഥാനാർത്ഥിയാവാൻ സാദ്ധ്യതയുള്ള ഒരു സീനിയർ മേല്പട്ടക്കാരന്റെ സാദ്ധ്യത ഇല്ലാതാക്കാനാണ് ഈ കേസു നൽകിയതെന്ന് സംസാരമുണ്ട്. പ. ദിദിമോസ് ബാവായ്ക്കെതിരെ കേസു കൊടുത്ത അതേ സംഘമാണ് ഈ കേസിനു പിന്നിലെന്നും പറയപ്പെടുന്നു.

30 വർഷം മുമ്പ് മേല്പട്ട സ്ഥാനത്തുയർത്തുന്ന സമയത്തു കാണാത്ത 'അയോഗ്യത' ഇപ്പോൾ കണ്ടെ ത്തിയപ്പോൾ ഒരു സംശയം. ബാവാപ്പട്ട ത്തിന് ഇനീം പഠിക്കണോ? അതും ഒരു സെമിനാരിയുടെ സ്ഥാപക പ്രിൻസിപ്പൽ?

**ഓഫ് സൈഡ്-ഓഫ് സൈഡ്**

### കുന്നംകുളത്ത് കേട്ടത്

"ഡാ മ്മടെ മെത്രാനേ ബാവാനാക്കി."
"ബാവാനല്ലഡാ അസിസ്റ്റന്റ്."
"ആ.. ആ.. തന്നെ മ്മള് പറഞ്ഞത്."
"സംഗതി ശര്യാ! പക്ഷേ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ."

# ഇനി എങ്കിലും പിതാക്കന്മാർ ചിന്തിക്കുമോ?

### ക്യാപ്റ്റൻ കോശി മത്തായി

മാർത്തോമ്മായുടെ സിംഹാസനത്തിൽ പിൻഗാമിയായി 65 വയസ്സിൽ താഴെയുള്ള വടക്കൻ ഭദ്രാസനത്തിലെ ഒരു മെത്രാപ്പോലീത്തായെ ഐകകണ്ഠ്യേന പ. സുന്നഹദോസ് നിശ്ചയിച്ച് പ്രഖ്യാപിക്കണം എന്നത് വിശ്വാസികളുടെ ഒരാഗ്രഹമാണ്.

മുറിമറ്റത്തു ബാവായും, വള്ളിക്കാട്ടു ബാവായും, കുറിച്ചി ബാവായും ഈ പദവിയിലേക്ക് ബലഹീനരായ ഞങ്ങളെ ഉയർത്തരുത് എന്ന് കേണു. എന്നിരുന്നാലും ആ കുരിശ് അവർക്ക് ദൈവം നല്കി. അവരുടെ ബലിഷ്ഠങ്ങളായ പ്രാർത്ഥനയാൽ സഭയെ സത്യത്തിന്റെ പാതയിൽ അവർ നയിച്ചു. സ്ഥാനമോഹിയായ ബഥനിയുടെ ഈവാനിയോസ് സഭ വിട്ടു. എന്നാൽ ഇന്നിതാ 80 ലധികം പ്രായമായ ഒരു പിതാവ് 'ഞാൻ അടുത്ത കാതോലിക്കാ ആകാം' എന്നു പറഞ്ഞു രംഗപ്രവേശനം ചെയ്തിരിക്കുന്നു. സ്ഥാനമാനപ്രൗഢിക്കും, ഭൗതികനേട്ടത്തിനും പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം ഉപയോഗിക്കണം എന്ന ആ പിതാവിന്റെ വൃദ്ധതയിലെ വ്യഗ്രത ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുമോ?

നമ്മുടെ പിതാക്കന്മാർ വിശ്രമ ജീവിതം നയിക്കേണ്ട 80–90 വയസ്സാകുമ്പോൾ പദവിയിൽ വരുന്നു. കർമ്മകുശലതയും, ഓർമ്മയും നശിക്കുന്ന ഈ അവസ്സരം കൗ ശലക്കാരായ ഉപദേഷ്ടാക്കൾ മുതലെടുക്കുന്നു. പ. സിംഹാസനത്തെയും, സഭാഗാത്ര ത്തെയും ഇത്തരക്കാർ അവരുടെ വളർച്ചയ്ക്ക് ഉതകുംവിധം നയിച്ചതാണല്ലോ നമ്മുടെ സഭയുടെ ദുരവസ്ഥയ്ക്ക് കാരണം. ആയതിനാൽ പിതാക്കന്മാരും, വിശ്വാസികളും ഇനിയെങ്കിലും കൊച്ചുമെത്രാച്ചന്മാരെ കാതോലിക്കാ ബാവായായി തെരഞ്ഞെടുക്കണം. 80–ാം വയസ്സിൽ വിശ്രമജീവിതം സ്വീകരിച്ച് സഭയ്ക്കായി പ്രാർത്ഥിക്കുന്ന ഒരു മഹാപുരോഹിത വ്യൂഹം ഉണ്ടാകണം. അതല്ലേ നമ്മുടെ സഭയുടെ നിലനില്പിന് കരണീയം.

അല്ലാതെ ഈ വയോവൃദ്ധതയിൽ മഹാപൗരോഹിത്യമാകുന്ന എളിമപ്പെട്ട ദാസ്യതുല്യസ്ഥാനത്തിന് നമ്മുടെ മുതിർന്ന തിരുമേനിമാർ കാട്ടുന്ന ആക്രാന്തം ശരിയാണോ? കർത്താവ് പഠിപ്പിച്ചത് വലിയവനാ കാൻ ഇച്ഛിക്കുന്നവൻ ദാസനാകണം എന്നാണല്ലോ.

പ. മാത്യൂസ് പ്രഥമൻ ബാവായുടെ ദീർഘദൃഷ്ടിയോടുള്ള അജപാലനരംഗത്തു പോലും അവിടുത്തെ വൃദ്ധതയിൽ ചൂഷണം ഉണ്ടായി എന്നു പറയപ്പെടുന്നു. പ. മാത്യൂസ് ദ്വിതീയൻ ബാവായാണെങ്കിൽ മാർ കൂറിലോസ് ആയിരിക്കുമ്പോൾ ജനലക്ഷങ്ങളുടെ കണ്ണിലുണ്ണി ആയിരുന്നു. കേരളം വർഗ്ഗീയ കലാപ കൊടുങ്കാറ്റിൽ ആടി അണയാൻ തുടങ്ങിയപ്പോൾ തന്റെ ഓജസ്സും, തേജസ്സും, ഔന്നത്യവും പ്രകടമാക്കി സമസ്ത കേരളത്തെയും, അല്ല ഭാരതത്തെ തന്നെയും, സകല മതാദ്ധ്യക്ഷന്മാരെയും വിസ്മയത്തിലാഴ്ത്തി തന്റെ കർമ്മശേഷി തെളിയിച്ച് നിലയ്ക്കൽ പ്രശ്നം തീർത്തു. മല പോലെ വന്നത് എലി പോലെ പോയി. എന്നാൽ മഹാരഥനായ ആ യോഗീശ്വരൻ തന്റെ വൃദ്ധതയിൽ പൗരസ്ത്യ കാതോലിക്കാ ബാവാ ആയി തന്റെ പ്രഭാവം പ്രകടിപ്പിച്ചെങ്കിലും പ്രായാധിക്യം മൂലം വീഴ്ചകൾ പറ്റി. സഭയെ ഒരുപറ്റം ഉപജാപകസംഘം ഭരണം കൈപ്പിടിയിലാക്കി. വിഘടിത കാതോലിക്കേറ്റുകൾ കൂണുപോലെ മുളച്ചു. പട്ടിയുടെ കൈയിലെ പൊതിക്കാ തേങ്ങ പോലെ 95 ലെ സുപ്രീംകോടതി വിധിയും. തന്റെ വൃദ്ധതയിലെ ബലഹീനത മനസ്സിലാക്കിയവർ ആ പിതാവിന്റെ മഹിമയെ മന്ദീഭവിപ്പിച്ചതു മൂലം സഭയും മ്ലാനതയിലാണ്ടു. പ. ദിദിമോസ് ബാവായുടെ സ്ഥാനാരോഹണം വൈകിപ്പിച്ചു. പ. പിതാവിന്റെയും വൃദ്ധത ചൂഷണം ചെയ്യപ്പെടുന്നുണ്ട് എന്നു വിശ്വസിക്കുന്നതിലും തെറ്റുണ്ടാവില്ല. കാരണം ഉടനെ മറ്റൊരു വയോവൃദ്ധനായ പിതാവിനെ പിൻഗാമിയായി തെരഞ്ഞെടുക്കാനുള്ള വ്യഗ്രത ചൂഷണമാണ്. പ്രായം അധികം ഉള്ള മക്കാറിയോസ് തിരുമേനിയെ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കും മുമ്പ് സ്ഥാനാർത്ഥിയാക്കി പ്രചരണം നടത്തുന്നതും അദ്ദേഹത്തെ പോലുള്ള ഒരു മഹാരഥനെക്കൊണ്ട് മുന്നമേ 'ഞാൻ ഒരു സ്ഥാനാർത്ഥി യാണ്' എന്ന് പ്രഖ്യാപിപ്പിച്ചതും ചൂഷണമാണ്.

ഇന്ന് പ. ദിദിമോസ്സ് ബാവായുടെ അഭാവത്തിൽ (അല്ലാത്തപ്പോഴും) ഒരു കൊച്ചുതിരുമേനിയെ പ. പിതാവിന്റെ അസിസ്റ്റന്റായി വച്ചാൽ മതിയാവുന്നതാണ്. പ. പിതാവിന്റെ ആരോഗ്യസ്ഥിതിക്കനുസരിച്ച് സ്ഥാനം ഒഴിയുമ്പോൾ 65 വയസ്സിൽ കൂടാത്ത ഒരു കാതോലിക്കായെ ഐകകണ്ഠ്യേന തിരഞ്ഞെടുക്കാം.

80–ാം വയസ്സിൽ സ്ഥാനത്യാഗം ചെയ്ത് സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാൻ തയ്യാറുള്ള കൊച്ചുതിരുമേനിമാർ ആ മഹനീയ സ്ഥാനത്ത് വരട്ടെ. ഇനിയെങ്കിലും നമ്മുടെ സഭാ ആസ്ഥാനം റിട്ടയർമെന്റ് ഹോം ആകാതിരിക്കണം.

മക്കാറിയോസ്സ് തിരുമേനി പ്രഗല്ഭനല്ലെന്നോ ഒന്നുമല്ല. കൊച്ചുമെത്രാന്മാർക്കായി വഴി മാറി കൊടുക്കുന്ന ഒരു മാതൃക വന്ദ്യ പിതാവിൽ നിന്ന് ഉണ്ടായി, അത് ഒരു മാതൃകയായി വരുംകാലത്ത് സഭയെ നയിക്കട്ടെ. അതിന്റെ ഉപജ്ഞാതാവ് വന്ദ്യ മക്കാറിയോസ് തിരുമേനിയും ആവട്ടെ എന്നാഗ്രഹിക്കുന്നു. ആശംസിക്കുന്നു.

# സഭാക്കേസുകളും ഓർത്തഡോക്സ് സഭയുടെ കൈകാര്യ നിർവ്വഹണവും

### ഈശോദാസ് കൊല്ലാട്

രണ്ടാം സമുദായക്കേസിൽ ഓർത്തഡോക്സ് സഭയ്ക്കനുകൂലമായി അന്തിമതീർപ്പുണ്ടായത് 2002 ജൂലൈ 12 നാണ്. 2002 മാർച്ച് 20 ന് ചേർന്ന മലങ്കര അസോസിയേഷൻ നടപടികൾ സുപ്രീംകോടതി അന്ന് അംഗീകരിച്ചുറപ്പിച്ചു. സുപ്രീംകോടതി മുമ്പുത്തരവായ 'സ്റ്റാറ്റസ് കോ' യുടെ ആനുകൂല്യങ്ങൾ ഈ അസോസിയേഷൻ തിരഞ്ഞെടുക്കുന്ന മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം വരെ മാത്രമായിരുന്നു. സുപ്രീം കോടതി തന്നെ നിയോഗിച്ച നിരീക്ഷകൻ ജസ്റ്റീസ് വളീവഠിന്റെ മേൽനോട്ടത്തിലായിരുന്ന അസോസിയേഷൻ പരുമലയിൽ ചേർന്നത്.

പരുമല അസോസിയേഷൻ തെരഞ്ഞെടുത്ത മാനേജിംഗ് കമ്മിറ്റി, പാത്രിയർക്കീസ് ഭാഗത്ത് നിലയുറപ്പിച്ചിരുന്ന സ്ഥാനികളെ അംഗീകരിച്ചില്ല. തന്മൂലം മാനേജിംഗ് കമ്മിറ്റി തീരുമാനത്തിനു ശേഷമുള്ള അവരുടെ സഭയിലെ ഇടപെടലുകൾ നിയമവിരുദ്ധമായി. ഇതിനെതിരെ യുക്തമായ നിയമനടപടികൾ കൈക്കൊള്ളണമെന്ന വികാരം സഭയിലുണ്ടായി.

നിർഭാഗ്യമെന്നു പറയട്ടെ, ഓർത്തഡോക്സ് സഭയുടെ കൈകാര്യ നിർവ്വാഹകർ കൈക്കൊണ്ട നിയമനടപടികൾ സഭയ്ക്ക് അത്യന്തം ദോഷകരമായി ഭവിച്ചു. കാതോലിക്കോസും ഏതാനും മേല്പട്ടക്കാരും വാദികളായി കേരള ഹൈക്കോടതിയിൽ ബോധിപ്പിച്ച 'പോലീസ് സഹായ റിട്ട് ഹർജി' കോടതി തള്ളി. മാത്രമല്ല, മലങ്കര സഭയുടെ കെട്ടുറപ്പി നെപ്പോലും ദോഷകരമായി ബാധിക്കുന്ന കോടതി പരാമർശങ്ങൾ ഉണ്ടാകുകയും ചെയ്തു. മലങ്കര സഭയിലെ ഏതു പള്ളിക്കും മലങ്കര അസോസിയേഷനിൽ നിന്നും എപ്പോൾ വേണമെങ്കിലും വിട്ടുപോകാമെന്നും ഓരോ ഇടവക പള്ളിക്കും ഏതു തീരുമാനവും കൈക്കൊള്ളാമെന്നും ഹൈക്കോടതി പരാമർശിച്ചു.

'1934–ലെ സഭാഭരണ ഘടന ഇടവക പള്ളിക്കാര്യങ്ങളേയും ഭരിക്കുന്നതും പ്രാബല്യത്തോടെ നിലനിൽക്കുന്നതു'മാണെന്നും 'മലങ്കര സഭയിൽ ഏതൊരു സ്ഥാനം വഹിക്കുന്നതിനും സഭാ ഭരണഘടന സത്യം ചെയ്തു സ്വീകരിക്കണ'മെന്നുമുള്ള സുപ്രീംകോടതിയുടെ വിധി പ്രസ്ഥാവങ്ങളെ മറികടന്നാണ് ഹൈക്കോടതിയുടെ ഈ വിധി. ഇതിനെതിരെ ബോധിപ്പിച്ച അപ്പീൽ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

രണ്ടാം സമുദായ കേസ് പൂർണ്ണ അർത്ഥത്തിലുള്ള ഒരു സിവിൽ വ്യവഹാരമായിരുന്നു. അതിലെ വിധി നിയമാനുസൃതം നടത്തുകയായിരുന്നുവെങ്കിൽ വിധിനടത്തു കോടതിയിലൂടെ സഭയ്ക്ക് രണ്ടാം സമുദായക്കേസ് വിധിയുടെ ആനുകൂല്യങ്ങൾ പൂർണ്ണമായി നേടിയെടുക്കാമായിരുന്നു. സുപ്രീം കോടതി വിധി അപ്പാടെ നടത്തിക്കൊടുക്കുകയല്ലാതെ വിധിയെ വിശകലനം ചെയ്യുവാനോ വ്യാഖ്യാനിക്കുവാനോ വിധി നടത്തു കോടതിക്കധികാരമില്ല.

സഭയെ മുച്ചൂടും മുടിക്കുന്ന റിട്ട് ഹർജിയുമായി സഭാ നേതൃത്വം ഇറങ്ങിപ്പുറപ്പെട്ട സാഹചര്യം അന്വേഷണ വിധേയമാക്കേണ്ടതായിരിക്കുന്നു.

സഭാംഗങ്ങൾക്ക് ഇതേപ്പറ്റി അറിയുവാൻ അവകാശമുണ്ട്. ❑

# സഭയിൽ സാമ്പത്തിക അച്ചടക്കമുണ്ടാകണം

(നാലാം പേജിൽ നിന്നും)

തങ്ങളുടെ നിയന്ത്രണത്തിൽ തന്നെ നിൽക്കണം എന്ന് നിർബന്ധമുള്ളവരായിരുന്നു.

3. സഭാ നേതൃത്വം – വൈദീക– അൽമായ നേതൃത്വങ്ങൾ – ഇവിടെ കേവലം കാഴ്ചക്കാർ മാത്രം. ചില സ്ഥാപനങ്ങളിൽ സഭാനേതൃത്വത്തിന് പ്രവേശനം പോലും നിഷേധിക്കപ്പെട്ട സംഭവങ്ങൾ ഇതിനോടു കൂട്ടി വായിക്കുക.

4. സഭയുടെ ഒരു സംഘടന എന്ന നിലയിൽ ഗവൺമെന്റിന്റേയും മറ്റും പരിഗണനകളും ന്യൂനപക്ഷ സംഘടനകൾക്കുള്ള പരിരക്ഷയും എന്നതിനപ്പുറം സഭയോട് ഇവർക്ക് യാതൊരു പ്രതിബദ്ധതയും ഇല്ല.

സഭയൊന്നടങ്കം ഈ സ്ഥിതി വിശേഷത്തിനെതിരെ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു. ന്യൂനപക്ഷ സ്ഥാപനം എന്ന നിലയിലുള്ള പരിരക്ഷയും മറ്റും സഭയുടെ മേൽവിലാസത്തിൽ നേടിയശേഷം സർവ്വതന്ത്ര സ്വതന്ത്രമായി സ്ഥാപനങ്ങൾ നടത്തണം എന്ന ശാഠ്യത്തിന് തടയിടുക തന്നെ വേണം. എല്ലാ സി. ഷെഡ്യൂൾ സ്ഥാപനങ്ങളും എ ഷെഡ്യൂൾ സ്ഥാപനങ്ങളാകണം. സ്ഥാപക ഘട്ടങ്ങളിൽ ത്യാഗം സഹിച്ചവരെ അവഗണിക്കമെന്നല്ല ഇതിന്റെ അർത്ഥം. ഈ സ്ഥാപനങ്ങൾ തങ്ങളുടെ സ്വകാര്യ സാമ്രാജ്യങ്ങളാണെന്ന അഹന്ത ഇല്ലാതാവുകയും മാനേജിംഗ് കമ്മിറ്റിയുടെയും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെയും ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയമാവുകയും ചെയ്യാനുള്ള നീതിബോധം അവർക്കുണ്ടാകണം. സഭയുടെ മേൽവിലാസത്തിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങൾ സഭയുടെ നിയമാനുസൃത ഭരണസമിതികൾക്ക് കീഴ്വഴങ്ങി ത്തന്നെ പ്രവർത്തിക്കണം. ആവശ്യമുള്ള സന്ദർഭങ്ങളിൽ സഭയുടേതും അല്ലാത്തപ്പോൾ ചില കോക്കസുകളുടെയും എന്ന സ്ഥിതി അനുവദിച്ചു കൊടുത്തുകൂടാ.

* * *

വിമർശനങ്ങളുയർത്തുമ്പോഴും ദുഷിച്ച പ്രവർത്തനങ്ങൾ തുറന്നു കാട്ടുമ്പോഴും അഭി മുഖീകരിക്കാറുള്ള ഒരു ചോദ്യമുണ്ട്. "ഇതൊ ക്കെ സഭയ്ക്കു ദോഷം ചെയ്യില്ലേ?" അതിനുള്ള മറുപടിയാണ് ഈ അടിക്കുറിപ്പ്.

ഒരു മറുചോദ്യം ചോദിക്കട്ടെ: ഏതാണ് കൂടുതൽ ദോഷകരം? അഴിമതി, സാമ്പത്തിക അച്ചടക്കരാഹിത്യം, സാക്ഷ്യവിരുദ്ധമായ പ്രവർത്തികൾ എന്നിവയോ അവയ്ക്കെതിരെ ശബ്ദമുയർത്തുമ്പോഴുണ്ടായേക്കാവുന്ന സാങ്കല്പികമായ അഭിമാനക്ഷതമോ? തെറ്റായവ കാണുമ്പോൾ അവയെ തിരുത്താൻ ശ്രമിക്കുന്നത് തെറ്റും മേല്പറഞ്ഞവ നടത്തുന്നതു ശരിയും എന്ന തലതിരിഞ്ഞ നീതിബോധത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. വസ്തുതാപരമായോ താത്വികമായോ ഉള്ള ഞങ്ങളുടെ നിലപാടുകളിലോ പ്രസ്താവങ്ങളിലോ തെറ്റുകളുണ്ടെങ്കിൽ അത് പരിശോധനയ്ക്ക് വിധേയമാക്കുവാനുള്ള സന്നദ്ധതയും ആവർത്തിച്ച് പ്രഖ്യാപിക്കട്ടെ.

**ഓഫ് സൈഡ്-ഓഫ് സൈഡ്**

### പരിസ്ഥിതി ദൈവശാസ്ത്രം: പരുമല സ്റ്റൈൽ!!

സമീപകാലത്ത് സഭാ പ്രസിദ്ധീകരണങ്ങളിൽ വളരെയധികം പത്ര സ്ഥലം മിനക്കെടുത്തിയ ഒന്നാണ് പരിസ്ഥിതി ദൈവശാസ്ത്രം. വായിച്ചവർക്കും എഴുതിയവർക്കും മനസ്സിലായില്ലെങ്കിലും സംഗതി പൊടി പൊടിച്ചു.

പരിസ്ഥിതി ദൈവശാസ്ത്രത്തിന്റെ പ്രായോഗിക ഭാഗം കാണണമെങ്കിൽ പരുമല യിൽ ചെന്നാൽ മതി. പരിശുദ്ധന്റെ കബറിനു മുമ്പിൽ ദശാബ്ദങ്ങളോളം അനേകായിരങ്ങ ൾക്കു തണലും ഒരു കിലോഗ്രാമിലധികം തൂക്കമുള്ള മാങ്ങകളും നൽകി വന്ന ഒരു മാവിന്റെ അസ്ഥിപഞ്ജരമാണിന്നുള്ളത്.

പള്ളിമുറ്റത്തു പുതുതായി വിരിച്ച ടൈലുകളിൽ കാക്ക തൂറാതിരിക്കാൻ ഒരു മഹാൻ കണ്ടു പിടിച്ച മാർഗമാണത്രെ കമ്പിറക്കൽ. അതോടെ കാക്കയ്ക്കു കൂടുതൽ സൗകര്യമായി തണലും പോയി.

ഇപ്പോൾ മാവുവെട്ടി പകരം തണൽ മരം നടാനാണ ത്രെ പുതിയ പരിപാടി എങ്ങനുണ്ട് പരിസ്ഥിതി ദൈവ ശാസ്ത്രം.

# മണ്ണാറപ്രായിൽ കോറെപ്പിസ്ക്കോപ്പായുടെ സാമ്പത്തിക അഴിമതികൾ

**അൽമായവേദി ന്യൂസ് സർവ്വീസ്**

ജേക്കബ് മണ്ണാറപ്രായിൽ കോറെപ്പിസ്ക്കോപ്പാ തൃക്കുന്നത്ത് സെമിനാരി മാനേജരായിരിക്കുമ്പോൾ നടത്തിയ സാമ്പത്തിക അഴിമതികൾ കണ്ടുപിടിക്കപ്പെട്ടതിനെത്തുടർന്ന് അദ്ദേഹത്തെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുകയും പകരം മറ്റൊരു വൈദികനെ അവിടെ മാനേജരായി നിയമിക്കയും ചെയ്തത് എല്ലാവർക്കും അറിവുള്ള കാര്യമാണല്ലോ. ഇതേത്തുടർന്ന് മണ്ണാറപ്രായിൽ അച്ചൻ ടെലിവിഷൻ ഇന്റർവ്യൂവിലും മറ്റും അന്നത്തെ കാതോലിക്കാ ബാവായെയും അന്നത്തെ നിയുക്ത കാതോലിക്കായേയും നിശിതമായി വിമർശിച്ചതും എല്ലാവർരും കാണുകയും ചെയ്തു. ഇൻഡ്യാ വിഷൻ ന്യൂസ് ചാനലിൽ അദ്ദേഹം നടത്തിയ ഒരു പ്രസ്താവന ഇപ്രകാരമായിരുന്നു: "ഇന്ന് ഞാൻ ഓർത്തഡോക്സ് പക്ഷത്താണ്. നാളെ എന്തായിരിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല." അതിനുശേഷവും അദ്ദേഹം സഭയുടെ വിവിധ സമിതികളിലും മറ്റും പങ്കെടുത്തതിൽ നിന്നും ഇപ്പോഴും ഓർത്തഡോക്സ് സഭയിൽ തുടരുന്നുവെന്ന് ഊഹിക്കാം. ഈ സമിതികളിലൊന്നും അദ്ദേഹം ഓർത്തഡോക്സ് പക്ഷത്താണോ എന്ന് ആരും ചോദിക്കാഞ്ഞതെന്തെന്ന് അത്ഭുതപ്പെടുന്നവർ അനവധിയാണ്.

എന്നാൽ ഇക്കാലമത്രയും അദ്ദേഹം നടത്തിയ അഴിമതികളുടെ യഥാർത്ഥരൂപം പുറത്തു വന്നിരുന്നില്ല. താൻ നിരപരാധിയാണെന്നും പലരും ചേർന്ന് തന്നെ ബലിയാടാക്കുകയായിരുന്നു എന്നുമെല്ലാമവകാശപ്പെട്ട് അദ്ദേഹം മാധ്യമങ്ങളിലൂടെ പ്രചരണം നടത്തുകയുണ്ടായി. വിഘടിത പുത്തൻകുരിശു വിഭാഗത്തിനെതിരെയുള്ള സമരത്തിൽ നേരത്തെയുണ്ടായിരുന്ന രക്തസാക്ഷി പരിവേഷത്തിനു പുറമെ സ്വപക്ഷക്കാരിൽ നിന്നും പീഡനമേറ്റയാൾ എന്ന ഇരട്ട *സഹദാ* പരിവേഷത്തിൽ അദ്ദേഹം ശക്തമായ ഒരു തിരിച്ചുവരവിനുള്ള ഒരുക്കങ്ങൾ നടത്തുമ്പോൾ, അദ്ദേഹം നടത്തിയ അഴിമതികളുടെ ഇതുവരെ പുറത്തുവരാത്ത വിവരങ്ങൾ ഞങ്ങൾക്ക് ലഭിച്ചത് വായനക്കാരുമായി പങ്കുവയ്ക്കുന്നു.

വിവാഹങ്ങൾ നടക്കുമ്പോൾ വധൂവരന്മാരുടെ കുടുംബങ്ങൾ നൽകുന്ന പണം പല പേരിലാണ് ഇപ്പോൾ അറിയപ്പെടുന്നത്. മുമ്പ് പസാരമെന്ന് അറിയപ്പെട്ടിരുന്ന ഈ പള്ളി വരുമാനം തൃക്കുന്നത്തു സെമിനാരി പള്ളിക്കണക്കിൽ "വിവാഹം" എന്ന പേരിലാണ് വരവു വയ്ക്കുന്നത്. വൈദികർക്ക് ഇതിൽ ഒരു വിഹിതത്തിനും ഇപ്പോൾ അവകാശമില്ല. വൈദികർക്ക് ശമ്പളം എന്ന രീതി നിലവിൽ വന്നപ്പോൾ മുതൽ ഇത്തരം വിഹിതങ്ങൾ അനേക ദശാബ്ദങ്ങൾക്കു മുൻപേ നിർത്തലാക്കപ്പെട്ടു. എന്നാൽ മണ്ണാറപ്രായിൽ കോറെപ്പിസ്ക്കോപ്പാ തൃക്കുന്നത്തു സെമിനാരി ചാപ്പൽ വികാരിയായിരുന്ന കാലം മുഴുവൻ – അതായത് 2005 ൽ തൽസ്ഥാനത്തു നിന്നും നീക്കപ്പെടുന്നതുവരെ – "കെട്ടു പണം" എന്ന പേരിൽ വിവാഹം എന്ന കണക്കിലുള്ള പള്ളിവരുമാനത്തിന്റെ 50% കണക്കെഴുതി എടുത്തിട്ടുണ്ട്. ഓരോ ആണ്ടിലും ലക്ഷങ്ങൾ ഈയിനത്തിൽ അവിഹിതമായി കൈപ്പറ്റിയിട്ടുണ്ട്.

അദ്ദേഹം വൈദികട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിച്ചപ്പോൾ അതിന്റെ ചിലവിലേക്ക് പള്ളികണക്കിൽ നിന്നും പതിനായിരം രൂപ എഴുതി മാറ്റിയിട്ടുണ്ട്.

ടെലിവിഷൻ ചാനലുകാർക്കും മറ്റും പണം കൊടുത്തതും പള്ളിക്കണക്കിൽ തന്നെ. അതു കൂടാതെ പള്ളിയുടെ പണം സൗത്ത് ഇൻഡ്യൻ ബാങ്കിൽ ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചിരുന്നത് അദ്ദേഹത്തിന്റെയും പത്നിയുടെയും പേരിലാണ്. പിടിക്കപ്പെട്ടപ്പോൾ പത്നിയുടെ പേരു വെട്ടി പള്ളിസെക്രട്ടറി പി. സി. ജോണിന്റെ പേര് ചേർത്തു.

പള്ളിയുടെയും ഭദ്രാസനത്തിന്റെയും പണം ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചിരുന്നവയുടെ ഒരു രസീതു പോലും ഇതു വരെ ഒപ്പിട്ട് (ഡിസ്ചാർജ്ജ് ചെയ്ത്) ഇപ്പോഴത്തെ ചുമതലക്കാരെ ഏൽപ്പിച്ചിട്ടില്ല. അതിനാൽ യഥാർത്ഥത്തിൽ പണം കൈമാറ്റം നടന്നിട്ടില്ല.

അൽമായവേദിക്ക് കണ്ടെത്താനായത് ഹിമപർവ്വതത്തിന്റെ മുകളറ്റം മാത്രമാണെന്നും പർവ്വത സമാനമായ മറ്റഴിമതികൾ കണ്ടെത്തപ്പെട്ടിട്ടില്ലെന്നും അങ്കമാലി ഭദ്രാസനത്തിലെ ചിലർ പറയുന്നു.

ഈ വസ്തുതകൾ അറിഞ്ഞുകൊണ്ടാണോ അദ്ദേഹത്തെ ട്രൈബ്യൂണലിലേയ്ക്ക് മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുത്തതെന്നാണ് ഇപ്പോഴത്തെ ചോദ്യം.

# മേൽപ്പട്ടക്കാരന് ഉണ്ടായിരിക്കേണ്ട...

*(ഒന്നാം പേജിൽ നിന്നും)*

ഗോത്രങ്ങളുടെ പേരുകൾ തന്റെ ഹൃദയഭിത്തിക്കടുത്ത് സ്ഥാപിച്ചുകൊണ്ടായിരുന്നു മഹാപുരോഹിതനായ അഹറോൻ ദൈവമുമ്പാകെ പ്രാർത്ഥിച്ചിരുന്നത്. ഓരോ മെത്രാപ്പോലീത്തായും, തന്റെ ചുമതലയിലുള്ള ആളുകളെ തന്റെ പ്രാർത്ഥനയിൽ ഓർക്കണം. സ്വന്ത കാര്യത്തിനു വേണ്ടിയല്ല ഒരു മേൽപ്പട്ടക്കാരൻ പ്രാർത്ഥിക്കുന്നത്. സഭയുടെ, ഭദ്രാസനത്തിന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം പ്രാർത്ഥനയാണ്. ഇടവകയിലെ ഒരു മനുഷ്യൻ പോലും നശിച്ചു പോകാതിരിക്കുവാൻ മേൽപ്പട്ടക്കാരൻ പ്രാർത്ഥിക്കണം. തന്നെ വിമർശിക്കുന്നവർക്കുവേണ്ടി പോലും, തന്നെ എതിർക്കുന്നവർക്കുവേണ്ടി പോലും അദ്ദേഹം പ്രാർത്ഥിക്കണം. ദൈവം തന്നെ ഏൽപ്പിച്ചിട്ടുള്ള ജനങ്ങളെ മുഴുവനും തന്റെ ഹൃദയത്തിൽ വഹിച്ചുകൊണ്ടായിരിക്കണം ഒരു മെത്രാപ്പോലീത്താ പ്രാർത്ഥിക്കുവാൻ നിൽക്കേണ്ടത്.

**പ്രതീകം:** അഞ്ചാമത്തെ ഗുണം, ഒരു മേൽപ്പട്ടക്കാരൻ 'പ്രതീകം' ആണ് എന്നുള്ളതാണ്. 'പ്രതീകം' എന്നു പറഞ്ഞാൽ എന്താണെന്ന് അധികം പേർക്കും മനസ്സിലാവുകയില്ലെന്ന് തോന്നുന്നു. ഒരു വിധത്തിൽ കൂദാശ എന്നു പറയാം. ഇന്ന് ഇവരെ കൂദാശ ചെയ്യുകയാണ്. മേൽപ്പട്ടക്കാരായി കൂദാശ ചെയ്ത് ശുദ്ധീകരിക്കുകയാണ്. അങ്ങനെ ഇവർ ദൈവവാഹികളായിത്തീരുന്നു. അവർ ദൈവത്തിന്റെ 'പ്രതീകം' ആയി തീരുന്നു. .... മെത്രാപ്പോലീത്താ തന്റെ ഇടവകയിൽ കർത്താവിന്റെ പ്രതീകമാണ്. മനുഷ്യനായിത്തീർന്ന കർത്താവിന്റെ കാണപ്പെടുന്ന പ്രതീകമാണ് ഓരോ മെത്രാപ്പോലീത്തായും. വിശക്കുന്നവന് ഭക്ഷണം നൽകി; ദാഹിക്കുന്നവന് വെള്ളം നൽകി, കർത്താവിന്റെ പ്രതീകമായി ലോകത്തിൽ മെത്രാപ്പോലീത്താ കാണപ്പെടണം. ദൈവം ലോകത്തിൽ കാണപ്പെട്ടത് യേശുവിലൂടെയാണ്. യേശുവിനെ നോക്കിയവർ ദൈവത്തെ കണ്ടു. അതുപോലെ മെത്രാപ്പോലീത്തായിലൂടെ ലോകം ദൈവത്തെ കാണണം.

*(1985 മെയ് 15 നു മാവേലിക്കരയിൽ വച്ചു നടന്ന മേൽപട്ട സ്ഥാനാരോഹണ ശുശ്രൂഷാമദ്ധ്യേ ചെയ്ത പ്രസംഗം)*

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**

# കാതോലിക്കാ– മലങ്കര മെത്രാപ്പോലീത്താ സ്ഥാനസംയോജനം

**എം. കുര്യൻ തോമസ്**

1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചത്, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈകടത്തലും, ശീമക്കാരുടെ *മേല്പട്ട സ്ഥാനവും വി. മൂറോനും വെച്ചുള്ള വില പറച്ചിലും* അവസാനിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയായിരുന്നു. അന്ന് മലങ്കരയുടെ യഥാർത്ഥ ഭരണം മലങ്കര മെത്രാപ്പോലീത്തായ്ക്കായിരുന്നു. കാതോലിക്കേറ്റ് സ്ഥാപിച്ചതോടു കൂടി മലങ്കരസഭയിൽ ഒരു ഇരട്ട അധികാരകേന്ദ്രത്തിന്റെ പ്രശ്നം ആവിർഭവിച്ചു.

1653 വരെ കുറഞ്ഞത് എട്ടു നൂറ്റാണ്ടെങ്കിലും മലങ്കരസഭയുടെ യഥാർത്ഥ ഭരണാധികാരികൾ പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ പാരമ്പര്യപ്രകാരം വാഴിക്കപ്പെട്ട തദ്ദേശീയരായ അർക്കദിയാക്കോന്മാരായിരുന്നു. 1653-ൽ പകലോമറ്റം തോമ്മാ അർക്കദിയാക്കോനെ മാർത്തോമ്മാ പ്രഥമൻ എന്ന പേരിൽ എപ്പിസ്ക്കോപ്പായായി വാഴിച്ചപ്പോഴും 1814-ൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മാർ ദീവന്നാസ്യോസ് ദ്വിതീയൻ എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചപ്പോഴും മലങ്കരസഭയുടെ ഭരണാധികാരിക്ക് പട്ടത്വപരമായ സ്ഥാനക്കയറ്റം നൽകുകയാണുണ്ടായത്. 1912-ൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമൻ കാതോലിക്കാ ആയി വാഴിക്കപ്പെട്ടിരുന്നെങ്കിൽ അതൊരു സ്വാഭാവികമായ സ്ഥാനക്കയറ്റം മാത്രമാവുകയും, തദ്വാര ഇരട്ട അധികാരകേന്ദ്രത്തിന്റെ പ്രശ്നം ആവിർഭവിക്കാതിരിക്കുകയും ചെയ്തേനേ.

എന്നാൽ കണ്ടനാട് ഇടവകയുടെ മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ 1912-ൽ *ശ്ലീഹായ്ക്കടുത്ത കിഴക്കെ സിംഹാസനത്തിൽ* കാതോലിക്കായായി വാഴിച്ചതോടെ കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നിങ്ങനെ രണ്ടു അധികാരസ്ഥാനങ്ങൾ ഒരേസമയം സഭയിൽ നിലവിൽ വന്നു. കാനോനികമായി മലങ്കര മെത്രാപ്പോലീത്താ കാതോലിക്കായുടെ കീഴ്സ്ഥാനിയാണ്. മലങ്കരയിലാകട്ടെ സഭാഭരണം പൂർണമായും മലങ്കര മെത്രാപ്പോലീത്തായ്ക്കാണ്. അതോടൊപ്പം 1912-ൽ പ. അബ്ദൽ മ്ശീഹാ ദ്വിതീയൻ പാത്രിയർക്കീസ് നൽകിയ സ്ഥാത്തിക്കോനനുസരിച്ച് *മാർ ദീവന്നാസ്യോസ്* (മലങ്കര മെത്രാപ്പോലീത്താ) *അദ്ധ്യക്ഷനായിരിക്കുന്ന മലങ്കര അസോസിയേഷന്റെ* നിർദ്ദേശമനുസരിച്ചു മാത്രമാണ് കാതോലിക്കായ്ക്ക് സ്വന്തം സ്ഥാനത്തിനനുസരിച്ച കർമ്മങ്ങൾ – മേല്പട്ട സ്ഥാനാരോഹണവും, വി. മൂറോൻ കൂദാശയും – നടത്താൻ അനുവാദമുള്ളൂ.

ആദ്യത്തെ മൂന്നു കാതോലിക്കാമാരും വാഴിക്കപ്പെടുമ്പോൾ അവർ ഇടവക മെത്രാപ്പോലീത്താമാരായിരുന്നു. ആ രീതിയിൽ അവർ മലങ്കര മെത്രാപ്പോലീത്തായുടെ കീഴ്സ്ഥാനികളുമായിരുന്നു. 1912-ൽ പ്രഥമ കാതോലിക്കായ്ക്കു നൽകിയ സ്ഥാത്തിക്കോനിൽ അദ്ദേഹം കണ്ടനാടിന്റെ മെത്രാപ്പോലീത്തായായി തുടരുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ കാതോലിക്കാ ഒരേസമയം മേൽസ്ഥാനിയും കീഴ്സ്ഥാനിയുമാകുന്ന അവസ്ഥ സംജാതമായി.

സിദ്ധാന്തപരമായി ഇത്തരമൊരവസ്ഥ ക്രൈസ്തവലോകത്ത് നവീനമല്ല. ഹൂദായ കാനോൻ പ്രകാരം അന്ത്യോഖ്യൻ സഭയിൽ മൂന്നാം സ്ഥാനമുള്ള യേരുശലേം പാത്രിയർക്കീസ് ഭരണപരമായി കൈസറിയായിലെ മെത്രാപ്പോലീത്തായുടെ കീഴിലുള്ള ഒരു എപ്പിസ്ക്കോപ്പാ മാത്രമാണ്. എന്നാൽ പ്രായോഗിക തലത്തിൽ ഇതെത്ര മാത്രം ഫലപ്രദമായിരുന്നു എന്നറിയാൻ ഇന്ന് മാർഗ്ഗമൊന്നുമില്ല.

കാതോലിക്കായുടെ ഈ ദ്വന്ദമാന അവസ്ഥ പ. വട്ടശ്ശേരിൽ തിരുമേനിക്ക് അജ്ഞാതമായിരുന്നില്ല. കാതോലിക്കാ തന്റെ മേൽസ്ഥാനിയായിരുന്നെങ്കിലും ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ കാതോലിക്കാ തന്റെ കീഴ്സ്ഥാനിയുമാണെന്ന് അദ്ദേഹം കോടതിമൊഴിയിൽ അസന്നിഗ്ദമാംവിധം വ്യക്തമാക്കിയിരുന്നു. മേൽസ്ഥാനി കീഴ്സ്ഥാനം കൂടെ വഹിക്കുന്നതിൽ തെറ്റില്ല എന്നാണ് അദ്ദേഹം നൽകിയ വിശദീകരണം. റോമാപാപ്പാ വത്തിക്കാന്റെ വികാരി എന്നൊരു താഴ്ന്ന സ്ഥാനം കൂടി വഹിക്കുന്നുവെന്ന ഉദാഹരണവും അദ്ദേഹം കോടതിയിൽ ചൂണ്ടിക്കാട്ടി.

വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും ഈ രണ്ടു സ്ഥാനികൾ തമ്മിൽ സംഘർഷമുണ്ടാകാനുള്ള സാധ്യത നിലവിലുണ്ടായിരുന്നുവെന്ന് സമകാലിക ചരിത്രപണ്ഡിതർ ചൂണ്ടിക്കാട്ടുന്നുണ്ട്. എന്നാൽ അന്നു മലങ്കര മെത്രാപ്പോലീത്തായായിരുന്ന പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ വ്യക്തിപ്രഭാവം മൂലം തൽക്കാലം അത്തരമൊരു അവസ്ഥ ഒഴിവായി. സ്ഥാനാരോഹണശേഷം ഏഴു മാസത്തിനുള്ളിൽ കാലം ചെയ്ത ഒന്നാം കാതോലിക്കായും, ശാന്തനും മലങ്കര മെത്രാപ്പോലീത്തായുടെ ശിഷ്യനുമായ രണ്ടാം കാതോലിക്കായും തങ്ങളുടെ ഭരണകാലത്ത് പ്രശ്നങ്ങളൊന്നുമുണ്ടാക്കാതെ കടന്നുപോയി.

രണ്ടാം കാതോലിക്കായുടെ വാഴ്ചയോടെ മലങ്കരയിലെ കാതോലിക്കേറ്റ് ഒരു താൽക്കാലിക സംവിധാനം എന്നതല്ലാതായി മാറി. നിലനിൽക്കുന്നതും പിന്തുടർച്ചയുള്ളതുമായ ഒരു യാഥാർത്ഥ്യമായി കാതോലിക്കേറ്റ് മാറി എന്നതാണ് രണ്ടാം കാതോലിക്കാവാഴ്ചയുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള ഫലം. അതോടെ കാതോലിക്കേറ്റിന് കൃത്യമായ ഒരു വ്യക്തിത്വം നിർദ്ധാരണം ചെയ്യേണ്ടത് അത്യന്താപേക്ഷിതമായി. *കാതോലിക്ക ഭരിക്കുന്ന സഭ* എന്നൊരു സംവിധാനമാണ് മലങ്കരസഭയ്ക്കു മുമ്പോട്ടു വേണ്ടത് എന്ന തരത്തിലാണ് ഈ വ്യക്തിത്വ നിർദ്ധാരണം ചെന്നെത്തിയത്. കേസുകളിൽ കുടുങ്ങി കലാപകലുഷിതമായ അന്നത്തെ അവസ്ഥയിൽ വിവിധ കോടതിവിധികളിലൂടെ ഉറപ്പിക്കപ്പെട്ട മാർ ദീവന്നാസ്യോസിന്റെ മലങ്കര മെത്രാൻ സ്ഥാനം ഉപേക്ഷിക്കുക അസാദ്ധ്യമായിരുന്നു. അതേസമയം ഭാവിയിൽ മലങ്കര മെത്രാൻ – കാതോലിക്കാ സ്ഥാനങ്ങൾ തമ്മിൽ സംഘർഷമുണ്ടാകുമെന്ന് കൂർമ്മബുദ്ധിയായ മാർ ദീവന്നാസ്യോസിന് മനസ്സിലായി. തന്റെ ശിഷ്യനും ജഡപ്രകാരം ബന്ധുവുമായ മൂന്നാം കാതോലിക്കായുടെ ചില പ്രവർത്തനങ്ങൾ ഇപ്രകാരം ഒരു ധാരണ ഉണ്ടാകുവാൻ ഹേതുവായി എന്നു സൂചനകളുണ്ട്. തന്റെ രണ്ടു മുൻഗാമികളെപ്പോലെ കാതോലിക്കാസ്ഥാനവും കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ സ്ഥാനവും കൊണ്ട് തൃപ്തനാകാൻ മൂന്നാം കാതോലിക്കാ തയാറല്ലായിരുന്നു. നേരിട്ട് മാർ ദീവന്നാസ്യോസിനോട് ഇത് ആവശ്യപ്പെടാൻ അദ്ദേഹത്തിനു ഭയവുമായിരുന്നു. മെത്രാന്മാരുടെ മേലധികാരം കാതോലിക്കായ്ക്കു വേണമെന്നതായിരുന്നു മൂന്നാം കാതോലിക്കായുടെ ചുരുങ്ങിയ ആവശ്യം.

എപ്പിസ്കോപ്പൽ ഭരണസംവിധാനത്തിനെ പരിപൂർണ്ണമായി അനുകൂലിക്കുന്ന വ്യക്തിയായിരുന്നെങ്കിലും ഈ വാദം അംഗീകരിക്കാൻ മാർ ദീവന്നാസ്യോസ് തയാറായില്ല. അധികാരം കാതോലിക്കായ്ക്ക് തനിച്ചുള്ളതല്ലെന്നും അത് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സംയുക്ത അധികാരത്തിലും ഉത്തരവാദത്തിലുമുള്ളത് – *സിനോഡിക്കൽ* – ആണെന്ന പൗരസ്ത്യ സഭാശാസ്ത്രമായിരുന്നു മാർ ദീവന്നാസ്യോസിന്റെ അഭിപ്രായം.

മൂന്നാം കാതോലിക്കായുടെ വാദം അംഗീകരിക്കുന്നതിൽ മറ്റൊരപകടവും പതിയിരിക്കുന്നുണ്ടായിരുന്നു. കോടതിവിധികളിലൂടെ സ്ഥാപിച്ചെടുത്ത മലങ്കരസഭയുടെ പുരാതന പാരമ്പര്യമനുസരിച്ച്, മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള മലങ്കര അസോസിയേഷനാണ് മലങ്കരസഭയുടെ പരമാധികാരി. 1912-ൽ ഒന്നാം കാതോലിക്കായ്ക്കു നൽകിയ സ്ഥാത്തിക്കോനിലും ഇതു വ്യക്തമാക്കുന്നുണ്ട്. കാതോലിക്കാ ആവശ്യപ്പെട്ട എപ്പിസ്ക്കോപ്പാമാരുടെ മേലധികാരം മൂലം, കാതോലിക്കായ്ക്ക് മലങ്കര മെത്രാപ്പോലീത്തായടക്കമുള്ള മെത്രാന്മാരുടെ മേൽ അപരിമിതമായ അധികാരം കൈവരും. ഇത്തരമൊരു അവസ്ഥയിൽ ഏതെങ്കിലും കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും തമ്മിൽ ഭിന്നത ഉണ്ടായാൽ അതിന്റെ പ്രത്യാഘാതം അതീവ ഗുരുതരമായ അവസ്ഥ സൃഷ്ടിക്കുമായിരുന്നു. മാർ ദീവന്നാസ്യോസിനെ *നേരെ നോക്കുവാൻ ഭയപ്പെട്ടിരുന്ന* മാർ ഗീവർഗീസ് ദ്വിതീയൻ ബാവാ തന്നെ മുറുമുറുക്കാൻ തുടങ്ങിയതോടെ ഇത്തരമൊരവസ്ഥ സമീപ ഭാവിയിൽ–ഒരുപക്ഷേ തന്റെ കാലം കഴിഞ്ഞാൽ ഉടൻ–ഉണ്ടാകാമെന്നുള്ളത് മാർ ദീവന്നാസ്യോസിന് വ്യക്തമായിരുന്നു.

(തുടരും)

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.

**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam (Ph: 0481 - 3255054, 99471 20697) and published from Kottayam. Editor: Philipose Pottakkavayalil